കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2017 ജനുവരി
വില ₹15



## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചില പുസ്തകങ്ങൾ

**പൂച്ചക്കുട്ടികളുടെ വീട്**
ടി പദ്മനാഭൻ
50രൂപ

**മഹാഭാരതം**
സുഗതകുമാരി
650രൂപ

**വായനശാല**
സക്കറിയ
50രൂപ

**ദിയാഗൊ കോളൻ**
പി വത്സല
60രൂപ

**മുട്ട ഇടുന്ന ആന**
എം മുകുന്ദൻ
50രൂപ

**മഴമന്ദഹാസങ്ങൾ**
കെ ആർ മീര
40രൂപ

**രാമായണം**
ഡോ. എൻ വി പി ഉണിത്തിരി
600രൂപ

**പൂക്കൾ വിടർന്ന നട്ടുച്ചനേരം**
യു എ ഖാദർ
45രൂപ

**കുട്ടിപ്പട്ടാളത്തിന്റെ കേരളപര്യടനം**
എൻ പി ഹാഫിസ് മുഹമ്മദ്
170രൂപ

**ആഷിക് പുലി**
സാറാ ജോസഫ്
55രൂപ

പുസ്തകങ്ങൾ തിരുവനന്തപുരം പാളയം സംസ്കൃതകോളേജ് കാമ്പസിലെ പുസ്തകശാലയിൽ ലഭ്യമാണ്. ഡിഡി/മണിയോർഡർ ആയി പണമയച്ചാൽ കൊറിയറിലും പുസ്തകം ലഭിക്കും. വിശദവിവരത്തിന് എഴുതുക.

**സെയിൽസ് വിഭാഗം**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്
തിരുവനന്തപുരം 34 ഫോൺ: 0471 2327276
email: sales@ksicl.org

## തളിര് വരിക്കാരാകാൻ

160രൂപയാണ് തളിരിന്റെ വാർഷികവരിസംഖ്യ. ഒറ്റപ്രതി 15രൂപ. വരിക്കാരാവാൻ 160രൂപ ഡിഡിയോ മണിയോർഡറോ ആയി

**എഡിറ്റർ**
**തളിര്**
**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**സംസ്കൃതകോളേജ് കാമ്പസ്**
**പാളയം, തിരുവനന്തപുരം 34**

എന്ന വിലാസത്തിൽ അയയ്ക്കാം. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസിൽ നേരിട്ടു വന്നും വാർഷികവരിക്കാരാവാം. പത്തുതളിരോ അതിൽക്കൂടുതലോ എടുക്കുന്ന സ്കൂളുകൾക്ക് ഒരുമിച്ചു പണമടക്കുമ്പോൾ 150രൂപ വീതം അടച്ചാൽ മതിയാകും. അതായത് 10തളിരിന് 1500രൂപ മാത്രം. ഇങ്ങനെയുള്ള സ്കൂളുകൾക്ക് 'തളിര് വായനാമത്സര'ത്തിൽ പങ്കെടുക്കാനുള്ള അർഹത ഉണ്ടായിരിക്കും. സംശയങ്ങൾ thaliru@ksicl.org എന്ന ഇ-മെയിലിൽ ചോദിക്കാവുന്നതാണ്.

# തളിര്

പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്കായുള്ള പ്രസിദ്ധീകരണം

ജനുവരി 2017
വില ₹15
വാർഷികവരിസംഖ്യ ₹160

## ഉള്ളടക്കം

## പുതുവർഷാഘോഷം- പുതുമയും പഴമയും

6

**സിന്ധു സാജൻ**




പുതുവർഷത്തോടനുബന്ധിച്ച് വിചിത്രവും രസകരവുമായ ആഘോഷങ്ങളും ആചാരങ്ങളും ഇന്നും ലോകത്തിന്റെ വിവിധ കോണുകളിൽ നിലനിൽക്കുന്നു. അത്തരം ആഘോഷങ്ങളെ പരിചയപ്പെടുത്തുകയാണ് ഈ ഫീച്ചർ.

## ഒരു ചെറുകുട്ടി തനിച്ച്

**വി എം ഗിരിജ**



20

വിക്ടർ യൂഗോയുടെ 'പാവങ്ങളി'ൽ നിന്നും എടുത്ത ഒരു ഭാഗത്തിന്റെ മനോഹരമായ കാവ്യാവിഷ്കാരം.

## ചക്കരപ്പൊട്ടൻ

**ഗ്രേസി**

30

ഉണ്ണിക്കുടവയറും തടിച്ചു കുറുകിയ വിരലുകളും മുഴുത്ത ചക്കരയുണ്ട പോലുള്ള തലയുമുള്ള കുട്ടിരാമൻ ചക്കരപ്പൊട്ടനായ കഥ.



മുൻമൊഴി ....4
ആനക്കാര്യം....5
രാജീവ് എൻ ടി
കവിതാപരിചയം....13
വൈലോപ്പിള്ളി ശ്രീധരമേനോൻ
കുപ്പിവളകൾ....14
സാറാതോമസ്
ചിക്കാഗോയിൽ ഒരു സൂര്യതേജസ്സ്....17
രാധികാദേവി റ്റി ആർ
കടപയാദി....22
പള്ളിയറ ശ്രീധരൻ
മണൽവണ്ടികൾ ....23
കാപ്പിൽ ഗോപിനാഥൻ
ഉല്ലാസയാത്രയും ഇത്തിരിക്കണ്ണീരും....24
ചന്ദ്രമതി
സ്കൂളറിവ്....32
സ്കൂൾഡേയ്സ്....33
രാജീവ് എൻ ടി
ഇതാ, ഇതാണു വിജയത്തിലേക്കുള്ള വഴി ....34
സിപ്പി പള്ളിപ്പുറം
കാട്....37
പി കെ ശങ്കരൻകുട്ടി
വിസ്മയക്കോട്ടയിലൊരു ഗ്രന്ഥപ്പുര....38
ഡോ. രാധിക സി നായർ
ഡൽഹിയിലെ ചെങ്കോട്ട....41
കെ യതീന്ദ്രനാഥൻ
മഹാഭാരതം....44
സുഗതകുമാരി
ഉണ്ടാക്കാം....47
അരവിന്ദ് ഗുപ്ത
ഇളംതളിര്....48

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

കവർ & ആർട്ട്
**അരുണ ആലഞ്ചേരി**

ലേഔട്ട്
**വിഷ്ണു പി എസ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org, director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org



വര: സചീന്ദ്രൻ കാറഡുക്ക



പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

പുതിയ വർഷത്തെ എതിരേൽക്കുന്നത് ഒരു പ്രാർഥനയോടെയാവട്ടെ.

വരൾച്ചയുടെ വർഷമായിരിക്കുമിതെന്ന് കാലാവസ്ഥാപ്രവചനം. ലോകവ്യാപകമായി സംഭവിക്കുന്ന കാലാവസ്ഥാമാറ്റം മാത്രമല്ല മനുഷ്യനിർമിതമായ ആപത്തുകളും ഇതിനു കാരണമാണ്. ഒരു വർഷം മഴപെയ്തില്ലെങ്കിലും മലയാളിക്ക് പേടിക്കാനൊന്നുമില്ലായിരുന്നു. വറ്റാത്ത കിണറുകൾ ആയിരക്കണക്കിന്. വടക്കൻമേഖലകളിലെ ചെങ്കൽക്കുന്നുകളിലാകട്ടെ 'സുരംഗ'ങ്ങളെന്നു വിളിക്കുന്ന വറ്റാത്ത ഉറവകൾ. നൂറുനൂറു കുളങ്ങൾ, തെളിഞ്ഞൊഴുകുന്ന നാല്പത്തിനാലു നദികൾ. മഴ കുറച്ചുകാലം പറ്റിച്ചാലും നമുക്കെന്ത് എന്നായിരുന്നു നമ്മുടെ ചങ്കൂറ്റം. വയലുകളും കായലുകളും തോടുകളും ചിറകളും ഉറവകളും നിറഞ്ഞു കുളുർത്ത പച്ചിച്ച ഈ സൗഭാഗ്യപൂർണമായ നാട് ഇന്നിതാ കുടിവെള്ളത്തിനായി നെട്ടോട്ടമോടുന്നു. ഇരുപതുരൂപാ കൊടുത്തു പച്ചവെള്ളം വാങ്ങിക്കുടിക്കുവാൻ എത്രപേർക്കുകഴിയും? നമ്മുടെ പശുക്കൾക്കോ? ചങ്ങലക്കെട്ടിലിട്ടിരിക്കുന്ന നൂറുനൂറാനകൾക്കോ? അലഞ്ഞുനടന്നു ചെന്നായ്ക്കളായി മാറുന്ന


നമ്മുടെ നായ്ക്കൾക്കോ? കിളികൾക്കോ? ചെടികൾക്കോ?....

മഴ പെയ്തേ തീരൂ. അതിന് എളുപ്പവഴിയൊന്നുമില്ല, ഇപ്പോൾ ഉള്ള വെള്ളത്തെ മാലിന്യമുക്തമാക്കിയെടുക്കുക എന്നതല്ലാതെ. നാട്ടിലെങ്ങും വയലുകളെയും കുളങ്ങളെയും പുനർജീവിപ്പിക്കുക, നാടെങ്ങും പച്ചപിടിപ്പിക്കുക, മലകളിടിക്കാതെയും തണ്ണീർത്തടങ്ങൾ തകർക്കാതെയും എവിടെ വെള്ളമൊഴുകുന്നതു കണ്ടാലും അവിടെ മാലിന്യം കൊണ്ടു നിക്ഷേപിക്കാതെയും ആവുന്നിടത്തോളം വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു തണലൊരുക്കിയും ഈ ഭൂമിയെ രക്ഷിക്കുക. മറ്റൊരു വഴിയുമില്ല. ഇതിൽ നിങ്ങൾക്കെന്തു പങ്ക്! ആലോചിക്കേണ്ട കാര്യമാണത്. പ്രതിവിധിയെന്തെങ്കിലും തോന്നുന്നുവെങ്കിൽ എഴുതി അയയ്ക്കുക. അച്ഛനമ്മമാരോടോ അധ്യാപകരോടോ ഉത്തരം തേടുന്നതും നന്ന്. അതീവഗുരുതരമായ ഈ വിഷയം കുട്ടികളുടെ മനസ്സിൽ ചോദ്യങ്ങളുയർത്തട്ടെ...

പുതിയ വർഷം വരൾച്ചയുടേതാകാതിരിക്കട്ടെ. നമുക്കു പ്രാർഥിക്കാം. നാളെ നിങ്ങളുടെ കൈകൾകൊണ്ട് ഈ നാടിനു തണലും നനവും ഭക്ഷ്യസമൃദ്ധിയുമുണ്ടാക്കുമെന്ന് പ്രതിജ്ഞ ചെയ്യാം... നന്നായി വരട്ടെ...

സ്നേഹത്തോടെ,
**സുഗതകുമാരി**

**മലയാളിക്ക് പേടിക്കാനൊന്നുമില്ലായിരുന്നു. വറ്റാത്ത കിണറുകൾ ആയിരക്കണക്കിന്. വടക്കൻമേഖലകളിലെ ചെങ്കൽക്കുന്നുകളിലാകട്ടെ 'സുരംഗ'ങ്ങളെന്നു വിളിക്കുന്ന വറ്റാത്ത ഉറവകൾ. നൂറുനൂറു കുളങ്ങൾ, തെളിഞ്ഞൊഴുകുന്ന നാല്പത്തിനാലു നദികൾ. പക്ഷേ സൗഭാഗ്യപൂർണമായ ഈ നാട് ഇന്നിതാ കുടിവെള്ളത്തിനായി നെട്ടോട്ടമോടുന്നു. ഇരുപതുരൂപാ കൊടുത്തു പച്ചവെള്ളം വാങ്ങിക്കുടിക്കുവാൻ എത്രപേർക്കു കഴിയും?**



# പുതുവർഷാഘോഷം പുതുമയും പഴമയും

സിന്ധു സാജൻ




പുത്തൻപ്രതീക്ഷകളും വാഗ്ദാനങ്ങളുമായി വീണ്ടും ഒരു പുതുവർഷംകൂടി. പോയകാലത്തെ അശുഭകരമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും തെറ്റുകൾ തിരുത്തി മുന്നോട്ടുപോകാനും ഈ സമയത്തു നാം പ്രത്യേക നിഷ്കർഷ പുലർത്താറുണ്ടല്ലോ.

പല രാജ്യങ്ങൾക്കും ജനവിഭാഗങ്ങൾക്കും തങ്ങളുടേതായ പുതുവർഷദിനങ്ങളും പരമ്പരാഗത ആഘോഷരീതികളും വിശ്വാസങ്ങളുമുണ്ട്. എന്നിരുന്നാലും ഡിസംബർ 31 അർധരാത്രിയോടെ അവസാനിക്കുകയും 12 മണിയോടെ പുലരുകയും ചെയ്യുന്ന ജനുവരി 1-ാം തീയതിയാണ് നാം പൊതുവേ പുതുവർഷദിനമായി ആഘോഷിക്കുന്നത്. ഗ്രിഗോറിയൻ കലണ്ടറാണ് ഇതിന് ആധാരം. പല രാജ്യങ്ങൾക്കും പുതുവർഷദിനം ദേശീയ അവധിദിനം കൂടിയാണ്.


ലോകം നിരന്തരമായ മാറ്റങ്ങൾക്കും നൂതനമായ കണ്ടുപിടുത്തങ്ങൾക്കും അതിവേഗം വഴങ്ങിക്കൊണ്ടിരിക്കുകയാണെങ്കിലും പരമ്പരാഗതമായ ആഘോഷങ്ങളും ആചാരങ്ങളും മുറുകെ പിടിക്കുന്നതിൽ അതീവജാഗ്രത പുലർത്തുന്നവർ കൂടിയാണ് മനുഷ്യർ.

വിചിത്രവും രസകരവുമായ പരമ്പരാഗത ആചാരങ്ങൾ ലോകത്തിന്റെ വിവിധ കോണുകളിലെ രാജ്യങ്ങൾ ഇന്നും തുടരുന്നു. വ്യത്യസ്തങ്ങളായ പുതുവർഷാഘോഷങ്ങൾക്ക് ഏറെ പുതുമയുണ്ട് നമ്മെ സംബന്ധിച്ചിടത്തോളം.



### ഫിലിപ്പൈൻസ്

പുതുവർഷദിനത്തിൽ ഫിലിപ്പൈൻസുകാർ 'പോൾക്ക ഡോട്ട്സ്' ഉള്ള വസ്ത്രങ്ങൾ ധരിക്കുന്നു. സമ്പൽസമൃദ്ധിയെ സൂചിപ്പിക്കുന്നതിനാണ് ഈ ദിനത്തിൽ വൃത്താകൃതിയിലുള്ള വസ്തുക്കൾക്ക് പ്രാധാന്യം നൽകുന്നത്. അതിനാൽ ഓറഞ്ച്, മുന്തിരി തുടങ്ങി വൃത്താകൃതിയിലുള്ള പഴങ്ങൾ കഴിക്കാൻ പുതുവത്സരത്തിൽ പ്രത്യേകം ശ്രദ്ധിക്കാറുണ്ടത്രേ!






## ചൈന

ന്യൂ ഇയർ ദിനത്തിൽ ചൈനയിലെത്തിയാൽ നിങ്ങൾ ഏറ്റവുമധികം കേൾക്കുക 'ഗുങ് ഹെ ഫാറ്റ് ചോയ്' എന്നാവും. ഹാപ്പി ന്യൂ ഇയർ എന്നർഥം വരുന്ന ചൈനീസ്പദമാണിത്. ചൈനയിലെ പുതുവർഷാഘോഷം ഒരു മാസത്തോളം നീണ്ടുനിൽക്കും. സ്പ്രിങ് ഫെസ്റ്റിവൽ എന്നാണ് ഇതറിയപ്പെടുന്നത്. ആഘോഷങ്ങളുടെ അവസാനദിനം 'ലാന്റേൺ ഫെസ്റ്റിവൽ' എന്നറിയപ്പെടുന്നു.

ചൈനയിലെ പുതുവർഷത്തിന് അത്യപൂർവമായ ചരിത്രമുണ്ട്. മനുഷ്യനെ ജീവനോടെ വിഴുങ്ങുന്ന രാക്ഷസനാണത്രേ നിയാൻ(Nian). ചുവന്ന നിറവും വലിയ ശബ്ദവുമാണ് ഈ രാക്ഷസനെ അകറ്റാനുള്ള ഏകപോംവഴി. അതിനാൽ പുതുവർഷദിനത്തിൽ ആളുകൾ ചുവന്ന വസ്ത്രങ്ങളണിയുകയും വലിയ ശബ്ദത്തിൽ പടക്കം പൊട്ടിക്കുകയും ചെയ്യും!

ഓരോ ദിനവും ഓരോ ആചാരങ്ങളോടെയാണ് ആഘോഷങ്ങൾ.

ഒന്നാംദിനം ദൈവങ്ങൾക്ക്, രണ്ടാംദിനം നായകൾക്കുവേണ്ടി (നായകളെ പരിപാലിക്കുന്നതിൽ സദാതത്പരരും നിഷ്ഠയുള്ളവരുമാണ് ചൈനീസ് ജനത.), മൂന്നാംദിനം അമ്മായിയമ്മമാരെ പരിചരിക്കാനും 5-ാം ദിനം പ്രാർഥനയ്ക്കുള്ളതുമാണ്. 7-ാം ദിനം കർഷകർക്കായി നീക്കിവച്ചിരിക്കുന്നു.

15-ാം ദിനത്തിലാണ് 'വിളക്കുത്സവം' (Lantern festival) നടത്തുന്നത്. രാത്രി ദൈവത്തെ കാണുന്നതിനായി ഓരോരുത്തരും കടലാസുകൊണ്ട് വിളക്കുകളുണ്ടാക്കും. വർണശബളമായ വിളക്കുകൾ ഇന്നു മാർക്കറ്റിൽ സുലഭമാണ്.



## സ്കോട്ട്ലാൻഡ്

സ്കോട്ട്ലാൻഡിലെ പുതുവർഷാഘോഷങ്ങൾ ഹോഗ്മാനെ ( Hogmanay) എന്നാണറിയപ്പെടുന്നത്.

കർഷകർ തീ നിറച്ച വീപ്പയുമായി വീടുകൾ തോറും കയറിയിറങ്ങും. ഓരോ കുടുംബവും ഈ വീപ്പയിൽനിന്നു തീ ശേഖരിക്കും. ഭാഗ്യം കൈവരുന്നതിനായി നടത്തുന്ന ഈ ചടങ്ങിന് ക്ലേവി (Clavie) എന്നാണു പേര്!

സ്കോട്ട്ലാൻഡുകാർക്ക് ശുചിത്വം പരമപ്രധാനമാണ്. ശുചിത്വമില്ലാത്ത വീടുകളിലേക്കു പുതുവർഷത്തെ വരവേൽക്കുന്നത് ആപത്തു വരുത്തുമെന്നാണ് വിശ്വാസം.

മറ്റൊരു വിചിത്രമായ പരമ്പരാഗത ആചാരവും ഇവർ കാത്തുസൂക്ഷിക്കുന്നുണ്ട്.

പാതിരാമണിയടിക്കുമ്പോൾ കുടുംബത്തിലേക്ക് ആദ്യം കടന്നുവരുന്ന അതിഥിക്കായി സ്കോട്ടുലാൻഡുകാർ കാത്തിരിക്കും. ഓരോ വീടുകളുടെയും പിൻവാതിൽ ഈ അതിഥിക്കായി തുറന്നുവയ്ക്കുന്നു. സുമുഖനും കറുത്തു തിളങ്ങുന്ന മുടിയോടുകൂടിയ ചെറുപ്പക്കാരനുമാകണം ഈ അതിഥി എന്ന നിഷ്കർഷയുമുണ്ട്. ചുവന്ന മുടിയുള്ളവർ ഈ സമയത്തു വീട്ടിൽ പ്രവേശിക്കുന്നത് ശുഭകരമാണ്. പണം, അപ്പം, തീ, ഉപ്പ് എന്നിവയുമായിട്ടാവും അതിഥിയുടെ വരവ്.

പണം സാമ്പത്തികസുരക്ഷയും അപ്പം ഭക്ഷ്യസുരക്ഷയും പ്രതിനിധാനം ചെയ്യുന്നു. കുടുംബത്തിന്റെ ഊഷ്മളതയുടെ പ്രതീകമാണ് തീ. ഉപ്പ് സമൃദ്ധിയെ സൂചിപ്പിക്കുന്നു.



ഫോട്ടോ: John Lord



ഫോട്ടോ: RCarlos Adampol Galindo

## ഇക്വഡോർ


ഇക്വഡോറിൽ പുതുവർഷദിനം അല്പം കൂടി രസകരമായി ആഘോഷിക്കുന്നു. രാഷ്ട്രീയക്കാരുടെയും തങ്ങൾക്ക് അപ്രിയരായ വ്യക്തികളുടെയും കോലം കത്തിച്ചുകൊണ്ടാണ് ഇവർ പുതിയ വർഷത്തെ സ്വാഗതം ചെയ്യുന്നത്. പോയവർഷത്തിന്റെ പ്രതിലോമകരമായ ഊർജവും ചിന്തയും എരിച്ചു കളയുന്നതിന് ഇതു സഹായകരമാകുമെന്നാണ് ഇക്വഡോർ ജനതയുടെ വിശ്വാസം.

സമ്പൽസമൃദ്ധിക്കായി വീടിനു പുറത്തു പണം ഒളിപ്പിച്ചുവയ്ക്കുന്ന പതിവും ഉണ്ട്.

## ഡെൻമാർക്ക്

ഡെൻമാർക്കിലെ പുതുവർഷാഘോഷം അല്പം വിചിത്രവും രസകരവുമാണ്.

പ്രിയപ്പെട്ടവരോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നതിനായി അവരുടെ വീടിനു നേർക്ക് പ്ലേറ്റുകളും ഗ്ലാസുകളും വലിച്ചെറിയുന്നതാണ് പരമ്പരാഗതമായ ആചാരം. പാതിരയ്ക്ക് ക്ലോക്ക് 12 അടിക്കുമ്പോൾ ഡെൻമാർക്കുകാർ കസേരയുടെ മുകളിൽ കയറിനിന്നു തുള്ളിച്ചാടണം! പുതുവർഷം നിറയെ ഭാഗ്യം പ്രദാനം ചെയ്യുന്നതിനുള്ള ആചാരമത്രേ ഇത്.



## കൊളംബിയ

കൊളംബിയക്കാർ ഹാപ്പി ന്യൂ ഇയർ എന്നതിന് ഫെലിസ് ആനോ (Feliz Ano) എന്നാണു പറയുന്നത്.

കൊളംബിയയിലും വിചിത്രങ്ങളായ പരമ്പരാഗത ആചാരങ്ങളാണ് പുതുവർഷാഘോഷത്തിനുള്ളത്.

പുതുവർഷത്തിൽ രാത്രി ക്ലോക്ക് 12 അടിക്കുമ്പോൾ 12 മുന്തിരി കഴിക്കണം. ഓരോ മുന്തിരിയും പുതിയ വർഷത്തിലെ ഓരോ മാസങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഓരോ മാസത്തിലും നടക്കേണ്ടതായ ഓരോ ആഗ്രഹങ്ങൾ മനസ്സിലോർത്തുകൊണ്ടുവേണം ഓരോ മുന്തിരിയും കഴിക്കാൻ. ഇങ്ങനെ പുതുവർഷത്തിന്റെ ഒന്നാം മിനിറ്റിൽത്തന്നെ 12 മുന്തിരിയും കഴിക്കാനായാൽ ആഗ്രഹങ്ങ



ളെല്ലാം നടക്കുമെന്നാണ് കൊളംബിയക്കാരുടെ വിശ്വാസം.

പുതുവർഷം ആരംഭിക്കുന്ന നിമിഷം മഞ്ഞ നിറത്തിലുള്ള അടിവസ്ത്രം ധരിക്കുന്നത് ശുഭസൂചകമത്രേ! കൂടുതൽ ഭാഗ്യം വേണ്ടവർക്ക് അടിവസ്ത്രം മറിച്ച് ധരിക്കാമെന്ന വിചിത്രമായ വിശ്വാസവും ഇവിടെ ഉണ്ട്. ധാരാളം പണവും സമ്പൽസമൃദ്ധിയും കൈവരാനാണിത്.

ഭക്ഷ്യസമൃദ്ധിക്കായി തീൻമേശയിൽ ഗോതമ്പിന്റെ 12 കതിരുകൾ വയ്ക്കുന്ന പതിവുമുണ്ട്. പുതുവർഷം പുലരുമ്പോൾ സ്യൂട്ട്കേസുമായി വീടിനുചുറ്റും ഓടും കൊളംബിയക്കാർ. വർഷം മുഴുവൻ നല്ല യാത്രാനുഭവം ലഭിക്കാനാണത്രേ ഇങ്ങനെ ചെയ്യുന്നത്. ക്ലോക്കിൽ പന്ത്രണ്ടടിക്കുമ്പോൾ വലതുകാൽ വച്ച് മുന്നോട്ടു നീങ്ങണമെന്നതും ആചാരമാണ്. പുതുവർഷത്തിൽ ഉചിതമായ തീരുമാനങ്ങളെടുക്കാൻ ഇതു സഹായിക്കുമെന്നും ഇവർ കരുതുന്നു.

## കംബോഡിയ

ബുദ്ധമതാനുയായികൾ കൂടുതലുള്ള കംബോഡിയയിലെ പുതുവർഷാചാരങ്ങളും വിഭിന്നമാണ്. ക്ഷേത്രമുറ്റത്ത് മണൽക്കൂമ്പാരമുണ്ടാക്കി അഞ്ചു പതാകകൾകൊണ്ട് അലങ്കരിക്കുന്നതാണ് പ്രധാന ചടങ്ങ്. മണൽക്കൂമ്പാരവും പതാകകളും ബുദ്ധനെയും അഞ്ചു ശിഷ്യരെയും സൂചിപ്പിക്കുന്നു.

പുതുവർഷപ്പുലരിയിൽ വിശുദ്ധജലം പ്രിയപ്പെട്ടവർ പരസ്പരം മുഖത്തേക്കു തെറിപ്പിക്കുന്നത് പാവനമായ ചടങ്ങായി കാണുന്നു. ഉച്ചയ്ക്കു നെഞ്ചിലും രാത്രി പാദങ്ങളിലും ഈ വിശുദ്ധജലം തളിക്കുന്നു. ജീവിതത്തിന്റെ ഊഷ്മളതയും വർണശബളിമയും വ്യക്തമാക്കുന്നതിന് നിറമുള്ള ജലവും നിറം ചേർത്ത പൗഡറും പരസ്പരം വാരിയെറിയുന്നു.

മൂന്നുദിവസത്തെ ആഘോഷത്തിൽ ഒന്നാംദിനം മാലാഖമാരെ ഭൂമിയിലേക്കു സ്വാഗതം ചെയ്യുന്നതിനുള്ളതാണ്. വീടും പരിസരവും വൃത്തിയാക്കി ബുദ്ധപ്രതിമകൾ സ്ഥാപിക്കുന്നു. വീടുകളിൽ വിഭവസമൃദ്ധമായ ഭക്ഷണം തയ്യാറാക്കി ആരാധനാലയങ്ങളിലെത്തിക്കുന്ന ചടങ്ങുമുണ്ട്. ബുദ്ധസന്ന്യാസിമാർക്കും ക്ഷേത്രപുരോഹിതന്മാർക്കുമുള്ളതാണ് ഇത്.

രണ്ടാംദിനം ദാനധർമങ്ങൾക്കുള്ളതാണ്. പ്രിയപ്പെട്ടവർക്കു സമ്മാനങ്ങളേകുകയും ചെയ്യും. മൂന്നാംദിനത്തിൽ വീടുകളിലും ക്ഷേത്രങ്ങളിലും ബുദ്ധവിഗ്രഹങ്ങൾ സുഗന്ധലേപനങ്ങൽ പുരട്ടി ശുദ്ധിയാക്കും. വർഷം മുഴുവൻ നല്ല മഴ ലഭിക്കുന്നതിനാണിത്. കുട്ടികൾ മുതിർന്നവരുടെ കാലുകഴുകി അനുഗ്രഹം വാങ്ങും. തുടർന്ന് ആഘോഷവേള.


ഫോട്ടോ: Rdghalayini



## സൗത്ത് ആഫ്രിക്ക

സൗത്ത് ആഫ്രിക്കയിൽ പുതുവർഷത്തിന്റെ ആഘോഷങ്ങൾ പ്രധാനമായും നടക്കുന്നത് തലസ്ഥാനമായ ജോഹന്നാസ് ബർഗിലാണ്. എന്നാൽ പുതുവർഷദിനം നഗരത്തിലൂടെ നടക്കുന്നവർക്ക് ചിലപ്പോൾ ടി വിയോ റേഡിയോയോ കൊണ്ടുള്ള ഏറുകിട്ടിയേക്കാം. പഴയ വീട്ടുപകരണങ്ങളും ഫർണിച്ചറും ജനലിലൂടെ പുറത്തേക്കെറിയുക എന്നത് ആഫ്രിക്കക്കാർക്ക് പുതുവർഷത്തിലെ പരമ്പരാഗതമായ ആചാരങ്ങളിലൊന്നാണ്.





## ജപ്പാൻ

ജപ്പാനിലെ പുതുവർഷാഘോഷങ്ങളും പ്രത്യേകത നിറഞ്ഞതാണ്. പുതുവർഷത്തിൽ ദുഷ്ടശക്തികളെ അകറ്റി പുതിയൊരു ജീവിതമുണ്ടാകുന്നു എന്നാണ് ജപ്പാൻ ജനതയുടെ വിശ്വാസം. അതിനായി പുതുവർഷാരംഭത്തിൽ ക്ഷേത്രങ്ങളിൽ 108 തവണ മണികൾ മുഴക്കും.

തെരുവുകളും വീടുകളും ഫേൺമരത്തിന്റെ ഇലകൾ കൊണ്ടലങ്കരിക്കും. പുതുവർഷം സമ്പൽസമൃദ്ധമാകുന്നതിനായി ന്യൂഡിൽസ് കഴിക്കുന്നതും പരമ്പരാഗത ആചാരമത്രേ!

വിപുലമായ ആചാരങ്ങൾക്കെല്ലാം പ്രത്യേക പേരുകളുമുണ്ട്. ഷൊഗാട്സു എന്നാണ് ന്യൂ ഇയർ ആഘോഷത്തിനു പേര്. പരമ്പരാഗതവസ്ത്രമായ 'കിമോണ' ധരിക്കുന്നതും ആചാരം തന്നെ!

ഫോട്ടോ: Carla Antonini

## ഗ്രീസ്

ഗ്രീക്കുകാർ പന്ത്രണ്ടുമണിക്കായി ലൈറ്റ് അണച്ച് കാത്തിരിക്കും പുതുവർഷത്തെ നിറഞ്ഞ കണ്ണുകളോടെ കാണാൻ.

ന്യൂ ഇയർ കരോൾ പ്രധാനമാണ്. പുതുവർഷക്കേക്കിനകത്ത് നാണയമോ വിലപിടിപ്പുള്ള മറ്റെന്തെങ്കിലുമോ ഒളിപ്പിച്ചുവയ്ക്കും. കുടുംബനാഥനാണ് കേക്കു മുറിച്ച് പങ്കുവയ്ക്കുന്നത്. സമ്മാനമടങ്ങിയ കേക്കുകഷണം ലഭിച്ചയാൾക്ക് നിറയെ ഭാഗ്യം കൈവരുമെന്നാണ് വിശ്വാസം.

ബേസിൽ പുണ്യവാളന്റെ ഓർമദിനം കൂടിയായതിനാൽ സെയ്ന്റ് ബേസിൽ ദിനം എന്നും അറിയപ്പെടുന്നു.

സാന്താക്ലോസിനെപ്പോലെ ഗ്രീക്കുകാർക്ക് പ്രിയപ്പെട്ട പുണ്യവാളനാണ് ബേസിൽ. ദയയ്ക്കും ദാനധർമങ്ങൾക്കും പേരുകേട്ട അദ്ദേഹം മരണ
10 പ്പെട്ട ദിനമാണിത്.

കുട്ടികൾക്കായി ഈ ദിനത്തിൽ അദ്ദേഹം വീണ്ടുമെത്തി അവരുടെ ഷൂകളിൽ സമ്മാനങ്ങൾ വയ്ക്കുമത്രേ!

കുടുംബാംഗങ്ങളെയും പ്രിയപ്പെട്ടവരെയും സന്ദർശിക്കുന്നതിലും സമ്മാനങ്ങൾ കൈമാറുന്നതിലും ഗ്രീക്കുകാർ പ്രത്യേക നിഷ്കർഷ പുലർത്തുന്നു.





## ബ്രസീൽ

ഫോട്ടോ: Sergio Luiz

പുതുവർഷത്തിനു വെളുത്ത വസ്ത്രം ധരിക്കണമെന്നാണ് ബ്രസീലിയൻ ജനതയുടെ വിശ്വാസം. തിന്മയെ ഇല്ലായ്മ ചെയ്യുന്നതിനത്രേ ഇത്. പരമ്പരാഗത ആചാരങ്ങളോടെ ആഘോഷിക്കുന്ന ആനോ നോവെ (Ano nove) ആണ് പ്രധാന പുതുവർഷച്ചടങ്ങ്.

സമുദ്രദേവതയായ 'ലെമഞ്ജ' (Lemanja) യ്ക്ക് പുഷ്പങ്ങളും സമ്മാനങ്ങളും സമർപ്പിക്കുന്നതും പ്രാധാന്യമേറിയ ഒന്നാണ്. കടലിലേക്കു പൂക്കൾ വാരിയെറിയുന്ന കാഴ്ച മനോഹരമായ അനുഭവം പകരും. നദിയിലൂടെ നിറമുള്ള മെഴുകുതിരികൾ ഒഴുക്കുന്നത് ബ്രസീലിലെ പുതുവർഷാഘോഷത്തിലെ നിറമുള്ള കാഴ്ചകൂടിയാണ്. പുതുവർഷത്തലേന്നിനാണ് (New year eve) ബ്രസീൽ കൂടുതൽ പ്രാധാന്യം നൽകുന്നത്. പ്രശസ്തമായ കോപ കബാന ബീച്ചിലെ ആഘോഷങ്ങളും ശ്രദ്ധേയമാണ്. ലോകപ്രശസ്തമായ ബ്രസീലിയൻ കാർണിവലും അരങ്ങേറും. പരമ്പരാഗതവസ്ത്രം ധരിച്ച് ആടിയും പാടിയും സംഗീതത്തിനൊത്ത് ചുവടുവച്ചും തെരുവുകൾ വർണാഭമാക്കുന്നു. സാംബനൃത്തം എങ്ങും കാണാം.

സംഗീതത്തിന്റെ അകമ്പടിയില്ലാതെ ഒരു ചടങ്ങില്ല ബ്രസീലുകാർക്ക്.

മസാലചേർത്ത കപ്പവിഭവമായ ഫറോഫ (Farofa)യാണ് പുതുവർഷപ്പാർട്ടികളിലെ പ്രധാന ഭക്ഷണയിനം.

## ഫ്രാൻസ്

പരമ്പരാഗതമായ പ്രത്യേക ആചാരനിഷ്ഠകളൊന്നുമില്ലാത്ത ഫ്രഞ്ചുകാർക്ക് പുതുവർഷം സ്വകാര്യാഘോഷമാണ്. കുടുംബാംഗങ്ങളുമൊത്ത് ഈ ദിനം ചെലവഴിക്കാനാണ് താത്പര്യം.

എന്നാൽ വെളിച്ചവുമായി വൈൻതോട്ടങ്ങളിലേക്കുള്ള പരമ്പരാഗതമായ റാലി ഇന്നും തുടരുന്നതു കാണാം.

പാരീസിൽ വമ്പിച്ച ജനാവലികളോടെ ആട്ടവും പാട്ടുമൊക്കെയായി ആഘോഷങ്ങൾ അരങ്ങേറും.

## വിയറ്റ്നാം

വിയറ്റ്നാമിലെ പുതുവർഷദിനവും മറ്റൊരു തരത്തിൽ പുതുമയാർന്നതാണ്.

വീടും ശ്മശാനങ്ങളുമെല്ലാം വൃത്തിയാക്കി അലങ്കരിക്കുന്നു. പുതുവർഷദിനത്തിൽ ശണ്ഠയോ കരച്ചിലോ പാടില്ല എന്നതാണ് പ്രധാന വിശ്വാസം. തിന്മകളെ ഇല്ലായ്മ ചെയ്യാൻ ചുവന്ന വസ്ത്രമാണ് ധരിക്കുന്നത്.

'ഹോയ്മായ്' വൃക്ഷത്തിന്റെ മഞ്ഞനിറത്തിലുള്ള പൂക്കൾക്കൊണ്ട് ഗൃഹങ്ങൾ അലങ്കരിക്കുന്നതും പരമ്പരാഗതമായ വിശ്വാസമാണ്. മഞ്ഞനിറം സമ്പൽസമൃദ്ധി കൊണ്ടുവരുമെന്ന സങ്കൽപ്പമാണ് ഇതിനു പിറകിൽ.

പ്രണയജോടികളുടെ കഥപറയുന്ന പരമ്പരാഗതമായ പെയിന്റിങ് ചുമരുകളിൽ തൂക്കുകയും വേണമത്രേ. കുടുംബത്തിന്റെ ഊഷ്മളത നിലനിർത്താൻ കൂടിയാണിത്.

പുതുവർഷത്തിന് ഒരാഴ്ച മുമ്പുതന്നെ അടുക്കളദേവതയായ (Kitchen God) താവോയെ പ്രീണിപ്പിക്കുന്ന ചടങ്ങുകൾ ആരംഭിക്കും.

അടുപ്പിന്റെ 3 കാലുകളെ മൂന്ന് ദൈവദൂതൻമാരായാണ് കാണുന്നത്. മധ്യഭാഗത്തുള്ള കാൽ സ്ത്രീദേവതയും മറ്റു രണ്ടുകാലുകൾ അവരുടെ ഭർത്താക്കന്മാരുമാണെന്നാണ് വിശ്വാസം.

ഇവർക്കു സഞ്ചരിക്കുന്നതിനായുള്ള കാർപ് (Carp)സമർപ്പിക്കലും ചടങ്ങിന്റെ ഭാഗമാണ്. ഇപ്പോൾ ഈ കാർപുകൾ അങ്ങാടികളിൽ സുലഭമാണ്.



ഫോട്ടോ: Beelerb

മുളകൊണ്ട് തയ്യാറാക്കി അലങ്കരിച്ച കേന്യൂ (Cay Neu) എന്ന ന്യൂ ഇയർ ട്രീ ഒരുക്കുന്നതും പുതുവർഷത്തിൽ പ്രധാനമാണ്. മൂംഗ് ബീൻസും പന്നിയിറച്ചിയുമാണ് പ്രധാന വിഭവം. തണ്ണിമത്തനാണ് പുതുവർഷ ഫലമായി കാണുന്നത്.




ബിഗ് ബെൻ

## ബ്രിട്ടൻ

ബ്രിട്ടനിലെ പുതുവർഷാഘോഷവും വർണാഭമാണ്. തെംസ് നദീതീരം ജനസഞ്ചയമാകും. വിപുലമായ കരിമരുന്ന് പ്രയോഗവുമുണ്ടാകും. 'ബിഗ് ബെൻ' 12 അടിക്കുമ്പോൾ ലണ്ടൻ ബ്രിഡ്ജിൽ പുതുവർഷാഘോഷങ്ങൾ തുടങ്ങുകയായി. വാദ്യോപകരണങ്ങളായ ഡ്രംസ്, സിംബൽസ് എന്നിവയുപയോഗിച്ച് വലിയ ശബ്ദം കേൾപ്പിക്കും. തിന്മയെ അകറ്റുന്നതിനാണത്രേ ഇത്. 10–15 ദിവസം നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾക്ക് ആട്ടവും പാട്ടുമൊക്കെയായി തുടക്കം കുറിക്കുന്നു, പുതുവർഷപ്പുലരിയിൽ.

## റഷ്യ

സാർ പീറ്റർ ചക്രവർത്തിയാണ് റഷ്യയിലെ പുതുവർഷാഘോഷം ജനുവരി 1 ആയി തീരുമാനിച്ചത്. നേരത്തെ റഷ്യക്കാരുടെ പുതുവർഷം തുടങ്ങിയിരുന്നത് സെപ്തംബർ മാസത്തിലായിരുന്നു. റഷ്യയിൽ പുതുവർഷം വിന്റർ അവധിക്കാലം കൂടിയാണ്.

സാന്താക്ലോസിന് സമാനനായ ഫാദർ ഫ്രോസ്റ്റ് എന്നു വിളിക്കുന്ന ഡാഡ് മോറോസിന്റെ വരവാണ് പുതുവർഷത്തിന്റെ ഏറ്റവും ആവേശകരമായ കാര്യമായി റഷ്യൻ ജനത കണക്കാക്കുന്നത്. തന്റെ പേരക്കിടാവായ മഞ്ഞുപെൺകുട്ടി സ്നെഗുറോച്കയ്ക്കൊപ്പം കുട്ടികൾക്കു കൈനിറയെ സമ്മാനങ്ങളുമായി അദ്ദേഹമെത്തും.



ഫോട്ടോ: upyernoz

വീടുകളിൽ ഒരുക്കിയ 'ന്യൂ ഇയർ ട്രീ' കളിൽ സമ്മാനപ്പൊതികൾ സമർപ്പിച്ച് തിരിച്ചുപോകും. ഷാംപെയ്നും നേർത്ത സംഗീതത്തോടുമൊപ്പം വിഭവസമൃദ്ധമായ അത്താഴവും ഉണ്ടാകും.

## ആസ്ട്രേലിയ

ആസ്ട്രേലിയയിലെ പുതുവർഷാഘോഷങ്ങൾ വർണശബളമാണ്. സിൽവസ്റ്റർ പുണ്യവാളന്റെ ഓർമദിനം കൂടിയായതിനാൽ പുതുവർഷത്തെ ലേന്ന് 'സിൽവസ്റ്റർ' എന്നാണറിയപ്പെടുക.

സിഡ്നി ഹാർബർ ബ്രിഡ്ജിൽ നടക്കുന്ന കരിമരുന്ന് പ്രയോഗമാണ് ഏറ്റവും വർണാഭമായ ചടങ്ങ്. 16 കിലോമീറ്റർ ചുറ്റളവിൽ ഇത് വീക്ഷിക്കാം. മെൽബോണിലെ ബീച്ച് പാർട്ടിയും 7 കോഴ്സ് ഡിന്നറും (7 Course dinner) ശ്രദ്ധേയമാണ്. സംഗീത പ്രധാനമാണ് എല്ലാ ചടങ്ങുകളും. ഡ്രംസ് (drums), കൊമ്പ് (Horn) എന്നിവ ഉപയോഗിച്ച് വലിയ ശബ്ദം പുറപ്പെടുവിക്കും. സർഫിംഗ്, മറ്റു ജലകായികവിനോദങ്ങൾ എന്നിവയും പ്രാധാന്യമേറിയതാണ്.



ഫോട്ടോ: Kvasir

## ജർമനി

ഭാവിപ്രവചനമാണ് ജർമൻകാരുടെ പ്രധാന പുതുവർഷാഘോഷച്ചടങ്ങ്. ലെഡ് ഉരുക്കിയ ശേഷം അതു വെള്ളത്തിലിടുമ്പോൾ ഉണ്ടാകുന്ന രൂപമാറ്റം നോക്കിയാണ് ഈ ഭാവിപ്രവചനം.

ഹൃദയത്തിന്റെ രൂപമാണെങ്കിൽ വിവാഹം നടക്കുമെന്നും കപ്പലിന്റെ ആകൃതിയാണ് ലഭിച്ചതെങ്കിൽ പുതുവർഷം യാത്രാവർഷമാകുമെന്നും പന്നിയുടെ ആകൃതിയാണെങ്കിൽ ഭക്ഷ്യസമൃദ്ധി കൈവരുമെന്നുമാണ് ജർമൻകാരുടെ പ്രവചനം.

ജർമൻ നവവത്സരാഘോഷം ബഹളമയമാണ്. ആടിയും പാടിയും കുടിച്ചും തിമിർക്കുന്ന ആളുകളെ എങ്ങും കാണാം.

ക്ലോക്കിൽ 12 മണിയടിക്കുമ്പോൾ ഗ്യൂട്ട്സ് ന്യൂ ഹാർ (Happy new year) എന്ന് ഉറക്കെ വിളിച്ച് പ്രിയപ്പെട്ടവർക്കു ചുംബനങ്ങൾ നൽകും. പള്ളിമണികൾ ഉച്ചത്തിൽ മുഴങ്ങും. എങ്ങും ഷാംപെയ്നും വൈനും ഒഴുകും. ആകർഷകമായ കരിമരുന്നുപ്രയോഗവും കാണും.

സാമ്പത്തികാഭിവൃദ്ധിക്കായി കാബേജും കാരറ്റും കഴിക്കുന്നതും ലെന്റിൽസൂപ്പും പുതുവർഷത്തിൽ ജർമൻകാർക്കു പ്രിയപ്പെട്ടവയാണ്.

# പന്തങ്ങൾ

## വൈലോപ്പിള്ളി ശ്രീധരമേനോൻ

ചോരതുടിക്കും ചെറുകയ്യുകളേ,
പേറുക വന്നീപ്പന്തങ്ങൾ.
ഏറിയ തലമുറയേന്തിയ പാരിൻ
വാരൊളിമംഗളകന്ദങ്ങൾ!
പണ്ടു പിതാമഹർ കാട്ടിൻ നടുവിൽ
ചിന്തകളുരസിടുമക്കാലം,
വന്നു പിറന്നിതു ചെന്നിണമോലും
വാളുകണക്കൊരു തീനാളം,
സഞ്ചിതാമാകുമിരുട്ടുകളെല്ലാം
സംഭ്രമമാർന്നോരന്നേരം
മാനവർ കണ്ടാ,രഗ്നിസ്മിതമതിൽ
മന്നിലെ വിണ്ണിൻ വാഗ്ദാനം.
ആയിരമായിരമാത്തീ ചുംബി-
ച്ചാളിവിടർന്നൊരു പന്തങ്ങൾ
പാണിയിലേന്തിപ്പാടിപ്പാടി-
പ്പാരിലെ യുവജനവൃന്ദങ്ങൾ
കാലപ്പെരുവഴിയൂടേ പോന്നിതു
കാണെക്കാണെക്കമനീയം.
കാടും പടലും വെണ്ണീറാക്കി-
ക്കനകക്കതിരിനു വളമേകി,
കഠിനമിരുമ്പുകുഴമ്പാക്കിപ്പല-
കരുനിരവാർത്തു പണിക്കേകി,
അറിവിൻതിരികൾ കൊളുത്തി,ക്കലകൾ-
ക്കാവേശത്തിൻ ചൂടേകി,
മാലോടിഴയും മർത്ത്യാത്മാവിനു
മേലോട്ടുയരാൻ ചിറകുതകി,
പാരിൽ മനുഷ്യപുരോഗമനക്കൊടി
പാറിച്ചവയീപ്പന്തങ്ങൾ,
മെത്തിടുമിരുളിതിലെത്ര ചമച്ചു
പുത്തൻപുലരിച്ചന്തങ്ങൾ!
ചോരതുടിക്കും ചെറുകയ്യുകളേ,
പേറുക വന്നീപ്പന്തങ്ങൾ.



വര: സജി വി

# കുപ്പിവളകൾ

സാറാ തോമസ്

നാകപ്പാത്തിയിൽക്കൂടി വെള്ളം കൂലംകുത്തിവീഴുന്ന ഇരമ്പൽ ചെവിയോർത്തു നിൽക്കുകയായിരുന്നു കണ്ണമ്മ. വരാന്തയുടെ അഴികളിൽ പിടിച്ചു കൈ പുറത്തേക്കു നീട്ടിയതേയുള്ളൂ. ആകെ നനഞ്ഞുപോയിരുന്നു. തകർത്തുള്ള മഴയാവും; സംശയമില്ല. രാവിലത്തെ കഞ്ഞിയും പുഴുക്കും ഇനി എപ്പോഴാണോ കഴിക്കുക? ഈ മഴസമയത്ത് ഊണുമുറിവരെ നനഞ്ഞു കുളിക്കാതെ എത്താൻ കഴിയുകയില്ലല്ലോ. നേരം വെളുത്തപ്പോഴേ വയറു പ്രതിഷേധിച്ചു തുടങ്ങിയിരിക്കുന്നു.

പൂമുഖത്തു കാർ ഇരച്ചു വന്നുനിൽക്കുന്നതും ഡോർ ശക്തിയായി അടയുന്നതുമായ ശബ്ദം കേട്ടപ്പോഴാണ് ശ്രദ്ധ മാറിയത്. അനാഥാലയത്തിൽ ഏതോ വിശിഷ്ടാതിഥി വന്നിട്ടുണ്ടാവും. വല്ലപ്പോഴുമൊക്കെയുള്ള പതിവാണ്. ഇനിയിപ്പോൾ ആരെങ്കിലും വന്നു തന്നെ കൈയും പിടിച്ചു കൊണ്ടുപോകും. അനാഥാലയത്തിന്റെ വലിയ അങ്കണത്തിൽ തങ്ങൾ ഒത്തുകൂടുമ്പോൾ വന്ന അതിഥി തങ്ങളോടായി സംസാരിക്കും. നല്ല കാര്യങ്ങളാണു പറയുക എന്നാണ് ദേവുച്ചേച്ചി പറയാറ്. എന്താണാവോ ഈ നല്ല കാര്യങ്ങൾ? തന്റെ കണ്ണുകളുടെ നിറഞ്ഞ അന്ധകാരത്തിൽ വാക്കുകൾക്കു വലിയ അർഥമൊന്നുമില്ല. അവർ സംസാരിക്കുമ്പോൾ കുറെ നേരം പോയിക്കിട്ടുമെന്നല്ലാതെ.





വര: സുധീർ പി വൈ

ഉദ്ദേശിച്ചതുപോലെ ആരോ വന്ന് കൈ പിടിച്ചിറക്കി കഴിഞ്ഞു. സേതുവാണെന്നു തോന്നുന്നു.

“വാ, വേഗം വാ കണ്ണമ്മേ. അവിടെ ആരോ വന്നിട്ടുണ്ട്.”

തന്നെ എല്ലാ ദിവസങ്ങളിലും മുൻപന്തിയിൽ നിർത്തണമെന്നത് സിസ്റ്ററമ്മയുടെ പ്രത്യേക നിർബന്ധമാണ്.

“ഞങ്ങൾക്ക് ഇങ്ങനെയും ഒരാളുണ്ട്. കണ്ണിനു കാഴ്ചയില്ലാത്ത കണ്ണമ്മ.”

തന്നെ അങ്ങനെ പറഞ്ഞു പരിചയപ്പെടുത്താനും മറക്കാറില്ല. ചിലപ്പോൾ ചിലരുടെ മനസ്സിന്റെ അലിവ് ഒരു നെടുവീർപ്പായി കാതുകളിൽ വന്നു പതിച്ചെന്നിരിക്കും. അതിൽക്കവിഞ്ഞ്? എന്തോ! കണ്ണിനു കാഴ്ചയില്ലാത്ത കണ്ണമ്മയാണു താൻ. തന്റെ ലോകം വളരെ വളരെ ഇടുങ്ങിയതാണ്. മറ്റുള്ളവർക്കു മനസ്സിലാക്കാനാവാത്ത വിധം! മേരിയും ലിസിയും സേതുവുമൊക്കെ പറഞ്ഞു രസിക്കുന്നതൊന്നും തനിക്കുൾക്കൊള്ളാനാവില്ല. അതുകൊണ്ടുതന്നെയാവും അവരുടെ സംഭാഷണങ്ങളിൽനിന്നും തന്നെ ഒഴിവാക്കുന്നതും.

എന്തെങ്കിലും തന്നെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുന്നത് ഒരേയൊരാൾ മാത്രം. ദേവുച്ചേച്ചി! തന്റെ കൈവെള്ള മടിയിൽ പിടിച്ചു വച്ച് ഓരോന്നിന്റെയും പേരു പറഞ്ഞിട്ട് ചൂണ്ടുവിരൽ കൊണ്ട് അമർത്തിവരയ്ക്കും. നീളത്തിൽ, വട്ടത്തിൽ, വളഞ്ഞുവളഞ്ഞ്. ചിലപ്പോൾ കൈകൊണ്ടു തൊടീപ്പിക്കും.

പ്രസംഗം തീർന്നു എന്നു തോന്നുന്നില്ല. എല്ലാവരും കൈയടിക്കുകയാണ്. ചുറ്റും ആഹ്ലാദപ്രകടനങ്ങളുടെ അടക്കിപ്പിടിച്ച ഒച്ചകൾ! സാധാരണ തങ്ങൾ നിശ്ശബ്ദം പിരിഞ്ഞുപോവുകയാണു പതിവ്. ഇന്ന് അതിനു വിപരീതമായി എന്തോ, എന്തുകൊണ്ടാണീ പുതുമ? ചെവിയോർത്തു നിന്നു. പെട്ടെന്നു സിസ്റ്ററമ്മ ഉച്ചത്തിൽ എല്ലാവരോടുമായി വിളിച്ചുപറഞ്ഞു. വന്ന അതിഥി തങ്ങൾക്കു പുതുവസ്ത്രങ്ങൾ തരാൻ പോകുകയാണെന്ന്. ഇതിനുമുമ്പ് ഒരിക്കൽ ഇതുപോലൊരു വ്യക്തി ഓണത്തിനു പുതുവസ്ത്രങ്ങൾ സമ്മാനിച്ചതാണ്. അന്ന് തന്റെ കൂട്ടുകാരുടെയിടയിലെ സന്തോഷത്തിമിർപ്പ് എന്തായിരുന്നു! രാത്രിയിൽ ഉറങ്ങാൻ കിടക്കുന്നതുവരെയും അതേക്കുറിച്ചുള്ള സംസാരം നിർത്തിയിരുന്നില്ല.

“കണ്ണമ്മാ, ദാ ഇങ്ങോട്ടു നീങ്ങിനിൽക്ക്– ഉം– കൈ രണ്ടും നീട്ടിക്കേ!”

ഇതാ തന്റെ കൈയിലും ഒരു കോടിയുടുപ്പായി! അടിച്ചുനനച്ചു കുളിക്കുമ്പോൾ മാറിയുടുക്കാൻ ഒരു വസ്ത്രമെന്നല്ലാതെ.–

“കണ്ണിനു കാഴ്ചയില്ല. അതാണ് ഇങ്ങനെ മുഖം വലിച്ചുകെട്ടി..” സിസ്റ്ററമ്മയാണല്ലോ പറഞ്ഞത്.

ഉള്ളിലൊരു നടുക്കം! ആരെങ്കിലും എന്തെങ്കിലും സമ്മാനിച്ചാൽ പുഞ്ചിരിയോടെ വേണം സ്വീകരിക്കാൻ എന്നു കഴിഞ്ഞതവണ താക്കീതുതന്നതായിരുന്നുവെന്നു പെട്ടെന്ന് ഓർത്തു. ഇനി വന്നയാൾ പോയിക്കഴിഞ്ഞാൽ തന്നെ ശകാരിക്കുമോ ആവോ!

ആരോ പുറകോട്ടു പിടിച്ചു നീക്കുകയാണ്.

“വാ കണ്ണമ്മ.”

ലിസിയാണ്.

“കോടികിട്ടിയല്ലോ! ഇനി വഴിമാറിക്കൊടുക്ക്. നിന്നെ അങ്ങുകൊണ്ടാക്കിയേക്കാം.”

ആൾക്കൂട്ടത്തിനിടയിൽ നിന്നും അവർ പുറത്തേക്കു നടത്തി.

പ്രസംഗം തീർന്നു എന്നു തോന്നുന്നില്ല. എല്ലാവരും കൈയടിക്കുകയാണ്. ചുറ്റും ആഹ്ലാദപ്രകടനങ്ങളുടെ അടക്കിപ്പിടിച്ച ഒച്ചകൾ! സാധാരണ തങ്ങൾ നിശ്ശബ്ദം പിരിഞ്ഞുപോവുകയാണു പതിവ്. ഇന്ന് അതിനു വിപരീതമായി എന്തോ, എന്തുകൊണ്ടാണീ പുതുമ? ചെവിയോർത്തുനിന്നു.

“എന്തു നല്ല അമ്മച്ചി! നമുക്കൊക്കെ കോടി തന്നില്ലേ! കൂടെ അവരുടെ മോളും ഉണ്ട്. എന്തു നല്ല സുന്ദരിയാണെന്നോ! നമ്മുടെയൊക്കെ അത്രവരും. തിളങ്ങുന്ന പച്ചത്തട്ടുള്ള ഉടുപ്പാണ് ഇട്ടിരിക്കുന്നത്.”

ഒന്നും മിണ്ടിയില്ല. സൗന്ദര്യവും തിളക്കവും പച്ചനിറവും ഒന്നും തനിക്കു പിടിയുള്ള വാക്കുകൾ അല്ലല്ലോ! പെട്ടെന്ന് അവൾ പറഞ്ഞു.

“ആ മോൾടെ കൈ രണ്ടും നിറയെ കുപ്പിവളകൾ!”

എന്താണവൾ പറഞ്ഞത്? കുപ്പിവളകൾ എന്നല്ലേ? പെട്ടെന്നു മനസ്സിൽ ഒരു തെളിച്ചം– കുപ്പിവളകളെക്കുറിച്ച് തനിക്ക് അറിവുള്ളതാണ്. പള്ളിയിൽ കുർബാന സമയത്തുള്ള മണികിലുക്കംപോലെ കിലുങ്ങുന്ന– അതെ, നാളുകൾക്കുമുമ്പ് താനും ദേവുച്ചേച്ചിയും സിസ്റ്ററമ്മയുടെ മുറിയിൽ നിൽക്കുമ്പോഴാണ് – ആരോ കടന്നുവന്നപ്പോൾ മണികിലുക്കംപോലെ മനസ്സിൽ കൗതുകമുണർത്തിയ പുതിയൊരു നാദം.

അന്നാണു ദേവുച്ചേച്ചി കുപ്പിവളകളെക്കുറിച്ചു പറഞ്ഞുതന്നത്. തന്റെ കൈവെള്ളയിൽ ചൂണ്ടുവിരൽകൊണ്ട് അമർത്തി വട്ടത്തിൽ വരച്ചു കാണിച്ചു.

''ഇതുപോലെ ഒന്നല്ല, ഒരടുക്ക് കൈയിലിടുമ്പോഴാണ് ഈ കിലുക്കം.''

ദേവുച്ചേച്ചി പറഞ്ഞു.

''ഇതാ നിന്റെ പതിവുസ്ഥാനത്ത് കൊണ്ടെത്തിച്ചിരിക്കുന്നു കണ്ണമ്മാ. ഇനി കോടി അഴുക്കാകാതെ വേഗം പെട്ടിയിൽ കൊണ്ടുവയ്ക്ക്.''

വരാന്തയുടെ കൈവരിയിൽ തന്റെ കൈ പിടിപ്പിച്ചിട്ട് അവൾ ഓടിപ്പോയിക്കഴിഞ്ഞു.

തപ്പിത്തടഞ്ഞ് മുറിയിൽ തന്റെ തകരപ്പെട്ടി കണ്ടുപിടിച്ച് ഉടുപ്പുവച്ചിട്ടു പതിവുസ്ഥാനത്തു വീണ്ടും നിലയുറപ്പിച്ചപ്പോൾ നാകപ്പാത്തിയിൽക്കൂടി വീണുകൊണ്ടിരുന്ന വെള്ളത്തിന്റെ ശബ്ദം നേർത്തിരുന്നു. കൈ വെളിയിലേക്കുനീട്ടി. ഇടയ്ക്കിടയ്ക്ക് ഓരോ വെള്ളത്തുള്ളികൾ മാത്രം. പെട്ടെന്നു നീട്ടിപ്പിടിച്ച തന്റെ കൈയിൽ ആരുടെയോ കൈത്തലം. അതു ലിസിയുടെയും മേരിയുടെയും സേതുവിന്റെയും അല്ല. തീർച്ച... പൂവിതളുകൾ പോലുള്ള മൃദുസ്പർശം. ആരാണോ ഓർക്കാപ്പുറത്ത്? മനസ്സിൽ ജിജ്ഞാസയുടെ വീർപ്പുമുട്ടൽ... പെട്ടെന്ന് സിസ്റ്ററമ്മയുടെ പരുക്കൻ ശബ്ദം.

**തപ്പിത്തടഞ്ഞ് മുറിയിൽ തന്റെ തകരപ്പെട്ടി കണ്ടുപിടിച്ച് ഉടുപ്പുവച്ചിട്ടു പതിവുസ്ഥാനത്തു വീണ്ടും നിലയുറപ്പിച്ചപ്പോൾ നാകപ്പാത്തിയിൽക്കൂടി വീണുകൊണ്ടിരുന്ന വെള്ളത്തിന്റെ ശബ്ദം നേർത്തിരുന്നു. കൈ വെളിയിലേക്കുനീട്ടി ഇടയ്ക്കിടയ്ക്ക് ഓരോ വെള്ളത്തുള്ളികൾ മാത്രം. പെട്ടെന്നു നീട്ടിപ്പിടിച്ച തന്റെ കൈയിൽ ആരുടെയോ കൈത്തലം.**

''കണ്ണമ്മാ, ഇതാ റോസിമോൾ നിനക്കൊരു പ്രത്യേക സമ്മാനം കൊണ്ടുവന്നിരിക്കുന്നു. വേഗം കൈ നീട്ടിക്കൊടുക്ക്.''

ഒന്നുമൊന്നും മനസ്സിലായില്ല. എങ്കിലും വേഗം കൈനീട്ടിപ്പിടിച്ചു. സിസ്റ്ററമ്മയാണു പറഞ്ഞത്. പെട്ടെന്നു കലപിലകൂട്ടുന്ന കുപ്പിവളകളുടെ കിലുങ്ങുന്ന സ്വരം. ലിസി പറഞ്ഞ ആ നല്ല അമ്മയുടെ മകളായിരിക്കും. രണ്ടുകൈയും നിറയെ കുപ്പിവളകൾ അണിഞ്ഞിരുന്നവെന്നല്ലേ ലിസി പറഞ്ഞത്! പെട്ടെന്ന് ആരോ തന്റെ കൈപ്പത്തി ഒതുക്കിപ്പിടിക്കുകയാണ്. എന്തു സംഭവിക്കുന്നു എന്നാലോചിച്ചു നിൽക്കുമ്പോൾ കലപില കൂട്ടുന്ന കുപ്പിവളകൾ തന്റെ കൈത്തണ്ടിലേക്ക്. വിശ്വസിക്കാനാകാതെ പതുക്കെ തടവിനോക്കാൻ കൈപ്പടം അനക്കിയപ്പോൾ മണികിലുക്കം പോലെ കൗതുകമുണർത്തുന്ന നാദം! പെട്ടെന്നു മനസ്സിൽ ആഹ്ലാദത്തിന്റെ രോമാഞ്ചം! ഉള്ളിൽ ഒതുങ്ങാതെ അതു ശരീരത്തിൽ ആകെ പടർന്നു കയറുകയാണ്.

''നോക്കമ്മേ, ഈ കുട്ടിയുടെ മുഖത്ത് എന്തൊരു തെളിച്ചം!''

ആരാണ് ആ പറഞ്ഞത്? അറിഞ്ഞുകൂടാ... കൈകൾ കുലുക്കി കുപ്പിവളകളുടെ മന്ദ്രനാദം കേൾക്കുന്ന തിരക്കിൽ അവൾ മറ്റെല്ലാം മറന്നുപോയിരുന്നു.



*(കടപ്പാട്: അഭയനാദം)*



# ചിക്കാഗോയിലെ സൂര്യതേജസ്

**രാധികാദേവി റ്റി ആർ**

1893 സെപ്തംബർ 11. കൊളംബസ് അമേരിക്ക കണ്ടുപിടിച്ചതിന്റെ നാലാംശതാബ്ദി ആഘോഷങ്ങൾ നടക്കുകയാണ് അമേരിക്കയിലെ ചിക്കാഗോയിൽ. ഇതിന്റെ ഭാഗമായി 'ഹാൾ ഓഫ് കൊളംബസ്' എന്ന വിശാലമായ കെട്ടിടത്തിൽ ഒരു സർവമതസമ്മേളനം നടക്കുന്നുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള മതങ്ങളെ പ്രതിനിധീകരിച്ച് പ്രഭാഷണം നടത്തുവാൻ വന്നവരാൽ ഹാൾ നിറഞ്ഞു. ഏകദേശം ഏഴായിരത്തോളം പേർ. ഇന്ത്യയിലെ വിവിധ മതവിഭാഗങ്ങളിൽ നിന്നുള്ള പല പ്രമുഖരും അക്കൂട്ടത്തിലുണ്ടായിരുന്നു.

സമ്മേളനം ആരംഭിച്ചു. യാതൊരു സങ്കോചവും കൂടാതെ ഓരോരുത്തരും തങ്ങളുടെ മതങ്ങളെക്കുറിച്ചും വിശ്വാസങ്ങളെക്കുറിച്ചും വാചാലരായി. പലരും നേരത്തേ തയ്യാറാക്കിയ പ്രസംഗവുമായാണ് എത്തിയിരുന്നത്. ഹിന്ദുത്വത്തെക്കുറിച്ചു സംസാരിക്കുവാനായി ഇന്ത്യയെ പ്രതിനിധീകരിച്ചെത്തിയത് ഒരു യുവ സന്ന്യാസിയാണ്. തിളങ്ങുന്ന ചുവന്ന മേലങ്കിയും വലിയ ചുവന്ന തലക്കെട്ടും ധരിച്ച അദ്ദേഹത്തിനാകട്ടെ തന്റെ ഊഴമെത്താറായപ്പോൾ ആകെ ഒരു പരിഭ്രാന്തി. ജീവിതത്തിലൊരിക്കലും പൊതുവേദിയിൽ പ്രസംഗിച്ചു പരിചയമില്ലാത്തതിനാലാകാം ആ യുവാവിന്റെ ഹൃദയമിടിപ്പു കൂടിയതും നാവുവരണ്ടതും. ഉച്ചയ്ക്കുശേഷം പ്രഭാഷണത്തിനായി അദ്ദേഹം വേദിയിലേക്കു ക്ഷണിക്കപ്പെട്ടു. സരസ്വതിദേവിയെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് അദ്ദേഹം പ്രസംഗപീഠത്തിനടുത്തേക്കു നീങ്ങി. എല്ലാവരുടെയും ശ്രദ്ധ യുവസന്ന്യാസിയിലായി. വാക്കുകൾക്കായി നിശ്ശബ്ദം നിലകൊണ്ട ശ്രോതാക്കളെ അദ്ദേഹം അഭിസംബോധന ചെയ്തു.

'അമേരിക്കയിലെ എന്റെ പ്രിയ സോദരിമാരേ, സോദരൻമാരെ' ഇടിനാദംമുഴങ്ങും പോലുള്ള കരഘോഷമായിരുന്നു പിന്നീട് ആ ഹാളിൽ. അദ്ദേഹം തുടർന്നു. ''നിങ്ങൾ ഞങ്ങൾക്കു നൽകിയ ആവേശപൂർവവും ഹൃദയംഗമവും ആയ സ്വാഗതത്തിനു മറുപടി പറയാൻ എഴുന്നേൽക്കവേ എന്റെ ഹൃദയം അവാച്യമായ ആനന്ദംകൊണ്ടു നിറയുന്നു. ലോകത്തിന്റെ അതിപ്രാചീന സന്ന്യാസിപരമ്പരയുടെ പേരിൽ ഞാൻ നിങ്ങൾക്കു നന്ദി പറയുന്നു. മതങ്ങളുടെ മാതാവിന്റെ പേരിൽ നന്ദി പറയുന്നു. സർവവർഗവിഭാഗങ്ങളിലുംപ്പെട്ട കോടിക്കോടി ഹിന്ദുക്കളുടെ പേരിൽ ഞാൻ നിങ്ങൾക്കു നന്ദി പറയുന്നു.

ക്ഷമാശീലവും പ്രാപഞ്ചിക സ്വീകാര്യതയും ലോകത്തെ പഠിപ്പിച്ച മതമാണ് എന്റേത് എന്നതിൽ എനിക്കഭിമാനമുണ്ട്. പ്രപഞ്ചസഹിഷ്ണുതയിൽ മാത്രമല്ല നാം വിശ്വസിക്കുന്നത്. എല്ലാ മതങ്ങളെയും സത്യമായി സ്വീകരിക്കുന്നു.

എല്ലാ മതങ്ങളിലും എല്ലാ രാജ്യങ്ങളിലുമുള്ള പീഡിതർക്കും അഭയാർഥികൾക്കും അത്താണിയായ രാജ്യമാണ് എന്റേത് എന്നതിൽ ഞാൻ അഭിമാനിക്കുന്നു.''

പങ്കെടുത്തവരെല്ലാം തങ്ങളുടെ മതത്തെ പ്രശംസിച്ചു സംസാരിക്കവേ ഈശ്വരനു മുന്നിൽ സർവം സമം എന്ന കാഴ്ചപ്പാടായിരുന്നു ആ യുവസന്ന്യാസി തന്റെ പ്രസംഗത്തിലൂടെ അവതരിപ്പിച്ചത്. വളരെ ഹ്രസ്വമായ പ്രസംഗത്തിലൂടെ അദ്ദേഹം ശ്രോതാക്കളിലേക്ക് ഇറങ്ങിച്ചെല്ലുകയായിരുന്നു. രാജ്യത്ത് നടമാടുന്ന വിഭാഗീയത, മതഭ്രാന്ത് ഇവയെല്ലാം നാടിന്റെ സംസ്കാരത്തെ സംഹരിച്ച്, ഒരു ജനതയെ മുഴുവൻ നിരാശയിലേക്കു തള്ളിവിടുകയാണെന്നും അദ്ദേഹം പറഞ്ഞു. മനുഷ്യന്റെ പുരോഗതിക്ക് ഇവ തടസ്സമാണെന്നു പറഞ്ഞ അദ്ദേഹം, ചിക്കാഗോയിൽ മുഴങ്ങിയ മണി, എല്ലാ പീഡനങ്ങളുടെയും മതഭ്രാന്തിന്റെയും മരണമണിയായി തീരട്ടെ എന്നു പറഞ്ഞുകൊണ്ടായിരുന്നു പ്രസംഗം അവസാനിപ്പിച്ചത്.

ചിക്കാഗോയിൽ ഇന്ത്യയുടെ അഭിമാനം വാനോളം ഉയർത്തിയ ആ യുവസന്ന്യാസി, ആരായിരുന്നുവെന്നോ? ആധുനികഭാരതത്തിന്റെ നവോത്ഥാനപ്രവർത്തനങ്ങൾക്കു നിസ്തുലസംഭാവനകൾ നൽകിയ സ്വാമി വിവേകാനന്ദൻ.



വിവേകാനന്ദൻ

ഫോട്ടോ: Akilola

1863 ജനുവരി 12ന് കൊൽക്കത്തയിലെ ഷിംലപള്ളിയിൽ വിശ്വനാഥദത്തയുടെയും ഭുവനേശ്വരിയുടെയും പുത്രനായി സ്വാമി വിവേകാനന്ദൻ ജനിച്ചു. നരേന്ദ്രദത്ത എന്നായിരുന്നു അദ്ദേഹത്തിന്റെ യഥാർഥനാമം. ആത്മീയകാര്യങ്ങളിൽ ബാല്യം മുതൽക്കേ നരേന്ദ്രൻ തത്പരനായിരുന്നു. ഈശ്വരനുണ്ടോ? ഉണ്ടെങ്കിൽ എവിടെയാണ്? യഥാർഥത്തിൽ ആരെങ്കിലും ഈശ്വരനെ കണ്ടിട്ടുണ്ടോ? തുടങ്ങിയ ചോദ്യങ്ങൾ അദ്ദേഹത്തെ സദാ അലട്ടിയിരുന്നു. ഇതിനുത്തരം തേടി പല മതനേതാക്കളെയും സമീപിച്ചുവെങ്കിലും തൃപ്തികരമായ ഉത്തരം ആരിൽനിന്നും ലഭിച്ചില്ല. അങ്ങനെയിരിക്കെയാണ് ശ്രീരാമകൃഷ്ണപരമഹംസനെക്കുറിച്ച് അദ്ദേഹം കേൾക്കാനിടയായത്. തന്റെ സംശയദൂരീകരണത്തിന് ശ്രീരാമകൃഷ്ണനു സാധിച്ചാലോ എന്നായി നരേന്ദ്രന്റെ ചിന്ത. ഒടുവിൽ ശ്രീരാമകൃഷ്ണനെ നേരിൽ കാണാൻ അവസരം ലഭിച്ചു. ഏറെക്കാലമായി തന്നെ അലട്ടിയ ആ ചോദ്യം നരേന്ദ്രൻ അദ്ദേഹത്തോടു ചോദിച്ചു.

''അങ്ങ് ഭഗവാനെ കണ്ടിട്ടുണ്ടോ?''

''ആത്മാർഥമായി ഈശ്വരദർശനത്തിനാഗ്രഹിക്കുന്നവർക്കു മുന്നിൽ ഈശ്വരൻ പ്രത്യക്ഷപ്പെടും.'' എന്നായിരുന്നു അദ്ദേഹം നിസ്സംഗതയോടെ നൽകിയ മറുപടി.

ഇതിന്റെ പൊരുൾ നരേന്ദ്രന് അന്നു പൂർണമായും മനസ്സിലാക്കാൻ കഴിഞ്ഞില്ല. പക്ഷേ ആ ദർശനം നരേന്ദ്രന്റെ ജീവിതത്തിലെ വഴിത്തിരിവായി. ആദ്യകാലങ്ങളിൽ

അദ്ദേഹത്തിന്റെ ശിഷ്യത്വം നരേന്ദ്രൻ ആദ്യം സ്വീകരിച്ചില്ലെങ്കിലും അദ്ദേഹത്തെ നിരന്തരം സന്ദർശിക്കുമായിരുന്നു. ഏകദേശം അഞ്ചു വർഷങ്ങൾക്കുശേഷമാണ് നരേന്ദ്രൻ ശ്രീരാമകൃഷ്ണന്റെ ശിഷ്യനായി മാറിയത്.

ശ്രീരാമകൃഷ്ണന്റെ മരണത്തോടെ, ഗുരുവിന്റെ ആഗ്രഹപ്രകാരം ഗംഗാതീരത്തിനടുത്ത് ബാരാനഗറിൽ അദ്ദേഹം ഒരു ആശ്രമം ആരംഭിച്ചു. ശ്രീരാമകൃഷ്ണന്റെ ഏതാനും ശിഷ്യരോടൊപ്പം സന്ന്യാസജീവിതം തുടങ്ങി. ഈ കാലയളവിലാണ് വിവേകാനന്ദൻ എന്ന നാമം അദ്ദേഹം സ്വീകരിച്ചത്.

ശ്രീരാമകൃഷ്ണന്റെ ആശയങ്ങൾ ജനങ്ങളിലെത്തിക്കുവാനായി അദ്ദേഹം ഭാരതം മുഴുവൻ സഞ്ചരിച്ചു. ആത്മീയതയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. ''ദരിദ്രരുടെ വിശപ്പ് ശമിപ്പിക്കാത്ത, വിധവയുടെ കണ്ണീരൊപ്പാത്ത ഒരു മതത്തിലും ഒരു ഈശ്വരനിലും എനിക്കു വിശ്വാസമില്ല.'' എന്ന് അദ്ദേഹം ഉറക്കെ പ്രഖ്യാപിച്ചു. യുവാക്കൾ ഉണരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം അവരെ ഓർമിപ്പിച്ചു. 'ഉത്തിഷ്ഠത, ജാഗ്രത, പ്രാപ്യവരാൻ നിബോധിത'. (എഴുന്നേൽക്കൂ, ഉണരൂ, ലക്ഷ്യത്തിലെത്തുംവരെ നിൽക്കരുത്.)

കഠോപനിഷത്തിലെ ഈ വചനങ്ങളിലൂടെ ഇന്ത്യയുടെ യുവത്വത്തെ തൊട്ടുണർത്താൻ അദ്ദേഹത്തിനു സാധിച്ചു. വിദേശമേധാവിത്വത്തിൽ ആത്മവിശ്വാസം നഷ്ടപ്പെട്ട ഇന്ത്യാക്കാർക്ക് ഇത് പുത്തനുണർവു നൽകി. ഭാരതീയയുവത്വത്തിന് ആലസ്യത്തിൽ നിന്നും ഉണരാൻ പ്രേരകശക്തിയായി മാറിയ അദ്ദേഹത്തിന്റെ ജന്മദിനമായ ജനുവരി 12, ദേശീയ യുവജനദിനമായി നാം ആഘോഷിക്കുന്നു.



ഭുവനേശ്വരി ദേവി

1893ലെ ചിക്കാഗോ സമ്മേളനത്തിനുശേഷം അമേരിക്കയിലും ഇംഗ്ലണ്ടിലും നാലര വർഷത്തോളം സ്വാമിജി നടത്തിയ പ്രഭാഷണങ്ങളും പ്രവർത്തനങ്ങളും പാശ്ചാത്യനാടുകളിൽ അന്നുവരെ ഭാരതത്തെക്കുറിച്ചുണ്ടായിരുന്ന അഭിപ്രായം മാറ്റിയെടുക്കുവാൻ സഹായിച്ചു. മഹത്തായ സാംസ്കാരിക പാരമ്പര്യത്തിന്റെയും മതസഹിഷ്ണുതയുടെയും നാടാണ് ഭാരതം എന്നവരെ ബോധ്യപ്പെടുത്തുവാൻ അദ്ദേഹത്തിനു സാധിച്ചു.

ധീരർക്കുള്ളതാണ് ഈ ലോകം, ഭീരുക്കൾക്കുള്ളതല്ല എന്ന് നമ്മെ പ്രചോദിപ്പിച്ച സ്വാമി വിവേകാനന്ദൻ കേവലം 39 വർഷം മാത്രമാണ് ഈ ഭൂമിയിൽ ജീവിച്ചത്. സ്വന്തം ജീവിതത്തിലൂടെയും കർമത്തിലൂടെയും ഭാരതീയർക്ക് ഉണർന്നു പ്രവർത്തിക്കാൻ പ്രോത്സാഹനം നൽകിയ അദ്ദേഹം മണ്ണും മനുഷ്യരുമുള്ളിടത്തോളം സൂര്യതേജസ്സോടെ ജനഹൃദയങ്ങളിൽ ജീവിക്കും.



ഫോട്ടോ: Abinash Chandra Dna

ശ്രീരാമകൃഷ്ണ പരമഹംസൻ

കവിത

# ഒരു ചെറുകുട്ടി തനിച്ച്

വി എം ഗിരിജ

*(വിക്ടർ യൂഗോയുടെ പാവങ്ങൾ എന്ന പ്രശസ്തകൃതിയുടെ 3–ാം പുസ്തകം 5–ാം ഭാഗത്തിന് ഇതേ പേരാണ്. കൊസെത്ത് എന്ന ചെറിയ പെൺകുട്ടി, അനാഥ, രാത്രി തനിച്ച് വെള്ളം മുക്കാൻ പോകുന്നതാണ് സന്ദർഭം.)*



വര: ബൈജുരാജ്



ഇരുളായി; രാത്രിതൻ ചേറുമൂടി–
ക്കുഴയുന്നു, കാട്ടിലേക്കുള്ള പാത;
ഇതുവഴിയതുവഴിപോണമെന്നോ
ഒരു തൊട്ടിവെള്ളം ചുമന്നു പോരാൻ?

ഒരു ചെറുകുട്ടി തനിച്ചു പോകാൻ
പറയുമാർ?! എന്നാൽ കൊസെത്തിനില്ലാ
തനതെന്നു പറയുവാനമ്മ പോലും
[1]തെനാർദിയറമ്മ, നല്ലൊരു കാട്ടുചെന്നായ്!

കളിമണ്ണുതറയിലെ വെള്ളമൂറി
നിറയെപ്പടർപ്പുല്ലു കൊണ്ടു തിങ്ങി,
ഒരു ചോലയുള്ളീന്നു പൊന്തിവന്നി–
ട്ടൊഴുകുന്നിടത്തേക്കവൾ തിരിച്ചൂ...

പകലു താൻ കണ്ട വഴിപ്പുരകൾ
കതകുകളൊന്നായ് വലിച്ചടച്ചൂ,
വഴികാട്ടിടുന്ന മെഴുകുതിരി–
ച്ചെറുനാളമുള്ള ഗൃഹങ്ങൾ തീർന്നൂ!

വയലായി, വലിയോരിരുട്ടുകട്ട!
ചുറ്റും ഒരുവരുമില്ല, വെളിച്ചമില്ല
ഇലകളിൽക്കാറ്റ് വന്നുരസിയാൽ-
പ്പോലുമാനിലയിലവൾക്കു ക്രൂരാട്ടഹാസം!

കിടുകിടുക്കുന്നൂ, കൊസെത്തിനുള്ളം
ചുറ്റും ഒരുപാട് പ്രേതങ്ങൾ തുള്ളിടുംപോൽ,
ഇരുപാടും ഭൂതങ്ങൾ! മുന്നിലുള്ള
മരവും പടർപ്പും പിശാചു തന്നേ!

ഒരു പൂവു കാണുമവ്യക്ത സ്വപ്നം,
അതിൽ ലോകമേതോ നിലാവുമാത്രം,
അതുപോൽക്കൊസെത്തിന്റെ കുഞ്ഞുഹൃത്തിൽ
നിറയുന്നിതവ്യക്ത ഭീതി, ഖേദം.

തിരികേ വെറും കൈയായ്പ്പോവുവാനോ?
തെനാർദിയറുമാർ ചോരകുടിക്കും തീർച്ച;
വലിയ വെള്ളത്തൊട്ടിയേന്തിക്കാട്ടില-
രുവിയിൽച്ചെന്നാലോ പേപ്പിശാചും!

അരുവിക്കരയിലെ ഓക്കുവൃക്ഷം
ഇരുളിലും ഇടതുകൈയാൽപ്പിടിച്ചി-
ട്ടവൾ തൊട്ടികൊണ്ടു ജലമെടുക്കേ
പതിനഞ്ചു സൂ[2] നാണ്യം വീണുപോയീ.

വലിയോരു തൊട്ടി, ഒരൊത്തവന്നും
നടു കുഴയ്ക്കുന്ന പെരിയഭാരം,
ഇരു കുഞ്ഞിക്കൈകൾ, പിടിച്ചുപൊന്തി-
ച്ചുയരവേ, പുല്ലിൽക്കുഴഞ്ഞുവീണൂ...

ഉയരണം, പൊന്തണം, പാദ-
മൂന്നി നിവരണം, തൊട്ടിയുയർത്തിടേണം
ഹൃദയം പറയുന്നുവെന്നാൽദ്ദേഹം
ഒരു തുണിപ്പാവപോൽ തൂങ്ങിടുന്നൂ.

ഉടൽ വിറച്ചും പത്തുവരെ, ഉറക്കെ-
യൊരു മന്ത്രംപോലെ ഉരുക്കഴിച്ചും
ചെറുകാലടികൾ വലിച്ചുവെച്ചും
അവൾ പിന്നെ, യെമ്മട്ടോ പൊന്തിടുന്നൂ.

വലിയതൊട്ടിക്കുള്ളിലൂറ്റു വെള്ളം
നരകജലം പോൽക്കിടന്നു തുള്ളീ,
ഇരുകൈയും അപ്പോഴും കൈപ്പിടിയിൽ
ഒരു പ്രാർഥനപോലെയൊട്ടിനിന്നൂ...

അതിദൂരെ,ക്കാലത്തിൽ ദേശത്തിലു-
മതിവിദൂരത്താണ് ഞാനിരിപ്പൂ,



അരുവിയുമില്ലാ വഴികളില്ലാ
കാപ്പിക്കടയില്ല സത്രമില്ലൊന്നുമില്ലാ.

അരികിലെന്നിട്ടും നനഞ്ഞുതൂങ്ങും
ഒരു കീറക്കുപ്പായമിട്ട മെയ്യും,
വലിയ വെള്ളത്തൊട്ടി വീണിടാതെ
മുറുകെപ്പിടിച്ചുള്ള വേദനയും!

ഇതു നോക്കൂ, വന്നൊന്നു തൊട്ടുനോക്കൂ;
എന്റെ ഇരുകൈയും പൊള്ളച്ചു ചോന്നതല്ലേ?
ഇരുളിൽക്കാണില്ലെങ്കിൽ, വേണ്ടയെന്റെ
കവിൾ തൊട്ടു നോക്കൂ... തണുപ്പുമുപ്പും.

1 കൊസെത്തിന്റെ യജമാനത്തി; ദുഷ്ട

2 ഫ്രാൻസിലെ അന്നത്തെ നാണയം

# വാക്കും സംഖ്യയും

പള്ളിയറ ശ്രീധരൻ

*(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)*

ഓരോ അക്ഷരവും ഏത് അക്കത്തെ സൂചിപ്പിക്കുന്നു എന്നു നാം മനസ്സിലാക്കിയല്ലോ. അക്ഷരങ്ങൾ ചേർന്നാണ് വാക്കുകൾ ഉണ്ടാകുന്നത്. വാക്കുകൾ ചേർന്നു വാക്യങ്ങളും. ഗണിതത്തിലും ഇതേ പ്രതിഭാസം കാണാം. അക്കങ്ങൾ ചേർന്ന് സംഖ്യകളുണ്ടാകുന്നു. സംഖ്യകൾ ചേർന്ന് വാക്യങ്ങളും. വാക്യങ്ങളിൽ സമചിഹ്നമുണ്ടെങ്കിൽ സമവാക്യം. നമുക്ക് വാക്കുകളും അവ സൂചിപ്പിക്കുന്ന സംഖ്യകളും പരിചയപ്പെടാം.

സ്വരാക്ഷരങ്ങളെല്ലാം പൂജ്യത്തെ സൂചിപ്പിക്കുന്നു എന്നു നാം കണ്ടുകഴിഞ്ഞു. അതായത് അ, ആ, ഇ, ഈ, ഉ, ഊ... എന്നിങ്ങനെയുള്ള എല്ലാ സ്വരാക്ഷരങ്ങളും പൂജ്യത്തെ സൂചിപ്പിക്കുന്നു.

ഭാഷയിൽ വ്യഞ്ജനാക്ഷരങ്ങളോട് സ്വരാക്ഷരങ്ങൾ ചേർക്കുന്നതിന് നമുക്ക് അനേകം ഉദാഹരണങ്ങളുണ്ട്.

കാ കി കു പി മു തുടങ്ങിയവയെല്ലാം വ്യഞ്ജനാക്ഷരവും സ്വരാക്ഷരവും ചേർന്നവയാണെന്നു കാണാം.

ക് + ആ = കാ
ക് + ഇ = കി
ക് + ഉ = കു
ച് + ഊ = ചൂ

എന്നിവയിലെല്ലാം വ്യഞ്ജനാക്ഷരവും സ്വരാക്ഷരവുമുണ്ട്. ഇങ്ങനെയുള്ള അക്ഷരങ്ങളിൽ വ്യഞ്ജനാക്ഷരങ്ങൾ സൂചിപ്പിക്കുന്ന വിലയേ കടപയാദിയിൽ സ്വീകരിക്കാറുള്ളൂ. സ്വരാക്ഷരങ്ങളുടെ വില പൂജ്യമായതു കാരണമാണ് വ്യഞ്ജനാക്ഷരത്തിനു പ്രാധാന്യം വന്നത്. അതായത് ക, കാ, കി, കീ, കു, കൂ, കെ, കൈ തുടങ്ങിയ എല്ലാ അക്ഷരങ്ങളും ഒന്നിനെ സൂചിപ്പിക്കുന്നു.

ഇനി കൂട്ടക്ഷരങ്ങളുടെ കാര്യം പരിശോധിക്കാം. രണ്ട് വ്യഞ്ജനാക്ഷരങ്ങൾ ചേർന്നാണ് ഒരു കൂട്ടക്ഷരമുണ്ടാകുന്നത്.

ക് + ക = ക്ക
ക് + ത = ക്ത
പ് + പ = പ്പ
ന് + ത = ന്ത
ന് + ദ = ന്ദ

കടപയാദി പ്രയോഗിക്കുമ്പോൾ കൂട്ടക്ഷരത്തിൽ രണ്ടാമത്തെ അക്ഷരം സൂചിപ്പിക്കുന്ന സംഖ്യയാണ് പരിഗണിക്കേണ്ടത്. ക = 1, ത = 6 ആയതിനാൽ ക്ത 6 ആയിരിക്കും.

**കടപയാദി - അക്ഷരങ്ങളും വിലയും**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 0 |
|---|---|---|---|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ | ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ | | | | | |
| യ | ര | ല | വ | ശ | ഷ | സ | ഹ | ള | ഴ |

അക്ഷരങ്ങൾ ചേർന്ന് വാക്കുകൾ ഉണ്ടാകുമെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. അപ്പോൾ മൂന്ന് അക്ഷരങ്ങളുള്ള ഒരു വാക്ക് മൂന്നക്കമുള്ള ഒരു സംഖ്യയെയാണു സൂചിപ്പിക്കുക. പക്ഷേ അക്കങ്ങളുടെ ക്രമം മാറ്റണം എന്നാണു നിയമം.

'അങ്കാനാം വാമതോ ഗതി' എന്നാണ് ഇതിനുള്ള നിയമം. അക്കങ്ങൾ ഇടതു ഭാഗത്തേക്കു പരിഗണിക്കണം. ഉദാഹരണമായി കവിത എന്ന വാക്കിൽ

ക = 1, വി = 4, ത = 6

സൂചിപ്പിക്കുന്നത് 146 അല്ല. 641 ആയിരിക്കും.

ഗ = 3, ണ = 5, ത = 6

ആയതിനാൽ 'ഗണിതം' സൂചിപ്പിക്കുന്നത് 653 ആയിരിക്കും.

അക്കത്തെക്കാൾ കൂടുതൽ അക്ഷരങ്ങൾ ഉള്ളതിനാൽ ഒരു അക്കത്തിനു തന്നെ ഒന്നിലധികം അക്ഷരങ്ങൾ ഉപയോഗിക്കാൻ കഴിയും.

മാത്രമല്ല ഒരക്ഷരം തന്നെ സ്വരങ്ങൾ ചേർന്ന് അനേകം അക്ഷരങ്ങൾ ആവാം. അതായത് 1 നെ സൂചിപ്പിക്കാൻ ക, ട, പ, യ എന്ന് മാത്രമല്ല കാ, കി കൂ.... ടാ, ടി ടൂ എന്നിങ്ങനെയുള്ള അക്ഷരങ്ങൾ കൂടി ഉപയോഗിക്കാം.

നമ്മുടെ നിത്യജീവിതത്തിൽ പല സംഖ്യകളും ഓർത്തുവയ്ക്കേണ്ടുന്ന ആവശ്യം വരാം. വീട്ടുനമ്പർ, കാർനമ്പർ, വൈദ്യുതികണക്ഷൻ നമ്പർ, തുടങ്ങിയവ ചില ഉദാഹരണങ്ങൾ. ഇത്തരം നമ്പറുകൾ ഓർത്തുവയ്ക്കാൻ കടപയാദി ഉപയോഗിക്കാം.

ഉദാഹരണമായി ഒരാളുടെ കാർ നമ്പർ 6821 എന്നിരിക്കട്ടെ. പ = 1, ര = 2, ജ = 8, ത = 6, ആയതിനാൽ 'പാരിജാതം' എന്ന വാക്ക് ഈ സംഖ്യയെ സൂചിപ്പിക്കും. സ = 7, മ = 5, ല = 3, ത = 6, ആയതിനാൽ 6357 എന്ന വീട്ടുനമ്പർ ഓർമിക്കാൻ 'സുമലത' എന്ന പേര് ഉപയോഗിക്കാം. ഇനി നിങ്ങൾക്ക് ഓർക്കാനുള്ള നമ്പറുകൾക്കു യോജിച്ച വാക്ക് നിങ്ങൾ തന്നെ കണ്ടുപിടിക്കുമല്ലോ?

palliyarasreedharan@gmail.com

കവിത

# മണൽവണ്ടികൾ

**കാപ്പിൽ ഗോപിനാഥൻ**

മഴമാറി വെയിലെത്തി
വെയിൽവീണു പുഴതന്നിൽ
പുഴവെള്ളം തെളിനീരായ്
അവിരാമം ഒഴുകുന്നു
പുഴയോരം നയനാഭം
മഴ തീർത്ത മണൽമുറ്റം
മണലൂറ്റാൻ ഒളിസംഘം
അവിടെത്തി പലമട്ടിൽ
പുഴമാന്തി കുഴിയാക്കി
മണൽവണ്ടികൾ പായുന്നു
മണലല്ലേ, പണമല്ലേ
ആരവരെ തടയുന്നു!



വര: അരുണ ആലഞ്ചേരി

# ഉല്ലാസയാത്രയും ഇത്തിരിക്കണ്ണീരും

ചന്ദ്രമതി

ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും അന്നു സ്കൂൾവിട്ട് വീട്ടിൽ വന്നു കയറിയത് വലിയ സന്തോഷത്തിലായിരുന്നു. ഇഷ്ടക്കുട്ടി എന്തെങ്കിലും പറയുന്നതിനു മുമ്പ് ഇഷ്ടല്ലാക്കുട്ടി ചാടിക്കയറി അമ്മയോടു പറഞ്ഞു.

''അമ്മേ ഞങ്ങളീ വെള്ളിയാഴ്ച ടൂറു പോണൂ! ടൂറു പോണൂ!''

''ടൂറെന്നല്ല ടുവർ എന്നാണു പറയേണ്ടതു ചേച്ചീ.'' ഇഷ്ടക്കുട്ടി പറഞ്ഞു.

''സിന്ധുമാം പറഞ്ഞതു മറന്നുപോയോ?''

''ങാഹാ?'' ഇഷ്ടല്ലാക്കുട്ടിക്കു ദേഷ്യം വന്നു.

''നീ വല്യ ആളാവല്ലേ. ചുണയുണ്ടെങ്കിൽ ആ



വര: രഘു കുമരകം

വാക്കിന്റെ സ്പെല്ലിങ് പറ.''

''Tour''

''അമ്മേ..'' ഇഷ്ടല്ലാക്കുട്ടി വിളിച്ചു. ''Tour' എങ്ങനെയാ വായിക്കുന്നത്?''

''അത് ടുവർ എന്നാണു മോളേ.'' അമ്മ പറഞ്ഞു.

''ശരിക്കു പറഞ്ഞാൽ R എന്ന അക്ഷരവും പകുതി സൈലന്റാണ്. കുറെക്കൂടി കഴിയുമ്പോൾ മോൾക്കതു ശരിക്കു പറയാനാകും.''

''എനിക്കു കുറെക്കൂടി കഴിയണ്ട.''

ഇഷ്ടല്ലാക്കുട്ടി ചൊടിച്ചു.

''ഞാൻ ടൂറെന്നേ പറയൂ. ടൂർ! ടൂർ! ടൂർ! ടൂർ!

''ചേച്ചി ആയിരം പ്രാവശ്യം പറഞ്ഞാലും അതു തെറ്റു തന്നെയാണ്. ഇഷ്ടക്കുട്ടി വിട്ടു കൊടുത്തില്ല.

''ഞാൻ സിന്ധുമാം പറഞ്ഞുതരുന്നതുപോലെയേ പറയൂ.''

''പോടീ...'' എന്നു പറഞ്ഞ് ഇഷ്ടല്ലാക്കുട്ടി അകത്തുകയറിപ്പോയി.

''വഴക്കു കൂടരുതേ.''

അമ്മ പറഞ്ഞു.

''നിങ്ങൾ രണ്ടാളും നല്ല കുട്ടികളായി പെരുമാറിയില്ലെങ്കിൽ ആരും എങ്ങും പോവില്ല.''

വെള്ളിയാഴ്ച രാവിലെ ആരും വിളിച്ചുണർത്താതെ രണ്ടുപേരും ഉണർന്നു. ആരും നിർബന്ധിക്കാതെ രണ്ടു പേരും കുളിച്ച് ഡ്രസ്സു മാറി വന്നു കാപ്പികുടിച്ചു.

''എന്നും ആ സ്കൂളുകാർ ഇതുപോലെ ഉല്ലാസയാത്രയ്ക്കു കൊണ്ടുപോയിരുന്നെങ്കിൽ എന്റെ ജോലി കുറഞ്ഞേനെ.'' അമ്മ ചിരിച്ചു.

''ഉരുട്ടി വിളിച്ചാൽ ഉണരാത്താവരാണ്. ഇപ്പോൾ കണ്ടില്ലേ?'' അച്ഛനും ചിരിച്ചു.

ബാഗുകൾക്കുള്ളിൽ അമ്മ ഓരോ ജോഡി ഡ്രസ്സും ടൗവലുകളും പിന്നെ തിന്നാനുള്ള കുറെ പലഹാരങ്ങളും വച്ചു. ഉണ്ണിയപ്പം, ബിസ്കറ്റ്, അമ്മതന്നെ വറുത്തെടുത്ത ഏത്തയ്ക്കാ ഉപ്പേരി, വാട്ടർ ബോട്ടിലുകൾ നിറയെ വെള്ളവും.

**ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും ഒരു സീറ്റിലായിരുന്നു. ബസ് പുറപ്പെട്ടതും ഇഷ്ടല്ലാക്കുട്ടി പറഞ്ഞു. "എനിക്കു നിന്റെയടുത്തിരിക്കാൻ ഇഷ്ടമല്ല. ഞാനെന്റെ ബെസ്റ്റ് ഫ്രണ്ടിന്റെ അടുത്തുപോകുന്നു." ഇഷ്ടല്ലാക്കുട്ടിയുടെ ബെസ്റ്റ്ഫ്രണ്ട് അനാമികയാണ്. അനാമിക ദേവനന്ദനയ്ക്കൊപ്പം ഒരു സീറ്റിലായിരുന്നു. ഇഷ്ടല്ലാക്കുട്ടി എഴുന്നേറ്റ് അങ്ങോട്ടു ചെന്നു.**

''ഉണ്ണിയപ്പവും ബിസ്കറ്റും ചിപ്സുമൊക്കെ എല്ലാവർക്കും കൊടുക്കണേ.''

അമ്മ പറഞ്ഞു.

സ്കൂൾബസ്സിലേക്ക് സിന്ധുമാമും വേദാമാമും കുട്ടികളെ എണ്ണിക്കയറ്റി. മുപ്പതു പേരുണ്ട്. സ്കൂളിൽ ടീച്ചർമാർക്കും ആയമാർക്കുമൊക്കെ ചായയുണ്ടാക്കിക്കൊടുക്കുന്ന ബാബുവങ്കിളും ബസിൽ കയറി. എല്ലാവരും പ്രാർഥിച്ചതിനുശേഷം യാത്ര പുറപ്പെട്ടു.

ഇഷ്ടക്കുട്ടിയും ഇഷ്ടല്ലാക്കുട്ടിയും ഒരു സീറ്റിലായിരുന്നു. ബസ് പുറപ്പെട്ടതും ഇഷ്ടല്ലാക്കുട്ടി പറഞ്ഞു.

''എനിക്കു നിന്റെയടുത്തിരിക്കാൻ ഇഷ്ടമല്ല. ഞാനെന്റെ ബെസ്റ്റ് ഫ്രണ്ടിന്റെ അടുത്തു പോകുന്നു.''

ഇഷ്ടല്ലാക്കുട്ടിയുടെ ബെസ്റ്റ് ഫ്രണ്ട് അനാമികയാണ്. അനാമിക ദേവനന്ദനയ്ക്കൊപ്പം ഒരു സീറ്റിലായിരുന്നു. ഇഷ്ടല്ലാക്കുട്ടി എഴുന്നേറ്റ് അങ്ങോട്ടു ചെന്നു.

''ദേവനന്ദനാ മാറ്.''

അവൾ പറഞ്ഞു. ''എനിക്കിവിടെ ഇരിക്കണം.''

''ഞാൻ മാറൂല്ല.'' ദേവനന്ദന പറഞ്ഞു.

''ങാഹാ? അനാമിക എന്റെ ബെസ്റ്റ് ഫ്രണ്ടാണ്. എനിക്കിവിടെ ഇരിക്കണം.''

''ഞാൻ മാറൂല്ലെന്നു പറഞ്ഞില്ലേ? കുട്ടി കുട്ടീടെ സീറ്റിലോട്ടുപോ.'' ദേവനന്ദന ചൂടായി.

''എന്താ അവിടെ?''

വേദാമാം ബഹളം കേട്ടിടത്തേക്ക് ഓടിവന്നു. പ്രശ്നം കേട്ടപ്പോൾ അവർ അനാമികയോടു ചോദിച്ചു.

''അനാമികാ, കുട്ടിക്ക് ജ്യോതികയോടൊപ്പം ഇരിക്കണോ?''

''വേണ്ട മാം.'' അനാമിക പറഞ്ഞു. അവൾ പേടിച്ചതുപോലെ തോന്നി.

''കേട്ടല്ലോ?'' വേദാമാം ഇഷ്ടല്ലാക്കുട്ടിയോടു ചോദിച്ചു. ''ജ്യോതിക എപ്പോഴും പ്രശ്നമുണ്ടാക്കുന്ന കുട്ടിയാണല്ലോ. ബസിൽ കയറുമ്പോൾ നിനക്ക് ഇഷ്ടമുള്ളിടത്ത് ഇരിക്കാമായിരുന്നില്ലേ? ഇപ്പോഴാണോ ബഹളമുണ്ടാക്കുന്നത്? പോയിരിക്ക്.''

മുഖം വീർപ്പിച്ചുകൊണ്ട് ഇഷ്ടല്ലാക്കുട്ടി ഇഷ്ടക്കുട്ടിയുടെ അടുത്തുവന്നിരുന്നു.

''എല്ലാം നീ കാരണമാണ്. നീയല്ലേ എന്നെപ്പിടിച്ച് ഇവിടെ ഇരുത്തിയത്?'' എന്നു ചോദിച്ചുകൊണ്ട് ഇഷ്ടല്ലാക്കുട്ടി ഇഷ്ടക്കുട്ടിയുടെ തുടയിൽ നുള്ളി. നല്ലവണ്ണം വേദനിച്ചെങ്കിലും ഇഷ്ടക്കുട്ടി ഒന്നും പറഞ്ഞില്ല.

ബസ് ഒരു കൊട്ടാരത്തിനു മുന്നിൽ നിന്നു. വരിവരിയായി കുട്ടികളെ എണ്ണിനിർത്തിയിട്ട് വേദാമാമും സിന്ധുമാമും അവരെ കൊട്ടാരത്തിനുള്ളിലേക്കു കൊണ്ടുപോയി. കൂടെവന്ന താടിക്കാരൻ

എല്ലാം പറഞ്ഞുതരുന്നുണ്ടായിരുന്നു.

''ഇത് മരുന്നുകൊണ്ടുണ്ടാക്കിയ കട്ടിലാണ്. രാജാവിന്റേത്. ഇതിൽ എന്നും കിടന്നുറങ്ങിയാൽ അസുഖം വരില്ല.''

താടിക്കാരൻ പറഞ്ഞു.

''ഞാൻ കിടന്നോട്ടെ?''

റിസ്വാൻ ചോദിച്ചു.

''കിടക്കുകയോ? തൊടാനാരേം സമ്മതിക്കില്ലല്ലോ!''

അങ്ങനെ അവർ ഒരുപാടു കാഴ്ചകൾ കണ്ടു. രാജാവിന്റെ ആയുധങ്ങൾ പൂജിച്ചിരുന്ന വിഗ്രഹങ്ങൾ... എല്ലാം കണ്ടിറങ്ങിയപ്പോൾ അവർക്കു സന്തോഷം തോന്നി. വീണ്ടും യാത്ര തുടരുന്ന ബസ്സിനുള്ളിൽ അവർ പലഹാരങ്ങൾ പങ്കുവച്ച് പാട്ടുപാടി വഴിയാത്രക്കാർക്ക് ടാറ്റാ പറഞ്ഞ് ബഹളം കൂട്ടിയിരുന്നു.

ഉച്ചയായപ്പോൾ ബസ്സ് ഒരു സ്ഥലത്തെത്തി. ബാബു അങ്കിൾ പോയി ഭക്ഷണം തയ്യാറായോ എന്നന്വേഷിച്ചു വന്നു. പിന്നെ കുട്ടികളെല്ലാവരും ഇറങ്ങി ചോറുണ്ട്, ബാത്റൂമിലൊക്കെ പോയി തിരിച്ചുവന്നു.

തിരികെ ബസ്സിൽ കയറണ്ട എന്നു സിന്ധുമാം പറഞ്ഞു.

''ഇവിടെ നമുക്കു വെള്ളച്ചാട്ടം കാണാം. പിന്നെ താഴത്തെ വലിയ പൂന്തോട്ടവും കണ്ടാൽ നമുക്കു തിരിച്ചുപോകാനുള്ള സമയമാകും.''

വെള്ളച്ചാട്ടമെന്നു കേട്ടപ്പോൾ കുട്ടികൾക്കു ഉത്സാഹമായി.

''ഞാൻ വെള്ളച്ചാട്ടത്തിൽ കുളിക്കും.''

ജോമോൻ പറഞ്ഞു.

''ഞാനും കുളിക്കും.''

''ഞാനും കുളിക്കും.''

കുറെ കുട്ടികൾ ഏറ്റുപറഞ്ഞു. പക്ഷേ വേദാമാം പറഞ്ഞു.

''ശക്തിയുള്ള വെള്ളച്ചാട്ടമാണ്. വലിയ ആൾക്കാരെ മാത്രമേ ഇവിടെ കുളിക്കാൻ സമ്മതിക്കൂ. നമുക്കു വെള്ളച്ചാട്ടം കണ്ടുനിൽക്കാം. എന്തു ഭംഗിയാണെന്നോ!''

വെള്ളച്ചാട്ടം കണ്ടപ്പോൾ നല്ല ഭംഗിയാണെന്ന് എല്ലാവരും സമ്മതിച്ചു. ഉയർന്ന പാറക്കെട്ടിൽനിന്ന് പതഞ്ഞൊഴുകി കുത്തനെ താഴേക്കു വീഴുമ്പോഴത്തെ ശബ്ദവും ചിതറിവീശുന്ന വെള്ളത്തുള്ളികളും എല്ലാവരും ആസ്വദിച്ചു. വെള്ളച്ചാട്ടത്തിൽ കുറെ മുതിർന്നവർ ചാടിക്കളിക്കുന്നുണ്ടായിരുന്നു. കുട്ടികൾ കടക്കാതിരിക്കാൻ ഇരുമ്പഴി കെട്ടി ഒരു കാവൽക്കാരനും ഉണ്ടായിരുന്നു.

''മാം,'' ഇഷ്ടല്ലാക്കുട്ടി വിളിച്ചു. ''എനിക്ക് ആ വെള്ളത്തിന്റെ അടിയിൽ പോയി നിൽക്കണം.''

''നിന്റെ കൊച്ചുതലയ്ക്ക് ആ വെള്ളച്ചാട്ടത്തിന്റെ ശക്തി താങ്ങാനൊക്കില്ല ജ്യോതികാ.'' സിന്ധുമാം പറഞ്ഞു. ''തല പിളർന്നു പോകും. വലുതായിട്ട് പിന്നീടുവന്നു കുളിക്കാം.''

''ഇല്ല, ഇപ്പോൾ കുളിക്കണം.''

ഇഷ്ടല്ലാക്കുട്ടി ശാഠ്യം പിടിച്ചു. വേറെ ചില കുട്ടികളും അത് ഏറ്റുപറഞ്ഞു. ഇഷ്ടക്കുട്ടിക്കും കുളിക്കണമെന്നു തോന്നി. പക്ഷേ കാവൽ നിൽക്കുന്ന ആൾ എല്ലാവരോടും ദേഷ്യപ്പെട്ടു.

''ഈ കമ്പിക്കകത്തേക്കു കയറാൻ നോക്കിയാൽ ഈ വടികൊണ്ടു ഞാൻ നിങ്ങളുടെ കാലു തല്ലിയൊടിക്കും.''

അയാൾ വടിയുയർത്തിയപ്പോൾ കുട്ടികൾ അകന്നു നിന്നു.

''നമ്മളെല്ലാവരും വെള്ളച്ചാട്ടം കണ്ടല്ലോ?''

സിന്ധുമാം പറഞ്ഞു.

''ഇനി നമുക്ക് ശ്രദ്ധിച്ചു താഴേക്കിറങ്ങാം. ദാ കണ്ടോ, അവിടെ ഒരുപാടു കടകളുണ്ട്. നിങ്ങൾക്കു വളയോ കമ്മലോ കളിപ്പാട്ടമോ ഒക്കെ വാങ്ങാം. പിന്നെ തോട്ടം ചുറ്റിക്കണ്ടിട്ട് തിരിച്ചുപോകാം.''

ഇഷ്ടല്ലാക്കുട്ടി അനാമികയോടു രഹസ്യമായി പറഞ്ഞു.

''അനാമികാ, നമുക്ക് സിന്ധുമാമിനെയും വേദാമാമിനെയും പറ്റിച്ചിട്ടു തിരിച്ചു വരാം. എന്നിട്ടു വെള്ളച്ചാട്ടത്തിൽ കളിക്കാം.''

''ആ വടിമാമൻ നമ്മളെ അടിക്കൂല്ലേ?'' അനാമികയ്ക്കു പേടിയായി.

''ആ മാമൻ കാണാതെ നമുക്കു കേറാന്നേ... ഇപ്പോൾ നമുക്ക് ഇവരുടെ കൂടെ പോകാം.''

അവർ മറ്റുകുട്ടികൾക്കൊപ്പം പടവുകളിറങ്ങി കടകളിലേക്കുപോയി. ഇഷ്ടക്കുട്ടി കറുത്ത തലമുടിയുള്ള ഒരു പാവയെ വാങ്ങി. ഇഷ്ടല്ലാക്കുട്ടി ഒന്നും വാങ്ങിയില്ല. അവളുടെ മനസ്സുനിറയെ വെള്ളച്ചാട്ടമായിരുന്നു. അനാമിക അവളുടെ അനിയന്

**'മാം,' ഇഷ്ടല്ലാക്കുട്ടി വിളിച്ചു. "എനിക്ക് ആ വെള്ളത്തിന്റെ അടിയിൽ പോയി നിൽക്കണം."**
**"നിന്റെ കൊച്ചുതലയ്ക്ക് ആ വെള്ളച്ചാട്ടത്തിന്റെ ശക്തി താങ്ങാനൊക്കില്ല ജ്യോതികാ" സിന്ധുമാം പറഞ്ഞു. "തല പിളർന്നുപോകും. വലുതായിട്ട് പിന്നീടുവന്നു കുളിക്കാം."**
**"ഇല്ല ഇപ്പോൾ കുളിക്കണം." ഇഷ്ടല്ലാക്കുട്ടി ശാഠ്യം പിടിച്ചു. വേറെ ചില കുട്ടികളും അത് ഏറ്റുപറഞ്ഞു.**





ഒരു പന്തുവാങ്ങിച്ചു.
പിന്നെ ഒരു ചായക്കട യിൽനിന്ന് സിന്ധുമാം എല്ലാവർക്കും ചായയും ബിസ്കറ്റും വാങ്ങി. പുല്ലിൽ നിരന്നിരുന്ന് എല്ലാവരും ബിസ്കറ്റു തിന്ന് ചായ കുടിച്ചു. അവരുടെ ചിരിയിലും കളിയിലും ആ സ്ഥല മാകെ സന്തോഷിച്ചു.

എല്ലാവരും പൂന്തോട്ടം കാണാൻ വരിവരിയായി തിരിച്ചപ്പോൾ ഇഷ്ടല്ലാക്കുട്ടി അനാമികയുടെ കൈപിടിച്ച് ഏറ്റവും പുറകിലേക്കുപോയി നിന്നു. അനാമിക പേടിച്ചു വിറയ്ക്കുന്നുണ്ടായിരുന്നു.

''വേണ്ട ജ്യോതികാ...''
അനാമിക പറഞ്ഞു.
''എനിക്കു പേടിയാവണു.''
''മിണ്ടാതെ മര്യാദയ്ക്ക് എന്നോടൊപ്പം വന്നോ.''
ഇഷ്ടല്ലാക്കുട്ടി ദേഷ്യപ്പെട്ടു. അവർ പടവുകൾ കയറാൻ

തുടങ്ങി. അവർ രണ്ടുപേർ മാത്രമേ കയറാനുള്ളൂ. ബാക്കിയെല്ലാവരും താഴേക്കിറങ്ങി വരികയാണ്.

''കുട്ടികളേ നിങ്ങളെങ്ങോട്ടു പോകുന്നു?'' ഒരാൾ ചോദിച്ചു. ''അവിടെനിന്നു പുറത്തേക്കു വഴിയില്ല.''

''ഒരു സാധനം കളഞ്ഞു പോയതു നോക്കാൻ പോവുകയാണ്.'' ഇഷ്ടല്ലാക്കുട്ടി പറഞ്ഞു.

''നിങ്ങൾ സ്കൂൾക്കുട്ടികളാണല്ലോ.'' അയാൾ യൂണിഫോമിലും ഐഡി കാർഡിലും നോക്കിപ്പറഞ്ഞു. ''ഒരു ടീച്ചറിനെക്കൂടി കൂട്ടാമായിരുന്നില്ലേ?''

''ടീച്ചർമാർ താഴെ തോട്ടത്തിലുണ്ട്. ഞങ്ങളോടു വേഗം പോയിവരാൻ പറഞ്ഞു.''

ഇഷ്ടല്ലാക്കുട്ടി അനാമികയുടെ കൈയും പിടിച്ച് വേഗംവേഗം പടികൾ കയറി.

''ചുമതലയില്ലാത്ത ടീച്ചർമാർ?'' അയാൾ കൂടെയുള്ളവരോടു പറഞ്ഞു.

''ഇവരോടൊപ്പം എങ്ങനെ നമ്മൾ സമാധാനത്തോടെ കുട്ടികളെ വിടും?''

ഇഷ്ടല്ലാക്കുട്ടിയും അനാമികയും വെള്ളച്ചാട്ടത്തിനടുത്ത് എത്തിക്കഴിഞ്ഞിരുന്നു. പെട്ടെന്ന് അനാമിക തന്റെ കൈ വലിച്ചെടുത്തു.

''വേണ്ട ജ്യോതികാ, ഞാനില്ല.''

അനാമിക പറഞ്ഞു.

''എനിക്കു പേടിയാണ്. ഞാൻ തിരിച്ചു പോണു.''

''എന്നാൽ പോടീ.''

ഇഷ്ടല്ലാക്കുട്ടി അനാമികയെ പിടിച്ചുതള്ളി.

''ഞാൻ നിന്റെ കൂട്ടുവെട്ടി. പോ പോ..''

ശരവേഗത്തിൽ അനാമിക തിരിഞ്ഞ് പടവുകളിറങ്ങി ഓടാൻ തുടങ്ങി. അവൾ പോയി വിവരം പറയുന്നതിനു മുമ്പ് വെള്ളച്ചാട്ടത്തിനടുത്തേക്കു പോകണമെന്ന് ഇഷ്ടല്ലാക്കുട്ടി തീരുമാനിച്ചു. ഇരുമ്പഴികളുടെ ഇടയിലൂടെ ഞെരുങ്ങിയാണെങ്കിലും അകത്തുകടക്കാം. പക്ഷേ ആ വടിമാമൻ കാണാൻ പാടില്ല.

അവൾ അഴികൾക്കിടയിലൂടെ കടക്കാൻ പാകത്തിന് ഒതുങ്ങിനിന്നു. കുട്ടികളോടൊപ്പം കുറെ കുടുംബങ്ങൾ അവിടെ നിന്നതുകൊണ്ട് അവളെ ഗാർഡ് ശ്രദ്ധിച്ചതുമില്ല. അയാൾ ആരോടോ വർത്തമാനം പറയുന്നതിനായി ഒന്നു തിരിഞ്ഞതും ഇഷ്ടല്ലാക്കുട്ടി അഴികൾക്കിടയിലൂടെ അപ്പുറം കടന്നു. ചീറ്റിവീശുന്ന വെള്ളത്തിൽ അവൾ നനഞ്ഞു.

പിറകിൽ ''അയ്യോ'' എന്ന വിളിയും ''കുട്ടീ, കുട്ടീ'' എന്ന അലർച്ചയും കേട്ടുകൊണ്ട് ഇഷ്ടല്ലാക്കുട്ടി വെള്ളച്ചാട്ടത്തിന്റെ അരികിലേക്കു കുതിച്ചു. പായൽ പിടിച്ച പാറമേൽ ചെരുപ്പുതെന്നി മുന്നോട്ടുപോയ അവൾ വെള്ളച്ചാട്ടത്തിന്റെ നേരേ അടിയിൽപോയി വീണു. തന്റെ തലയിൽ ആരോ പാറകൊണ്ട് അടിക്കുന്നതു പോലെ അവൾക്കുതോന്നി.

വർണപ്പൂക്കളും പൂമ്പാറ്റകളും വൃക്ഷങ്ങളും കിളിശബ്ദങ്ങളുമുള്ള തോട്ടത്തിൽ കലപിലാന്നു സംസാരിച്ചു ബഹളമുണ്ടാക്കി നടക്കുന്ന കുട്ടികളോടൊപ്പം ആരും ശ്രദ്ധിക്കാതെ അനാമികയും ചേർന്നു. തങ്ങൾ ഇല്ലായിരുന്നുവെന്ന് ആരും അറിഞ്ഞിട്ടില്ലെന്ന് അവൾക്കു മനസ്സിലായി. ഇഷ്ടല്ലാക്കുട്ടിയുടെ അനുജത്തി ഇഷ്ടക്കുട്ടി ദേവനന്ദനയ്ക്കൊപ്പം ഒരു വലിയ ചിത്രശലഭത്തെനോക്കി എന്തോ പറഞ്ഞു ചിരിച്ചു നിൽക്കുന്നു. ഇഷ്ടല്ലാക്കുട്ടി വെള്ളച്ചാട്ടത്തിലേക്കു പോയത് അവളോടോ ടീച്ചർമാരോടോ പറയണോ വേണ്ടയോ എന്ന് അനാമികയ്ക്ക് അറിയില്ലായിരുന്നു.

ഈ സമയം ബോധം നശിച്ച ഇഷ്ടല്ലാക്കുട്ടിയെ ഗാർഡും മറ്റുള്ളവരും ചേർന്നു താങ്ങിയെടുത്തു താഴേക്കുകൊണ്ടുവന്ന് ഒരു കടയിലെ ബഞ്ചിൽ കിടത്തി. അവർ ആംബുലൻസിനു ഫോൺ ചെയ്തു. ഒരാൾ കുട്ടിയുടെ ഐഡികാർഡിലെ നമ്പറിൽ സ്കൂളിലേക്കു വിളിച്ചു. ഭാഗ്യത്തിന് പ്രിൻസിപ്പൽ സ്കൂളിലുണ്ടായിരുന്നു. അവർ അങ്കലാപ്പോടെ സിന്ധുമാമിനെ മൊബൈലിൽ വിളിച്ചു.

എന്താണു സംഭവിച്ചതെന്ന് ആർക്കും മനസ്സിലായില്ല. സിന്ധുമാമും ബാബു അങ്കിളും ഓടിപ്പോകുന്നതു കുട്ടികൾ കണ്ടു.

''എല്ലാവരും ബസിൽ കയറൂ, വേഗം വേഗം.''

വേദമാം കുട്ടികളെ എണ്ണിക്കയറ്റി. ഇരുപത്തൊമ്പതു പേർ.

അപ്പോഴേക്കും അവർക്കു സിന്ധുമാമിന്റെ ഫോൺ വന്നു. അവർ സംസാരിക്കുന്നതു കുട്ടികൾ കേട്ടു.

''എന്താ സിന്ധൂ? ഏതു

**ആശുപത്രിയിൽ പച്ചവിരിപ്പിട്ട കിടക്കയിൽ ഇഷ്ടല്ലാക്കുട്ടി കിടക്കുന്നുണ്ടായിരുന്നു. കൈയിൽ ഡ്രിപ്പുകൊടുക്കുന്ന സൂചി. നെറ്റിയിൽ വട്ടത്തിലൊരു വെള്ളക്കെട്ട്. "ചേച്ചീ" എന്നു വിളിച്ച് ഇഷ്ടക്കുട്ടി വീണ്ടും കരയാൻ തുടങ്ങി. ഇഷ്ടല്ലാക്കുട്ടി കണ്ണുതുറന്ന് അവളെ നോക്കിയിട്ടു വീണ്ടും കണ്ണടച്ചു.**

ഹോസ്പിറ്റൽ? കുഴപ്പമൊന്നുമില്ലല്ലോ? ഞങ്ങൾ ദാ എത്തി.''

ഡ്രൈവർ വേഗം ബസോടിച്ചു.

പെട്ടെന്നാണ് ഇഷ്ടക്കുട്ടി വിളിച്ചത്.

''മാം, എന്റെ ചേച്ചിയെ കാണുന്നില്ല.''

''നിന്റെ ചേച്ചി...''

വേദാമാം ഇഷ്ടക്കുട്ടിയെ ചേർത്തുപിടിച്ചു.

''നിന്റെ ചേച്ചി ഒന്നുവീണു. ആശുപത്രിയിൽ കൊണ്ടുപോയിരിക്കുകയാണ്. നമ്മൾ അങ്ങോട്ടാ പോകുന്നത്.''

''അയ്യോ ചേച്ചീ...''

എന്നു വിളിച്ച് ഇഷ്ടക്കുട്ടി കരയാൻ തുടങ്ങി. കൂടെ പല കുട്ടികളും കരയാൻ തുടങ്ങി.

''ഒന്നുമില്ലെന്നു പറഞ്ഞില്ലേ ജ്യോത്സ്നാ? നിന്റെ ചേച്ചി ചെറുതായി ഒന്നു വീണതേയുള്ളൂ. നമുക്കിപ്പോൾ കാണാം അവളെ.''

തന്റെ സീറ്റിലിരുന്ന് അനാമിക വാവിട്ടു കരഞ്ഞു. ജ്യോതികയുടെ ബെസ്റ്റ് ഫ്രണ്ടല്ലേ, അതാവും എന്നു വേദമാം വിചാരിച്ചു.

ആശുപത്രിയിൽ പച്ചവിരിപ്പിട്ട കിടക്കയിൽ ഇഷ്ടല്ലാക്കുട്ടി കിടക്കുന്നുണ്ടായിരുന്നു. കൈയിൽ ഡ്രിപ്പുകൊടുക്കുന്ന സൂചി. നെറ്റിയിൽ വട്ടത്തിലൊരു വെള്ളക്കെട്ട്.

''ചേച്ചീ...'' എന്നു വിളിച്ച് ഇഷ്ടക്കുട്ടി വീണ്ടും കരയാൻ തുടങ്ങി. ഇഷ്ടല്ലാക്കുട്ടി കണ്ണുതുറന്ന് അവളെ നോക്കിയിട്ടു വീണ്ടും കണ്ണടച്ചു. ഇഷ്ടല്ലാക്കുട്ടിക്ക് കുത്തിവയ്ക്കുന്നത് ഏറ്റവും പേടിയായിരുന്നു. അവളുടെ കൈയിലെ സൂചിയിൽ നോക്കി ഇഷ്ടക്കുട്ടി വീണ്ടും കരഞ്ഞു.

''ഒന്നുമില്ല മോളേ...''

സിന്ധുമാം പറഞ്ഞു.

''ഡ്രിപ്പു തീർന്നാലുടനെ നമുക്കു പോകാം. ജ്യോതികയ്ക്കു ഒന്നും പറ്റിയിട്ടില്ല.''

പിന്നെ അവർ ഫോണിൽ സംസാരിച്ചു.

''ഇല്ല, സർ. ഭാഗ്യത്തിന് ഒന്നും പറ്റിയിട്ടില്ല. നെറ്റിയിലൊരു ചെറിയ മുറിവുണ്ട്. അതു ഡ്രസ്സ് ചെയ്തുകഴിഞ്ഞു. ബോധം കുറച്ചു സമയത്തേക്കില്ലായിരുന്നു. അതു ഷോക്കാണെന്നാണ് ഡോക്ടർ പറഞ്ഞത്. ഇല്ല.. സ്കാൻ ചെയ്തുനോക്കി... കുഴപ്പമില്ല...''

പിന്നെയവർ ഫോൺ ഇഷ്ടക്കുട്ടിക്കു കൊടുത്തു.

''നിന്റെ അച്ഛനാണ്. പേടിക്കരുത്. അവർ ഇങ്ങോട്ടു വരികയാണ്.''

കരച്ചിലടക്കി ഇഷ്ടക്കുട്ടി സംസാരിച്ചു.

''ഇല്ല അച്ഛാ, ചേച്ചി കണ്ണുതുറന്ന് എന്നെ നോക്കി. കുഴപ്പമില്ല.''

വേദാമാം മുറിയിൽ വന്നു.

''കുട്ടികളൊക്കെ വിഷമിച്ചിരിക്കുന്നു. ആ അനാമികയ്ക്കു നല്ല പനിയുമുണ്ട്. പേടിച്ച ലക്ഷണമാണ്.''

''ജ്യോതികയുടെ അച്ഛനും അമ്മയും ഇപ്പോഴെത്തും. വേദ ഒരു കാര്യം ചെയ്യൂ. കുട്ടികൾക്ക് തിന്നാനോ കുടിക്കാനോ എന്തെങ്കിലും വാങ്ങിക്കൊടുക്കൂ. കൈയിൽ കാശുണ്ടോ?''

''ഉണ്ട്.'' വേദാമാം പറഞ്ഞു. സിന്ധുമാമിന്റെ പേഴ്സിലുള്ള രൂപാമുഴുവൻ കൊടുത്താണ് ഇഷ്ടല്ലാക്കുട്ടിയുടെ തലയുടെ സ്കാനെടുത്തതെന്നു അവർക്ക് അറിയാമായിരുന്നു.

അച്ഛനും അമ്മയും എത്തിയപ്പോൾ ഡ്രിപ്പു തീർന്ന് ഇഷ്ടല്ലാക്കുട്ടി കട്ടിലിൽ എഴുന്നേറ്റിരിക്കുകയായിരുന്നു. അമ്മ അവളെ കെട്ടിപ്പിടിച്ചു കരഞ്ഞു. അച്ഛൻ ടീച്ചർമാരോടു കയർത്തു.

''ഇങ്ങനെയാണോ ഉല്ലാസയാത്രയ്ക്കു കുട്ടികളെയും കൊണ്ടുപോകുന്നത്. നിങ്ങൾക്കു ശ്രദ്ധിച്ചുകൂടേ? പോലീസിലറിയിച്ചാൽ മതി നിങ്ങളുടെയൊക്കെ ജോലി പോയി അകത്താകും.''

''അച്ഛാ...''

ഇഷ്ടല്ലാക്കുട്ടി വിളിച്ചു.

''സിന്ധുമാമിനേം വേദാമാമിനേം ഒന്നും പറയണ്ട. അവരറിഞ്ഞില്ല. ഞാൻ മനഃപൂർവം ഒളിച്ചുപോയതാ. വാശിക്കു പോയതാ.''

''നിന്റെ വാശി!''

അച്ഛൻ അവൾക്കു നേരെ തിരിഞ്ഞു.

''ഇപ്പോൾ അനുഭവിക്കുന്നതാരാണ്? ഞങ്ങളനുഭവിച്ച ടെൻഷൻ നിനക്കറിയാമോ?''

''അച്ഛാ, പ്ലീസ് അച്ഛാ.'' ഇഷ്ടക്കുട്ടി വിളിച്ചു. ''ആരേം വഴക്കുപറയല്ലേ അച്ഛാ.''

കാറിലേക്കു മക്കളെ കയറ്റുമ്പോൾ അച്ഛൻ ചോദിച്ചു.

''ആശുപത്രിയിൽ എത്ര ചെലവായി?'' ചോദ്യത്തോടൊപ്പം അച്ഛൻ പേഴ്സു പുറത്തെടുത്തു.

''ഒരു പൈസപോലും ഞങ്ങൾ വാങ്ങില്ല സർ.''

സിന്ധുമാം പറഞ്ഞു.

''അവൾ ഞങ്ങളുടെ കുട്ടിയാണ്. ഇവരെല്ലാം ഞങ്ങളുടെ മക്കളാണ്. സാറുപറഞ്ഞല്ലോ ഞങ്ങൾ ശ്രദ്ധിച്ചില്ലെന്ന്. അറിഞ്ഞുകൊണ്ട് ഒരാപത്തും ഞങ്ങൾ അവർക്കു വരുത്തില്ല...''

കാറിന്റെ ജനലിലൂടെ നിറഞ്ഞകണ്ണുകളുമായി ഇഷ്ടല്ലാക്കുട്ടി സിന്ധുമാമിനെ നോക്കി. ഇവരെയൊക്കെയാണല്ലോ താൻ ധിക്കരിച്ചത്. താൻ കാരണം എത്രപേർ വിഷമിക്കുന്നു.

കാർ നീങ്ങിയപ്പോൾ ബസിന്റെ ജനലിലൂടെ അനാമിക തന്റെ പനിച്ചൂടുള്ള കൈകൾ വീശി ടാറ്റാ പറഞ്ഞു.

# ചക്കരപ്പൊട്ടൻ

ഗ്രേസി

കുട്ടിരാമൻ എന്ന പേര് മോശമാണെന്ന് ആരെങ്കിലും പറയുമോ? ഇല്ലല്ലോ? എന്നിട്ടും അതിപ്പോ ചക്കരപ്പൊട്ടൻ എന്നായിപ്പോയില്ലേ?

കുട്ടിരാമൻ ചക്കരപ്പൊട്ടനായത് ഒരു കഥയാണു കേട്ടോ?

കുട്ടിരാമനെ കണ്ടാൽ ആർക്കും കുറച്ച് അത്ഭുതമൊക്കെ തോന്നും. അവന്റെ തല ഉടലിനു പാകമല്ലല്ലോ എന്നാവും ആദ്യം വിചാരിക്കുക. ഒരു മുഴുത്ത ചക്കരയുണ്ടപോലെയാണ് കുട്ടിരാമന്റെ തല. അതു നിറച്ചും എഴുന്ന് നിൽക്കുന്ന കുറ്റിമുടിയാണ്. എപ്പോഴും എന്തെങ്കിലുമൊക്കെ തിന്നുകൊണ്ടിരിക്കുന്നതാണ് ഏറ്റവും സന്തോഷം. അതുകൊണ്ടാണ് അവന്റെ ഉടലൊരു ഉരുളൻ തലയണപോലെയായിത്തീർന്നതെന്ന് ആർക്കാ മനസ്സിലാവാത്തത്? തടിച്ചുകുറുകിയ വിരലുകളും ഉണ്ണിക്കുടവയറും കൂടി കാണുമ്പോൾ ഇവന് കുട്ടിരാമൻ എന്ന പേരല്ലല്ലോ ചേരുക എന്നാവും വിചാരം.

കുട്ടിരാമന് ഏറ്റവും ഇഷ്ടം ചക്കരയാണ്. പണ്ട്, എന്നു വച്ചാൽ കുട്ടിരാമനൊക്കെ ജനിക്കുന്നതിനുമുമ്പ് അവന്റെ അച്ഛനു കരിമ്പുകൃഷിയുണ്ടായിരുന്നു. കരിമ്പ് ചക്കിലിട്ടാട്ടി നീരെടുത്ത് വലിയ ചെമ്പിൽ തിളപ്പിച്ചു കുറുക്കും. പിന്നെ ചെറുചൂടോടെ ഉരുട്ടി



വര: അരുണ ആലഞ്ചേരി

വലിയ ഉരുളകളാക്കി മരപ്പാത്തിയിൽ നിരത്തും. അഴകൊഴമ്പരായി കിടക്കുന്ന ഉരുളകൾ ഉറച്ചു കഴിഞ്ഞാൽ ഒരു കൊല്ലത്തേക്ക് വീട്ടാവശ്യത്തിനുള്ളത് വലിയൊരു ഭരണിയിൽ സൂക്ഷിക്കും. ബാക്കി ഓലപ്പൊതികളിലാക്കി ചന്തയിൽ കൊണ്ടുപോയി വിൽക്കും. ഇപ്പോ കരിമ്പൊക്കെ ആരാ കൃഷി ചെയ്യുക? പഴയ ഓർമ പുതുക്കാനായിട്ടാവും കുട്ടിരാമന്റെ അച്ഛൻ അഞ്ചെട്ടു കിലോ ചക്കര ഒന്നിച്ചുവാങ്ങി പഴയ ഭരണയിലാക്കും. പിന്നാലെ 'ഈ ചക്കരകൊണ്ട് ഒരു കൊല്ലം കഴിഞ്ഞോളണം' എന്നൊരു ഉത്തരവും പുറപ്പെടുവിക്കും. എന്നാലും രാവിലെ കട്ടൻകാപ്പിയിലിട്ടും അടയുണ്ടാക്കിയും പായസം വച്ചുമൊക്കെ ചക്കരയങ്ങ് തീർന്നുപോകുമല്ലോ. കൊല്ലം തികയ്ക്കാൻ പിന്നേയും അഞ്ചെട്ടു കിലോ ചക്കര വാങ്ങേണ്ടിവരും. അതെന്തായാലും അമ്മയെ ചുറ്റിപ്പറ്റി നിന്ന് ഒരു മുഴുത്ത കഷണം ചക്കര കുട്ടിരാമൻ കൈക്കലാക്കുക തന്നെ ചെയ്യും. അതും പോരാഞ്ഞ് കുട്ടിരാമന്റെ സ്വപ്നങ്ങളിലൊക്കെ ഈ ചക്കരഭരണി എപ്പോഴും പ്രത്യക്ഷപ്പെടും. ഒരുപാടു ചക്കരയുണ്ടകൾ താമസിക്കുന്ന ഒരു വീടായിട്ടാണ് കുട്ടിരാമൻ ചക്കരഭരണിയെ സങ്കൽപ്പിക്കുക. അതിനുള്ളിൽ താമസം തരപ്പെട്ടാൽ എന്തു സുഖമായിരിക്കും എന്നാണ് കുട്ടിരാമന്റെ ചിന്ത!

എന്നാൽ കുട്ടിരാമന്റെ ചേച്ചിക്ക് ഈ വക ചിന്തകളൊന്നുമില്ല. ചേച്ചി വലിയ പഠിത്തക്കാരിയാണ്. പഠിച്ചു പഠിച്ച് ഇപ്പോ എട്ടാം ക്ലാസിലെത്തിയിട്ടുണ്ട്. കുട്ടിരാമൻ പഠിക്കാതെ മൂന്നാംക്ലാസിലും എത്തി. അല്ലെങ്കിലും തോൽക്കാനല്ലേ ഇപ്പോ വല്യ പാട്!

ചേച്ചീടെ പിറന്നാളിന്റെയന്നാണ് സംഭവം. അച്ഛൻ പതിവുപോലെ രാവിലെ എഴുന്നേറ്റ് കട്ടനും കുടിച്ച് അടുക്കളത്തോട്ടത്തിലെ താമസക്കാരെയൊക്കെ ഒന്നു തൊട്ടുതലോടി, കുശലം ചോദിച്ച് മരങ്ങളോടു മിണ്ടി പ്പറഞ്ഞങ്ങനെ നടക്കാനിറങ്ങി. അമ്മയും ചേച്ചിയും അമ്പലത്തിലേക്കും പുറപ്പെട്ടു. ഇതു തന്നെ തക്കം എന്നു കരുതി കുട്ടിരാമൻ ചക്കരഭരണിയുടെ മൂടിയെടുത്ത് അകത്തേക്കു സൂക്ഷിച്ചുനോക്കി, പറഞ്ഞില്ലല്ലോ, കുട്ടിരാമനു പൂച്ചക്കണ്ണാണു കേട്ടോ. അതുകൊണ്ട് ഇരുട്ടത്തും കാണാൻ പറ്റുമെന്നു ചില ചങ്ങാതിമാർ പറയാറുണ്ട്. അതൊന്നു പരീക്ഷിച്ചു നോക്കണമെന്നു കുട്ടിരാമന് ആഗ്രഹമുണ്ടുതാനും. പക്ഷേ, രാത്രിയിൽ വെളിച്ചം കെടുത്തിക്കഴിഞ്ഞാൽ കുട്ടിരാമനു പേടിയാവും. കണ്ണുകൾ ഇറുകെയടച്ച് അമ്മയുടെ വയറിൽ മുഖം പൂഴ്ത്തിയാണ് കുട്ടിരാമൻ കിടക്കുക. അങ്ങനെയങ്ങ് ഉറങ്ങിപ്പോവുകയും ചെയ്യും. പിന്നെ നേരം വെളിച്ചമാവുമ്പോഴാണ് കണ്ണു തുറക്കുക. അതുകൊണ്ടാണ് ഭരണിക്കകത്തെ ഇരുട്ടിൽ തലയിട്ട് നോക്കാമെന്ന് കുട്ടിരാമൻ വിചാരിച്ചതുതന്നെ. അതാവുമ്പോ അത്രയ്ക്കങ്ങ് പേടിക്കാനുമില്ലല്ലോ. ആദ്യനോട്ടത്തിൽ കുട്ടിരാമന് ഒന്നും തെളിഞ്ഞു കിട്ടിയില്ല. പൂച്ചക്കണ്ണ് പൂച്ചയ്ക്കുകൊള്ളാം എന്നു കുട്ടിരാമനു മനസ്സിലായത് അങ്ങനെയാണ്. കണ്ടുകണ്ടങ്ങിരിക്കുമ്പോൾ ഇരുട്ടും ഒന്നു മെരുങ്ങുമല്ലോ. അങ്ങനെ കുട്ടിരാമന്റെ കാഴ്ചയിൽ ചക്കരയുണ്ടകളോരോന്നായി തെളിഞ്ഞുവന്നു. ചക്കരയുണ്ടകളുടെ മധുരഗന്ധം മൂക്കിലിരച്ചു കയറിയപ്പോൾ കുട്ടിരാമന്റെ നാവിൽ വെള്ളം പൊട്ടി. തിടുക്കത്തിൽ കൈ രണ്ടും ഭരണിക്കുള്ളിലേക്കിടാൻ നോക്കിയപ്പോഴാണ് കുട്ടിരാമന് ഒരു കാര്യം മനസ്സിലായത്. തല ഭരണിക്കുള്ളിലായതുകൊണ്ട് കൈകൾക്കു കടന്നുചെല്ലാനിടമില്ല! ഇനി തല പുറത്തേക്കെടുക്കുകയല്ലാതെ വഴിയില്ലെന്നു കുട്ടിരാമന് ബോധ്യമായി. പക്ഷേ, ബോധ്യമായിട്ടു കാര്യമുണ്ടോ? തലയെടുക്കാൻ പറ്റണ്ടേ? കുട്ടിരാമൻ പേടിച്ചു നിലവിളിച്ചു. നിലവിളി ഒരു മുഴക്കമായി ഭരണിക്കകത്തു തന്നെ കറങ്ങിയപ്പോൾ കുട്ടിരാമൻ കൂടുതൽ പേടിച്ചു. നിലവിളിച്ചു നിലവിളിച്ച് കുട്ടിരാമൻ തളർന്നുപോയി. ഇതു കാണുന്ന ചിലർക്കെങ്കിലും കറുത്തകൂറ്റൻ ഭരണി നാക്ക് പുറത്തേക്കു നീട്ടിയിരിക്കുകയാണെന്നു തോന്നും. വേറെ ചിലർക്ക് ഭരണി വായ് പിളർന്ന് കുട്ടിരാമനെ വിഴുങ്ങി

**കുട്ടിരാമനു പൂച്ചക്കണ്ണാണു കേട്ടോ. അതുകൊണ്ട് ഇരുട്ടത്തും കാണാൻ പറ്റുമെന്നു ചില ചങ്ങാതിമാർ പറയാറുണ്ട്. അതൊന്നു പരീക്ഷിച്ചു നോക്കണമെന്നു കുട്ടിരാമന് ആഗ്രഹമുണ്ടുതാനും. പക്ഷേ, രാത്രിയിൽ വെളിച്ചം കെടുത്തിക്കഴിഞ്ഞാൽ കുട്ടിരാമന് പേടിയാവും. കണ്ണുകൾ ഇറുകെയടച്ച് അമ്മയുടെ വയറിൽ മുഖം പൂഴ്ത്തിയാണ് കുട്ടിരാമൻ കിടക്കുക. അങ്ങനെയങ്ങ് ഉറങ്ങിപ്പോവുകയും ചെയ്യും.**

ക്കൊണ്ടിരിക്കുകയാണെന്നും. അതങ്ങനെയാണല്ലോ. ഒരു കാര്യംതന്നെ പലർക്കും പലതായിട്ടല്ലേ വെളിപ്പെട്ടു കിട്ടുക?


ചെടികളോടും മരങ്ങളോടും കാറ്റിനോടും വേണ്ടത്ര വർത്തമാനം പറഞ്ഞു ക്ഷീണിച്ച് കുട്ടിരാമന്റെ അച്ഛൻ ഉമ്മറത്തെ ചാരുകസേരയിൽ മലർന്നു. അമ്മയും ചേച്ചിയും അമ്പലത്തിൽനിന്നു വന്നപ്പോഴാണ് കുട്ടിരാമൻ എവിടെ എന്ന ചോദ്യം ഉണ്ടായത്. വിളിച്ചിട്ട് മറുവിളിയൊന്നും കിട്ടാഞ്ഞ് മുറിതോറും കയറി നോക്കിയപ്പോഴാണ് ഭരണിയിൽ കുടുങ്ങിപ്പോയ കുട്ടിരാമനെ കണ്ടുകിട്ടിയത്. അമ്മയുംചേച്ചിയും കൂട്ടനിലവിളിയായി. അച്ഛൻ ചാടിയെഴുന്നേറ്റ് അകത്തേക്കു പാഞ്ഞുവന്നെങ്കിലും കുട്ടിരാമന്റെ നിലകണ്ട് സ്തംഭിച്ചു നിന്നുപോയി.

കുട്ടിരാമന്റെ തല എങ്ങനെ പുറത്തെടുത്തു എന്നതു മറ്റൊരു കഥയാണ്. ഭരണിയുടെ കാര്യം പറയാനുമില്ല. കുട്ടിരാമന്റെ തല വീണ്ടെടുത്ത സന്തോഷം കൊണ്ടാണോ, തലമുറകളായി കൈമാറി വന്ന ഭരണി തകർന്നു കിടക്കുന്നതു കണ്ടിട്ടാണോ അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകിയതെന്ന് ആർക്കറിയാം?

അങ്ങനെയാണ് കുട്ടിരാമൻ എന്ന പേര് മാഞ്ഞുപോയതും ചക്കരപ്പൊട്ടൻ എന്ന പേരു തെളിഞ്ഞു വന്നതും. നോക്കണേ, ഇത്രേയുള്ളു മനുഷ്യന്റെ കാര്യം!

സ്കൂളറിവ്

# ഇൻഡക്ഷൻ അടുപ്പിന്റെ ശാസ്ത്രം




നമ്മുടെ നാട്ടിൽ കഴിഞ്ഞ കുറച്ചു വർഷങ്ങൾകൊണ്ടു വ്യാപകമായ ഇൻഡക്ഷൻ അടുപ്പുകൾ പ്രവർത്തിക്കുന്നത് എങ്ങനെ എന്നറിയാമോ? ഇൻഡക്ഷൻ ഹീറ്റിങ് എന്ന സൂത്രമാണ് ഇതിൽ ഉപയോഗിക്കുന്നത്.

ഉയർന്ന ആവൃത്തിയിലുള്ള വൈദ്യുത കാന്തികമേഖലയിൽ ഒരു ലോഹത്തകിട് വച്ചാൽ അതിനുള്ളിൽ വൈദ്യുതിയുണ്ടാകും. ഈ വൈദ്യുതി ചുരുൾരൂപത്തിലാണ് തകിടിൽ പ്രത്യക്ഷപ്പെടുക. ഇങ്ങനെ ഉണ്ടാവുന്ന വൈദ്യുതിക്ക് ഒരു പേരുണ്ട്. എഡി(Eddy) കറന്റ്.

റെസിസ്റ്റൻസ് (പ്രതിരോധം) കൂടിയ ഇരുമ്പുപോലെയുള്ള വസ്തുക്കളിലൂടെയാണ് ഈ വൈദ്യുതികടന്നുപോകുന്നതെങ്കിൽ അതു ചൂടാകും. ഇതിനെയാണ് ഇൻഡക്ഷൻ ഹീറ്റിങ് എന്നു പറയുന്നത്.

ഇൻഡക്ഷൻ അടുപ്പിനുമുകളിൽ സ്റ്റീൽ പോലെയുള്ള വസ്തുക്കൾകൊണ്ടുണ്ടാക്കിയ പാത്രം വേണം വയ്ക്കാൻ. അടുപ്പിനുള്ളിൽ ഒരു കമ്പിച്ചുരുൾ ഉണ്ട്. ഇതിലൂടെ ഉയർന്ന ആവൃത്തിയിലുള്ള എ സി (Alternating Current) കടത്തിവിടും. അതോടെ കമ്പിച്ചുരുളിനുചുറ്റും ശക്തമായ വൈദ്യുതകാന്തിക ക്ഷേത്രം രൂപപ്പെടും. പാത്രം ഈ ക്ഷേത്രത്തിനുള്ളിലാണ്. അതോടെ പാത്രത്തിന്റെ അടിയിൽ എഡികറന്റ് സൃഷ്ടിക്കപ്പെടുകയും ചൂടാകുകയും ചെയ്യുന്നു. അടുപ്പല്ല, മറിച്ച് പാത്രമാണ് ചൂടാകുന്നതെന്നു സാരം.

മാഗ്നറ്റിക്ക് ഹിസ്റ്റീരിസിസ് എന്ന പ്രതിഭാസത്തെയും ഇൻഡക്ഷൻഅടുപ്പിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. വൈദ്യുതി കടന്നുപോകുമ്പോൾ അതിനടുത്തുള്ള ലോഹം കാന്തമായി മാറും എന്ന് നമുക്കറിയാം. വൈദ്യുതിയുടെ ദിശക്കനുസരിച്ച് കാന്തത്തിന്റെ ധ്രുവങ്ങൾക്കും മാറ്റമുണ്ടാകും. എ.സി.യാണ് കടന്നുപോകുന്നതെങ്കിൽ കാന്തികധ്രുവങ്ങളും തുടർച്ചയായി മാറിക്കൊണ്ടിരിക്കും. പക്ഷേ തുടർച്ചയായ ഈ മാറ്റത്തെ ഉൾക്കൊള്ളാനുള്ള ലോഹത്തിന്റെ കഴിവില്ലായ്മ മൂലം കുറച്ച് ഊർജ്ജം താപമായി നഷ്ടപ്പെടും. ഈ താപവും ഇൻഡക്ഷൻ കുക്കറിൽ പ്രയോജനപ്പെടുത്തുന്നു.

**നവനീത് കൃഷ്ണൻ എസ്**


സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
മോളേ... ഇതൊരുപുതിയ വർഷമാ. നീ ഒരു പ്രതിജ്ഞയെടു ക്കണം...
എന്തു പ്രതിജ്ഞ?
ഇനി മോള് ശാഠ്യംപിടിക്കരുത്... വെറുതെ കരയരുത്... അച്ഛൻ വഴക്കുപറയുന്നതൊന്നും കാര്യമായെടുക്കരുത്...!!
?
അതൊക്കെയെടുക്കാം... എന്നാൽ മോളെടുത്ത പ്രതിജ്ഞയൊന്നും അച്ഛൻ കാര്യമായെടുക്കരുത്...

# ഇതാ, ഇതാണു വിജയത്തിലേക്കുള്ള വഴി

**സിപ്പി പള്ളിപ്പുറം**



ഐശ്വര്യപുരം എന്നൊരു നാട്. ചെടികളും മരങ്ങളും വള്ളിപ്പടർപ്പുകളുമെല്ലാം നിറഞ്ഞ ഐശ്വര്യപൂർണമായ നാട്. അവിടത്തെ ഗ്രാമത്തലവനാണ് ധനദത്തൻ.

പട്ടിണികൊണ്ട് പൊറുതിമുട്ടിയ കാലത്ത് ജനിച്ച നാടും വീടുമെല്ലാം ഉപേക്ഷിച്ച് ഐശ്വര്യപുരത്തേക്കു ചേക്കേറിയ ഒരു പാവമായിരുന്നു ധനദത്തൻ. കഠിനാധ്വാനികളായിരുന്നു ഐശ്വര്യപുരത്തെ ആളുകൾ. അതു മനസ്സിലാക്കി അയാളും അവരെപ്പോലെ എല്ലുമുറിയെ പണി ചെയ്യാൻ തുടങ്ങി. അഞ്ചുകൊല്ലത്തെ കഠിനാധ്വാനംകൊണ്ട് അയാൾ അവിടത്തെ ഏറ്റവും വലിയ ധനികനും മാതൃകാപുരുഷനുമായി മാറി. താമസിയാതെ ഗ്രാമീണരെല്ലാം ചേർന്ന് ധനദത്തനെ ഐശ്വര്യപുരത്തിന്റെ ഗ്രാമത്തലവനായി തെരഞ്ഞെടുത്തു.

അതിരാവിലെ ഉണർന്നു വെട്ടാനും കിളയ്ക്കാനും തൈകൾ നടാനും

വര: ബോബി എം പ്രഭ

വെള്ളംകോരാനും വളമിടാനുമൊക്കെ ധനദത്തൻ മുന്നിൽത്തന്നെ ഉണ്ടായിരുന്നു. വിളവെടുക്കാനും അവ വണ്ടിയിൽ കയറ്റാനും ചന്തയിൽ കൊണ്ടുപോയി വിൽക്കാനും എന്നുവേണ്ട ഗ്രാമവുമായി ബന്ധപ്പെട്ട ഏതു കാര്യം ചെയ്യാനും അയാൾ സദാ സന്നദ്ധനായിരുന്നു.

ധനദത്തനും ഐശ്വര്യപുരവും മാത്രമല്ല, അവിടത്തെ സകലജനങ്ങളും അവരുടെ കൂട്ടായ പരിശ്രമം കൊണ്ടു ജീവിതവിജയം നേടി.

ഇതെല്ലാം അറിഞ്ഞും കേട്ടും ഒരിക്കൽ മന്ദശീലൻ എന്നുള്ള ഒരു യുവകോമളൻ ധനദത്തനെ കാണാനെത്തി. അതിരാവിലെയാണ് മന്ദശീലൻ അവിടെ എത്തിയത്.

ധനദത്തൻ അപ്പോൾ ഒറ്റയ്ക്കു വെള്ളംകോരി അയാളുടെ ഏത്തവാഴത്തോട്ടം നനയ്ക്കുകയായിരുന്നു. മന്ദശീലൻ അയാളുടെ അരികിലെത്തി ചോദിച്ചു.

''ചേട്ടാ, ഞാൻ പട്ടിണിക്കവലയിൽ നിന്നു വരികയാണ്. അവിടെ കൂടുതൽപേരും പട്ടിണികൊണ്ടു ചുരുണ്ടുകൂടി കിടപ്പാണ്. ഞങ്ങളുടെ ജീവിതവിജയത്തിനു എന്തെങ്കിലുമൊരു വഴി പറഞ്ഞുതരാമോ?''

''ഓഹോ, അതിനെന്താ വിഷമം? എല്ലാം കൃത്യമായി പറഞ്ഞുതരാം. എന്റെ ജോലി വൈകുന്നേരമേ തീരൂ. അതുവരെ കാത്തുനിൽക്കാൻ ക്ഷമയുണ്ടോ?''

ധനദത്തൻ ചെറുപുഞ്ചിരിയോടെ ആരാഞ്ഞു.

''ക്ഷമിക്കാതെ തരമില്ലല്ലോ. ഞാനിവിടെത്തന്നെ നിൽക്കാം.''

ഇഷ്ടമില്ലെങ്കിലും മന്ദശീലൻ അവിടെ നിൽക്കാൻ തയ്യാറായി.

ഇതിനിടയിൽ ധനദത്തൻ തോട്ടത്തിന്റെ ഒരു ഭാഗം വെട്ടിത്തെളിച്ച് അവിടെയെല്ലാം പുതിയ വെണ്ടത്തൈകൾ നട്ടു. തൊട്ടടുത്തുള്ള കപ്പച്ചെടികൾക്ക് ചാണകവും ചാരവും ഇട്ടുകൊടുത്തു. അതിനുശേഷം പടവലത്തോട്ടത്തിലേക്കു ചെന്നു. അവിടെ പാകമായിക്കിടന്നിരുന്ന പടവലങ്ങയെല്ലാം പറിച്ച് അടുക്കിക്കെട്ടിവച്ചു. അതിനിടയിൽ മൂത്തുപഴുക്കാറായ ഏത്തക്കുലകളെല്ലാം വെട്ടിയെടുത്ത് തൊട്ടടുത്തു കിടന്ന ഉന്തുവണ്ടിയിൽ പൊക്കിവച്ചു. തീർന്നില്ല. അതുപോലുള്ള നൂറുകൂട്ടം പണികൾ വേറെയും ചെയ്തു.

ഇതിനിടയിൽ ധനദത്തൻ തോട്ടത്തിന്റെ ഒരു ഭാഗം വെട്ടിത്തെളിച്ച് അവിടെയെല്ലാം പുതിയ വെണ്ടത്തൈകൾ നട്ടു. തൊട്ടടുത്തുള്ള കപ്പച്ചെടികൾക്ക് ചാണകവും ചാരവും ഇട്ടുകൊടുത്തു. അതിനുശേഷം പടവലത്തോട്ടത്തിലേക്കു ചെന്നു. അവിടെ പാകമായിക്കിടന്നിരുന്ന പടവലങ്ങയെല്ലാം പറിച്ച് അടുക്കിക്കെട്ടിവച്ചു. അതിനിടയിൽ മൂത്തുപഴുക്കാറായ ഏത്തക്കുലകളെല്ലാം വെട്ടിയെടുത്ത് തൊട്ടടുത്തുകിടന്ന ഉന്തുവണ്ടിയിൽ പൊക്കിവച്ചു. തീർന്നില്ല. അതുപോലുള്ള നൂറുകൂട്ടം പണികൾ വേറെയും ചെയ്തു.

ഇതെല്ലാം കണ്ട് മന്ദശീലൻ വല്ലാതെ ക്ഷമകെട്ടു നിൽക്കുകയായിരുന്നു. ധനദത്തൻ പറഞ്ഞു.

''സുഹൃത്തേ ഞാൻ ചന്തയിലേക്കു പുറപ്പെടുകയാണ്. ഇതെല്ലാം വിറ്റിട്ടേ വരാൻ കഴിയൂ. ഇവിടെ നിന്നാൽ മുഷിയും. എന്റെ കൂടെ പോന്നോളൂ.''

മന്ദശീലൻ മനസ്സില്ലാമനസ്സോടെ ധനദത്തനോടൊപ്പം പുറപ്പെട്ടു.

ധനദത്തൻ ഒറ്റയ്ക്കുതന്നെ ഭാരമുള്ള ആ വണ്ടിയും തള്ളി ചന്തയിലേക്കു തിരിച്ചു. സാധനങ്ങളെല്ലാം വിലപേശി വിറ്റുതീർന്നപ്പോഴേക്കും നേരം സന്ധ്യമയങ്ങാൻ തുടങ്ങിയിരുന്നു. മന്ദശീലനു ക്ഷമയറ്റു. അയാൾ അമർഷത്തോടെ പറഞ്ഞു.

''ഹോ! നേരം വല്ലാതെ വൈകി. ഇത്രയും നേരം പിന്നാലെ അലഞ്ഞിട്ടും താങ്കൾ ജീവിതവിജയത്തിനുള്ള വഴി ഇതുവരെ പറഞ്ഞുതന്നില്ലല്ലോ?''

''എന്ത്? ഇത്രയും നേരം എന്നോടൊപ്പം കഴിച്ചുകൂട്ടിയിട്ടും മന്ദശീലന് അതു മനസ്സിലായില്ലേ?''

''എനിക്കെങ്ങനെ മനസ്സിലാകാൻ? ഒന്നും പറഞ്ഞുതരാതെ താങ്കൾ ഈ സമയമത്രയും പണിയോടു പണി തന്നെയായിരുന്നില്ലേ?''

മന്ദശീലന് ശുണ്ഠിവന്നു.

''മോനേ, ഞാനിത്രയും സമയം വിശ്രമമില്ലാതെ ജോലിചെയ്യുകയായിരുന്നെന്ന് നീ മനസ്സിലാക്കിയല്ലോ. അതുനന്നായി. അതുതന്നെയാണ് വിജയത്തിലേക്കുള്ള ഒരേ ഒരു വഴി! ഒരു നിമിഷംപോലും പാഴാക്കാതെ പരിശ്രമിക്കൂ; വീണ്ടും വീണ്ടും പരിശ്രമിക്കൂ.''

ധനദത്തൻ ഉപദേശിച്ചു.

അതോടെ മന്ദശീലന് ഒരു ബോധോദയം ഉണ്ടായി. വലിയൊരു ധനവാനായിട്ടും തളരാതെ പണിയെടുക്കുന്ന ധനദത്തന്റെ വിജയരഹസ്യം അവനു പിടികിട്ടി.

പട്ടിണിക്കവലയിൽ തിരിച്ചെത്തിയ മന്ദശീലൻ അന്നുമുതൽ കഠിനാധ്വാനം

ചെയ്യാൻ തുടങ്ങി. നിരന്തരമായ പരിശ്രമത്തിലൂടെ അവൻ നാട്ടിലെ പണക്കാരിൽ ഒന്നാമനായി. അവന്റെ ഉപദേശവും മാതൃകയും സ്വീകരിച്ചതോടെ പട്ടിണിമുക്കിലെ മറ്റുള്ള ആളുകളും പരിശ്രമശാലികളായി. അവരുടെ നാടും ഐശ്വര്യപുരത്തോടൊപ്പം വളർന്നു.

നിരന്തരമായ പരിശ്രമമാണ് ഏതൊരു വ്യക്തിയുടെയും പ്രസ്ഥാനത്തിന്റെയും നാടിന്റെയും വീടിന്റെയുമെല്ലാം വിജയരഹസ്യം.

*'പരിശ്രമം ചെയ്യുകിലേതിനേയും*
*വശത്തിലാക്കാൻ കഴിവുള്ളവണ്ണം*
*ദീർഘങ്ങളാം കൈകളെ നൽകിയത്രേ*
*മനുഷ്യരെപ്പാരിലയച്ചതീശൻ!'*

എന്ന മഹാകവി കെ സി കേശവപിള്ളയുടെ വരികൾ ഈ വിജയരഹസ്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്.

രണ്ടാം ലോകമഹായുദ്ധകാലത്ത് ആറ്റംബോംബാക്രമണത്തിൽ തകർന്നടിഞ്ഞ നാഗസാക്കിയും ഹിരോഷിമയുമൊക്കെ വീണ്ടും ഉയർത്തെണീറ്റത് അവിടത്തെ ജനങ്ങളുടെയും ഭരണാധികാരികളുടെയും നിരന്തരമായ പരിശ്രമത്തിലൂടെയാണ്.

അതിശക്തമായ പ്രകൃതിദുരന്തത്തിൽ സർവതും നഷ്ടപ്പെട്ടുപോയ ഉത്തരാഖണ്ഡിലെ ജനങ്ങൾ വീണ്ടും ജീവിതത്തിലേക്കു തിരിച്ചെത്തിയത് അവരുടെ കഠിനപ്രയത്നത്തിലൂടെയാണ്.

ഒരു പരിശ്രമവും ചെയ്യാതെ മൂലയ്ക്കു ചുരുണ്ടുകൂടുന്നവർക്ക് ഒരിക്കലും പുരോഗതിയുടെ വെളിച്ചം ആസ്വദിക്കാൻ കഴിയില്ല.

**രണ്ടാം ലോകമഹായുദ്ധകാലത്ത് ആറ്റംബോംബാക്രമണത്തിൽ തകർന്നടിഞ്ഞ നാഗസാക്കിയും ഹിരോഷിമയുമൊക്കെ വീണ്ടും ഉയർത്തെണീറ്റത് അവിടത്തെ ജനങ്ങളുടെയും ഭരണാധികാരികളുടെയും നിരന്തരമായ പരിശ്രമത്തിലൂടെയാണ്. അതിശക്തമായ പ്രകൃതിദുരന്തത്തിൽ സർവതും നഷ്ടപ്പെട്ടുപോയ ഉത്തരാഖണ്ഡിലെ ജനങ്ങൾ വീണ്ടും ജീവിതത്തിലേക്കു തിരിച്ചെത്തിയത് അവരുടെ കഠിനപ്രയത്നത്തിലൂടെയാണ്.**





വര: ആശ ആർ

# കാട്

പി കെ ശങ്കരൻകുട്ടി

നീലക്കുയിലുകൾ പാടിയുറങ്ങും
നീലക്കാടുകളേ,
കായുണ്ടോ? കനിയുണ്ടോ?
ഞാവൽപഴമുണ്ടോ?
നീലവിഹായസ്സിൽ നൃത്തം വയ്ക്കും
നീലക്കാടുകളേ,
മാനത്തപ്പനു സുഖമാണോ?
വാർമഴവില്ലു വരാറുണ്ടോ?
അരുവികളിൽ തെളിനീരുണ്ടോ?
കാട്ടാറിൻകളകളമുണ്ടോ?
മധുവുണ്ണും മധുപൻമാരുടെ
മന്ത്രധ്വനിയുണ്ടോ?

# വിസ്മയക്കോട്ടയിലൊരു ഗ്രന്ഥപ്പുര

**ഡോ. രാധിക സി നായർ**

സ്വർണം പതിപ്പിച്ച ചട്ടയോടുകൂടിയ, സ്വർണത്തിലുള്ള 'ആയിരത്തൊന്നു രാവുകൾ', വെള്ളി പതിപ്പിച്ച ഒറിജിനൽ മൊറോക്കോ തുകലിൽ (ശുദ്ധീകരിച്ച ആട്ടിൻതോൽ) ബയന്റു ചെയ്ത, മുഴുനീളചിത്രങ്ങളോടുകൂടിയ 'ഡോ ഫൗസ്റ്റ്', ചുവന്ന മൊറോക്കോ തുകലിൽ സ്വർണം പതിപ്പിച്ച പുറംചട്ടയുള്ള, സെർവാന്റസിന്റെ 'ഡോൺ ക്വിക്സോട്ട്', (Don Quijote എന്നാണ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.) ഫ്രഞ്ച് നോവലിസ്റ്റ് ഗുസ്താവ് ഫ്ളോബറിന്റെ 'സിംപിൾ ഹാർട്ടി'ന്റെ 1898 ലെ പതിപ്പ്, ഗ്രീക്കു ഗണിതശാസ്ത്രജ്ഞൻ യൂക്ലിഡ് രചിച്ച 'ദ എലമെന്റ് ഓഫ് മോസ്റ്റ് ഏൻഷ്യന്റ് ഫിലോസഫറു'ടെ 1579 ലെ പതിപ്പ്, 1552 ലെ ഒരു ലത്തീൻ ഡോക്യുമെന്റ്... അദ്ഭുതങ്ങളുടെ ഒരു കലവറയായിരുന്നു ഞങ്ങൾക്കു മുന്നിൽ തുറന്നു കിട്ടിയത്. അറിവിന്റെ മഹത്തായ നിധിശേഖരം. അമൂല്യമെന്ന വാക്ക് മൂല്യത്തിന്റെ ശതകോടിപ്പെരുമകൊണ്ട് പൊട്ടിത്തെറിച്ചു പോയേക്കാവുന്നത്രയും വലിയ അക്ഷരഖനി.



കൊൽക്കത്തയിലെ നാഷണൽ ലൈബ്രറിയിലെ 'അശുതോഷ് മുഖർജി കളക്ഷൻ' എന്ന നിധികുംഭത്തിലായിരുന്നു ഇതൊക്കെ കണ്ണുനിറയെ കാണാനുള്ള അവസരമുണ്ടായത്. പുസ്തകത്തിന്റെ ആ പറുദീസയിൽ കാലുകുത്തുന്നതിനു മുൻപു പറഞ്ഞുകേട്ട വിസ്മയങ്ങളുടെ എത്രയെങ്കിലും ഇരട്ടിയാണ് ഞാനവിടെ കണ്ടത്. ഒരു പുരുഷായുസ്സിൽ ഒരു പുസ്തകപ്രേമിക്കും കീഴടക്കാൻ കഴിയാത്തത്രയും വിപുലവും സമഗ്രവുമായിരുന്നു അത്. രണ്ടു കണ്ണുകൾകൊണ്ട് ഈ ജന്മം മുഴുവൻ കണ്ട പുസ്തകസമൃദ്ധിയെയെല്ലാം കവച്ചുവയ്ക്കുന്ന പെരുങ്കാണിക്ക.

കൊൽക്കത്തയിലെ നാഷണൽ ലൈബ്രറിതന്നെ ഒരദ്ഭുതമാണ്. അതിനുള്ളിലാണ് അശുതോഷ് മുഖർജി വാരിച്ചൊരിഞ്ഞ അദ്ഭുതം. ആറു പതിറ്റാണ്ടു നീണ്ട ജീവിതകാലം കൊണ്ട് ആ വായനാപ്രേമി വാങ്ങിക്കൂട്ടിയത്



സ്വർണച്ചട്ടയോടുകൂടിയ 'ആയിരത്തൊന്നു രാവുകൾ'

ഒന്നും രണ്ടും ആയിരവും പതിനായിരവും പുസ്തക മല്ല. 87,500 പുസ്തകം. ഒരു പക്ഷേ വായനയിലും ശേഖ രത്തിലും പാതിവഴിയിൽ ആ മഹാശയൻ ഉപേക്ഷിച്ചു വെങ്കിൽ അവയുടെ എണ്ണം കൂടി കൂട്ടിയാൽ ഒരു ലക്ഷത്തോളം പുസ്തക ങ്ങൾ. ലോകത്തുതന്നെ അപൂർവമായ എത്രയെ ങ്കിലും പുസ്തകങ്ങൾ ഉണ്ട് ആ നിധിയിൽ. അമ്പരപ്പി ക്കുന്ന വിഷയവൈവിധ്യ മുണ്ട് അതിൽ. ഏറ്റവും ഭാരം കൂടിയതും ഭാരം കുറഞ്ഞതു മായ പുസ്തകമുണ്ട്. വമ്പൻ പുസ്തകവും ഇത്തിരിക്കു ഞ്ഞനുമുണ്ട്. പല ഭാഷക ളിലെ പുസ്തകങ്ങളുണ്ട്. ആത്മകഥ, സാമ്പത്തിക ശാസ്ത്രം, സാഹിത്യം, ലളി തകല, നരവംശശാസ്ത്രം, ജ്യോതിശാസ്ത്രം, നിയമം, ഗണിതം, തത്വചിന്ത, ഭൗതി കശാസ്ത്രം, മനഃശാസ്ത്രം, മതം, ജീവശാസ്ത്രം, ഭൂമി ശാസ്ത്രം, ശരീരശാസ്ത്രം, ജന്തുശാസ്ത്രം എത്രയെത്ര വിഷയങ്ങൾ...



അശുതോഷ് മുഖർജി

**കൊൽക്കത്തയിലെ നാഷണൽ ലൈബ്രറി തന്നെ ഒരദ്ഭുത മാണ്. അതിനുള്ളിലാണ് അശുതോഷ് മുഖർജി വാരിച്ചൊ രിഞ്ഞ അദ്ഭുതം. ആറുപതിറ്റാണ്ടു നീണ്ട ജീവിതകാലം കൊണ്ട് ആ വായനാപ്രേമി വാങ്ങിക്കൂട്ടിയത് ഒന്നും രണ്ടും ആയിരവും പതിനായിരവും പുസ്തകമല്ല. 87,500 പുസ്തകം. ഒരു പക്ഷേ വായനയിലും ശേഖരത്തിലും പാതിവഴിയിൽ ആ മഹാശയൻ ഉപേക്ഷിച്ചുവെങ്കിൽ അവയുടെ എണ്ണം കൂടി കൂട്ടിയാൽ ഒരു ലക്ഷത്തോളം പുസ്തകങ്ങൾ.**

40 കിലോഗ്രാം വലിപ്പ മുള്ള പുസ്തകം, കാർവേ യുടെ സംസ്കൃതനിഘണ്ടു, ഷെയ്ക്സ്പിയറുടെ ഏതാ ണ്ടെല്ലാ കൃതികളുടെയും ആദ്യപതിപ്പുകൾ, ആംഗലേയ കവി സാമുവൽ ടെയ്‌ലർ കോളറിഡ്ജിന്റെ 'ദ റൈം ഓഫ് ഏൻഷ്യന്റ് മറൈന റു'ടെ 1903 ൽ പ്രസിദ്ധീക രിച്ച 150 എഡിഷനുകളിൽ നിന്ന് ഒരെണ്ണം ( വെല്ലത്തിൽ പ്രസിദ്ധീകരിച്ചത്), നിറയെ ചിത്രങ്ങളോടുകൂടിയ, 40 സെന്റീമീറ്റർ വലിപ്പവും 35 സെന്റീമീറ്റർ വീതിയുമുള്ള അപൂർവബൈബിൾ, ഒമർ ഖയ്യാം രചിച്ച റുബായിയ ത്തിന്റെ മാത്രം 30 വ്യത്യ സ്ത പതിപ്പുകൾ, ആയിര ത്തൊന്നു രാവുകളുടെ 30 വ്യത്യസ്ത പതിപ്പുകൾ, ബൈബിളിന്റെ 25 വ്യത്യ സ്ത പതിപ്പുകൾ, എൻസൈ ക്ലോപീഡിയ ബ്രിട്ടാനിക്ക യുടെ നാലു പതിപ്പുകൾ, പത്തൊമ്പതാംനൂറ്റാണ്ടിന്റെ അന്ത്യപാദത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തി ലുമായി പ്രസിദ്ധീകരിക്ക പ്പെട്ട ചില പരിമിതപ്പതിപ്പുക ളിൽ നിന്നുള്ള പ്രതികൾ... പറഞ്ഞാലും കണ്ടാലും മതിവരില്ല ഒരു പുസ്തക പ്രേമിക്കും ഇവിടുത്തെ കാഴ്ചകൾ.

1864 ജൂൺ 29ന് കൊൽ ക്കത്തയിൽ ജനിച്ച അശു തോഷ് ബി എ, എം എ തുടങ്ങി പഠിച്ചതിലെല്ലാം ഒന്നാമനായാണ് കലാലയജീ വിതം അവസാനിപ്പിച്ചത്. ഗണിതകുതുകിയായ അശു തോഷ് സംസ്കൃതം, ഇംഗ്ലീ ഷ്, തത്വചിന്ത, ചരിത്രം, സാഹിത്യം, സാമൂഹികശാ സ്ത്രം, നിയമം എന്നീ വിഷ യങ്ങളും കൂട്ടത്തിൽ പഠിച്ചു. 1894 ൽ നിയമത്തിൽ ഡോക്ടർബിരുദം നേടിയ അദ്ദേഹം 1904 മുതൽ ഹൈക്കോടതി ജഡ്ജിയായി രുന്നു. 1920 മുതൽ കുറച്ചു നാൾ ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസായി താത്കാ



അശുതോഷ് മുഖർജിയുടെ പുസ്തകശേഖരം



ലികമായി സേവനമനുഷ്ഠിച്ചു. കൊൽക്കത്ത കണ്ട നിയമജ്ഞരിൽ ഏറ്റവും ഉന്നത സ്ഥാനമുണ്ട് അശുതോഷ് മുഖർജിക്ക്. അഞ്ചുതവണ അദ്ദേഹം കൊൽക്കത്ത സർവകലാശാലയുടെ വൈസ് ചാൻസലർ ആയും സേവനമനുഷ്ഠിച്ചു. 1908 ൽ കൽക്കട്ട മാത്തമാറ്റിക്കൽ സൊസൈറ്റി സ്ഥാപിച്ച അശുതോഷ് ബംഗാളിലെ ഏഷ്യാറ്റിക് സൊസൈറ്റിയുടെ പ്രസിഡന്റായി ദീർഘകാലം പ്രവർത്തിച്ചു. 'ബംഗാൾ ടൈഗർ' എന്ന വിളിപ്പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്.

ജീവിതകാലത്ത് വായനയ്ക്കും ഗവേഷണത്തിനും കൗതുകത്തിനുമായി അദ്ദേഹം വാങ്ങിക്കൂട്ടിയ പുസ്തകങ്ങളുടെ അമൂല്യസമ്പത്ത് 1949ൽ അദ്ദേഹത്തിന്റെ നാലുമക്കളാണ് കൽക്കട്ട നാഷണൽ ലൈബ്രറിക്കു കൈമാറിയത്. ലോകത്തെ ഏതെങ്കിലും നാഷണൽ ലൈബ്രറിയിൽ ഒരൊറ്റയാളുടെ ഇത്ര വിപുലമായ ശേഖരം ഉണ്ടാവുമോ എന്ന കാര്യം സംശയമാണ്. വിവിധ ആനുകാലികങ്ങളുടെ ഏതാണ്ട് 170 പതിപ്പുകൾ അടങ്ങിയ ആ ശേഖരത്തിൽ ഭൂരിഭാഗം പുസ്തകങ്ങളും ഇംഗ്ലീഷിലാണെങ്കിലും ബംഗാളി, ഹിന്ദി, സംസ്കൃതം തുടങ്ങി അനേകം ഭാഷകളിലായി അനേകം പുസ്തകങ്ങൾ ഉണ്ട്.

വെല്ലം അഥവാ പശുക്കുട്ടിയുടെ തോലുകൊണ്ടുണ്ടാക്കിയ തോൽക്കടലാസിൽ അഥവാ ചർമ്മടത്തിൽ പ്രിന്റു ചെയ്ത, ആംഗലേയ എഴുത്തുകാരൻ റോബർട്ട് ബ്രൗണിങ്ങിന്റെ 'ദ ലാസ്റ്റ് ഡച്ചസി'ന്റെ 125 പരിമിതപ്പതിപ്പുകളിൽ ഒരെണ്ണം, 1890 ൽ പ്രസിദ്ധീകരിച്ച, വെൽഷ്-അമേരിക്കൻ എഴുത്തുകാരൻ ഹെൻറി എം സ്റ്റാൻലിയുടെ 'ഇൻ ഡാർക്കെസ്റ്റ് ആഫ്രിക്ക' യുടെ 250 പരിമിതപ്പതിപ്പുകളിൽ ഒരെണ്ണം (രചയിതാവ് ഒപ്പിട്ട 240-ാമത്തെ പ്രതി), ജാപ്പനീസ് വെല്ലത്തിൽ 25 പരിമിതപ്പതിപ്പുകൾ മാത്രമുള്ള, 1909 ൽ പ്രസിദ്ധീകരിച്ച, അമേരിക്കൻ എഴുത്തുകാരൻ ആർതർ ഉപ്സണിന്റെ 'ലിറിക്സ് ആൻഡ് സോണറ്റ്സി'ന്റെ ഒരു പ്രതി തുടങ്ങി ഒറിജിനൽ പെയ്ന്റിങ്ങുകളും ആനുകാലികങ്ങളും ഫോട്ടോഗ്രാഫുകളും കൈയെഴുത്തു പ്രതികളും കാലത്തിന്റെയും പൊടി, മാറാല, പൂപ്പൽ ഈർപ്പങ്ങളുടെയും ആക്രമണത്തെ അതിജീവിച്ച് വിരുന്നെത്തുന്നവരെ വിസ്മയിപ്പിക്കാൻ കാത്തുകിടക്കുകയാണ് ഈ ശേഖരത്തിൽ.

അശുതോഷ് മുഖർജിയുടെ പുസ്തകശേഖരത്തിന്റെ കാറ്റലോഗ് കൽക്കട്ട നാഷണൽലൈബ്രറി പ്രസിദ്ധീകരിച്ചത് അഞ്ചുവാല്യത്തിലാണെന്ന് അറിയുക കൂടി ചെയ്യുമ്പോൾ നാം ശിരസ്സ് ഒരിക്കൽക്കൂടി നമിക്കും.



ഫോട്ടോ: Diego Delso

# ഡൽഹിയിലെ ചെങ്കോട്ട

**കെ യതീന്ദ്രനാഥൻ**

1947 ആഗസ്റ്റ് 15. ബ്രിട്ടീഷുകാർ പടിയിറങ്ങുകയാണ്. ഭാരതം ഒരു സ്വതന്ത്രരാഷ്ട്രമായി മാറുന്ന ചരിത്രനിമിഷം. ഡൽഹിയിലെ ചെങ്കോട്ടയിൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ദേശീയപതാക ഉയർത്തിയപ്പോൾ അവിടെ ക്കൂടിയിരുന്ന ജനസഹസ്ര ങ്ങളോടൊപ്പം ഇന്ത്യയൊട്ടാ കെയുള്ള ജനലക്ഷങ്ങൾ ആനന്ദനൃത്തമാടി.

എന്തുകൊണ്ടാണ് ഈ അപൂർവമുഹൂർത്തത്തിന് ചെങ്കോട്ടതന്നെ തെരഞ്ഞെ ടുത്തത്? എന്തുകൊണ്ടാണ് എല്ലാവർഷവും അവിടെ നിന്നുതന്നെ നമ്മുടെ പ്രധാന മന്ത്രിമാർ ത്രിവർണപതാക ഉയർത്തി രാഷ്ട്രത്തെ അഭി സംബോധന ചെയ്യുന്നത്? ഉത്തരം വ്യക്തം. ഒരു മഹാ രാജ്യത്തിന്റെ പിറവിയാഘോ ഷിക്കാൻ ചെങ്കോട്ടയേക്കാൾ അനുയോജ്യമായ മറ്റൊരിടം ഇല്ലെന്നതുതന്നെ. ഇന്ത്യ യുടെ ചരിത്രം ഉറങ്ങുന്നയിട മാണത്. നൂറ്റാണ്ടുകൾ വാണ ചക്രവർത്തിമാരുടെ ഭരണ സിരാകേന്ദ്രവും പാർപ്പിടവു മായിരുന്നു ചെങ്കോട്ട. നിര വധി ചരിത്രസംഭവങ്ങൾക്കു സാക്ഷ്യം വഹിച്ച മതിലകം.

ഡൽഹിയിൽ യമുനാ തീരത്ത് നിലകൊള്ളുന്ന ചെങ്കോട്ടയ്ക്ക് ആ പേരു



ചെങ്കോട്ട ഫോട്ടോ: Shillika

ലഭിക്കാൻ കാരണം അതിന്റെ നിർമിതി തന്നെ. ചുവപ്പു സാന്റ്സ്റ്റോൺ കൊണ്ടാണ് കോട്ടയുടെ നിർമാണം. എങ്കിലും മുഴുവനും ചുവപ്പു കല്ലാണെന്നു പറയാനാവില്ല. അരണ്ട ചുവപ്പുനിറമുള്ള കല്ലുകളും വെള്ളക്കല്ലുകളും ഇടകലർത്തി നിർമിച്ച ഒരു കൂറ്റൻ കോട്ടമതിലാണത്. നമ്മുടെ വെട്ടുകല്ലിനെക്കാൾ ദൃഢതയുണ്ടതിന്. അതിനാ ലാണ് നൂറ്റാണ്ടുകൾ പിന്നി ട്ടിട്ടും അതു നശിക്കാതെ നിലകൊള്ളുന്നത്. ഇരുമ്പട ങ്ങിയ ഹേമറ്റൈറ്റിന്റെ അംശം കൂടുതലുള്ളതുകൊണ്ടാണ് ഈ കല്ലുകൾക്ക് ചുവപ്പു നിറം ലഭിക്കുന്നത്.

ഇതു വെറുമൊരു കോട്ട യല്ല. 2.41 കിലോമീറ്റർ നീള മുള്ള കോട്ടമതിലാണ്. ഇതി നകത്തായി രാജകൊട്ടാര ങ്ങൾ, ഹാളുകൾ, തോട്ടങ്ങൾ, ഓഫീസുകൾ, ഡർബാർ ഹാളുകൾ, എന്തിന് സദാ ശുദ്ധജലം ഒഴുകുന്ന കനാൽ പോലും ഉണ്ടായിരുന്നു. 256.67 ഏക്കർ വിസ്താരമുള്ള ഒരു കൊട്ടാരനഗരമാണ് മതി ലിനകത്തുണ്ടായിരുന്നത്.

ആഗ്രയിൽനിന്നും മുഗൾ സാമ്രാജ്യത്തിന്റെ തലസ്ഥാനം ഡൽഹിയിലേക്കു മാറ്റി പ്രതി ഷ്ഠിക്കാൻ ഷാജഹാൻ തീരു മാനിച്ചപ്പോൾ അതിനായി തെരഞ്ഞെടുത്ത സ്ഥലം 'ഇസ്ലാം ഷാ സൂരി' പണിത സലിംഗാർകോട്ടയുടെ സമീപപ്രദേശമായിരുന്നു.

ഷാജഹാനാബാദ് എന്ന ദ്ദേഹം പേരിട്ട ഈ പ്രദേശ മാണ് ഇന്നു പഴയ ഡൽഹി (Old Delhi) എന്നറിയപ്പെടു ന്നത്.

മതിലിനകത്ത് അദ്ദേഹം പണിത ആദ്യത്തെ കൊട്ടാര സമുച്ചയം മുഗൾപ്രതാപം വിളിച്ചോതുന്നതായി. മറ്റു രാജ്യങ്ങളിലെ ഇസ്ലാമികരാജ കൊട്ടാരങ്ങളുടെ ഓർമ ഇതു ണർത്തുമെങ്കിലും മുഗൾ വാസ്തുവിദ്യ എന്ന പേരിൽ വിഖ്യാതമായ ഒരു സമ്മിശ്ര ശില്പാവിഷ്ക്കാരമാണ് ചെങ്കോട്ടയിൽ കാണാൻ കഴി യുന്നത്. പേർഷ്യ-ടൈമൂർ-ഇന്ത്യൻ സങ്കലനമാണിത്. ഈ രീതി പിന്നീട് രാജ സ്ഥാൻ, പഞ്ചാബ്, കാശ്മീർ എന്നിവിടങ്ങളിലെ കൊട്ടാര ങ്ങളിലും പകർന്നെത്തി.

സാക്ഷാൽ താജ്മഹൽ പണിത വിഖ്യാതശില്പി ഉസ്താദ് അഹമ്മദ് ലഹൗരി യെത്തന്നെയാണ് ചെങ്കോട്ട പണിയാനും ഷാജഹാൻ ചുമതലപ്പെടുത്തിയത്. വെണ്ണ ക്കല്ലിൽ(Marble) തീർത്ത ഒരു മഹാകാവ്യമാണ് താജ്മ ഹലെങ്കിൽ മുഗൾസാമ്രാജ്യ ത്തിന്റെ സർവഗാംഭീര്യവും പ്രതിഫലിപ്പിക്കുന്ന മനോ ഹരസൃഷ്ടിയാണ് ചെങ്കോട്ട. ഒരേ ശില്പിയാണ് വ്യത്യ സ്തങ്ങളായ ഈ രണ്ടു സൃഷ്ടികളും നടത്തിയതെ ന്നത് അവിശ്വസനീയമായി ത്തോന്നാം.

1638ൽ തുടങ്ങി 1648ൽ പൂർത്തിയാക്കിയ ചെങ്കോട്ട യുടെ പണിയിൽ ഷാജ ഹാനും അതീവശ്രദ്ധ ചെലു ത്തിയിരുന്നു എന്നാണ് ചരി ത്രകാരർ പറയുന്നത്.

കോട്ടയ്ക്കകത്തെ എടു പ്പകളിൽ ഏറ്റവും പ്രധാനം പൊതുജനങ്ങൾക്കിരിക്കാനും ചക്രവർത്തിയെ ആവലാതികൾ



പഴയ ദില്ലിയുടെ ഭൂപടം


ദിവാൻ-ഇ ആം ഫോട്ടോ: vssun


മുംതാസ് മഹൽ ഫോട്ടോ: Nishant88dp

അറിയിക്കാനും വേണ്ടി നിർമിച്ച 'ദിവാൻ-ഇ ആം' ആണ്. പ്രധാനപ്പെട്ട രാജകീയചടങ്ങുകളും ഇവിടെ വച്ചാണു നടത്തിയിരുന്നത്. മാർബിൾ കൊണ്ടു പൊതിഞ്ഞ തറയും ചുവരും അതിലെ അലങ്കാരപ്പണികളും കാണേണ്ടതുതന്നെ.

മുംതാസ്മഹൽ, രംഗ്മഹൽ, ഖാസ്മഹൽ (ചക്രവർത്തിയുടെ വാസഗേഹം) ദിവാൻ ഇ ഖാസ് (കുളിമുറി) രാജകുടുംബാംഗങ്ങൾക്കായുള്ള മുറികൾ, അറംഗസീബ് പണിഞ്ഞ മോത്തി മസ്ജിദ് (Pearl Mosque), പടിയിറങ്ങി വെള്ളമെടുക്കാവുന്ന വലിയ കിണർ, പൂന്തോട്ടങ്ങൾ, ഡ്രംഹൗസ് (സംഗീതഹാൾ) എന്നിങ്ങനെ എത്രയോ എടുപ്പുകളും ഗോപുരങ്ങളും കോറിഡോറുകളും ആർച്ചുകളും ഈ കോട്ടയ്ക്കകത്തു കാണാം.

ലാഹോർനഗരത്തിലേക്കു നോക്കിനിൽക്കുന്ന ലാഹോർ ഗേറ്റാണ് പ്രധാന കവാടം. ഇവിടത്തെ കോട്ടയുടെ മുകൾഭാഗത്തു നിന്നാണു പ്രധാനമന്ത്രി ദേശീയപതാക ഉയർത്തി സ്വാതന്ത്ര്യദിന സന്ദേശം വായിക്കുന്നത്. പൊതുജനങ്ങൾക്കു പ്രവേശിക്കാനുള്ളതാണ് ഡൽഹി ഗേറ്റ്. ഇതിന്റെ മുന്നിൽ കല്ലു കൊണ്ടു തീർത്ത രണ്ട് വലിയ ആനകളുണ്ട്. നദിക്കരയിൽ നിർമിച്ച ചെറിയ ഗേറ്റാണ് വാട്ടർഗേറ്റ്. അതിനടുത്തുകൂടി ഒഴുകിയിരുന്ന നദിയുടെ ദിശ പിന്നീടു മാറ്റുകയുണ്ടായി.



ദിവാൻ ഇ ആം ഫോട്ടോ: Ronakshah1990

അറംഗസീബിനു ശേഷം മുഗൾസാമ്രാജ്യം ക്ഷയിച്ചു തുടങ്ങി. സാമ്രാജ്യം പോയിട്ടു സ്വന്തം വാസസ്ഥലമായ ചെങ്കോട്ടപോലും സംരക്ഷിക്കാൻ കഴിവില്ലാത്ത ചക്രവർത്തിമാരെ പേർഷ്യൻ ചക്രവർത്തിയും സിക്കു രാജാവും മറാത്തക്കാരും പിന്നീട് ബ്രിട്ടീഷുകാരും ചേർന്ന് നിലംപരിശാക്കി.

ഒന്നാംസ്വാതന്ത്ര്യസമരക്കാലത്ത് (ശിപായിലഹള) ഝാൻസിറാണിയും കൂട്ടരും ചേർന്ന് ബഹദൂർഷാ രണ്ടാമനെ മുഗൾചക്രവർത്തിയായി അവരോധിച്ചു. പക്ഷേ ലഹളയെ അടിച്ചമർത്തിയ ബ്രിട്ടീഷുകാർ ബഹദൂർഷായെ റംഗൂണിലേക്ക് നാടുകടത്തി. ബ്രിട്ടീഷുകാർ ചെങ്കോട്ടയിലെ വിലപിടിപ്പുള്ളതെല്ലാം കവർന്നെടുത്തു. കോട്ടയ്ക്കകത്തെ പല എടുപ്പുകളും അവർ നശിപ്പിച്ചു. അവിടെ പട്ടാള ബാരക്കുകൾ പണിഞ്ഞു.

പിൽക്കാലത്ത് വൈസ്രോയിയായി നിയമിക്കപ്പെട്ട കഴ്സൺ പ്രഭുവാണ് കോട്ട പുനരുദ്ധരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചത്. ഇന്നു കാണുന്ന രീതിയിലുള്ള ചെങ്കോട്ട പുനഃസൃഷ്ടിച്ചത് അദ്ദേഹമാണ്.

സ്വാതന്ത്ര്യത്തിനുശേഷം കുറെക്കാലം കോട്ടയുടെ സംരക്ഷണം പട്ടാളക്കാർക്കായിരുന്നു. പിന്നീട് അതിന്റെ ഭൂരിഭാഗവും ആർക്കിയോളജിക്കൽ സർവേക്കു വിട്ടുകൊടുത്തു. ഇതിനകത്ത് ഇന്നു പല മ്യൂസിയങ്ങളും പ്രവർത്തിച്ചുവരുന്നു.

സുഗതകുമാരി



# യുദ്ധത്തിനുള്ള ഒരുക്കങ്ങൾ

വിവാഹാഘോഷങ്ങൾക്കുശേഷം ശ്രീകൃഷ്ണബലരാമാദികളും പാഞ്ചാലരാജാവും പുത്രനായ ധൃഷ്ടദ്യുമ്നനും വിരാടനും ബന്ധുമിത്രാദികളും രാജസഭയിൽ ഒന്നിച്ചുകൂടി ഭാവികാര്യങ്ങൾ ചർച്ചചെയ്തു. യുധിഷ്ഠിരനു രാജ്യവും ധനവും നഷ്ടപ്പെട്ടവിധവും ശകുനിയുടെ ചതിയും പതിമൂന്നുവർഷത്തെ വനവാസ, അജ്ഞാതവാസ കാലാവധി കഴിഞ്ഞ് പാണ്ഡവർ മടങ്ങിയെത്തുമ്പോൾ അവരുടെ അർധരാജ്യം മടക്കിക്കൊടുത്തുകൊള്ളാമെന്ന കരാറുമെല്ലാം ശ്രീകൃഷ്ണൻ വിവരിച്ചു. അധർമികളായ കൗരവർ വാക്കുപാലിക്കുമെന്ന് യാതൊരു ഉറപ്പുമില്ലെന്നും യുദ്ധം സുനിശ്ചിതമെന്നും എങ്കിലും യോഗ്യനായ ഒരു ദൂതനെ അയച്ച് ദുര്യോധനാദികളുടെ അഭിപ്രായമാരായേണ്ടതാണെന്നുമുള്ള ശ്രീകൃഷ്ണന്റെ വാദത്തെ എല്ലാവരും അംഗീകരിച്ചു. കൗരവരോട് യുദ്ധം പാടില്ലെന്നും അവരെ മിത്രങ്ങളായി കാണണമെന്നും ബലഭദ്രരാമനും, ഉടൻ യുദ്ധംചെയ്ത് അധർമികളായ കൗരവരെ മുടിക്കുകയാണ് വേണ്ടതെന്ന് സാത്യകിയും വാദിച്ചു. ദ്രുപദൻ പറഞ്ഞു.

‘ദുര്യോധനൻ രാജ്യം മടക്കി നൽകുകയില്ല. മകന്റെ ഇഷ്ടം നോക്കിയേ ധൃതരാഷ്ട്രർ പ്രവർത്തിക്കുകയുള്ളൂ. അതിനാൽ യുദ്ധത്തിനൊരുങ്ങുക. എല്ലാ രാജാക്കന്മാരെയും പാണ്ഡവപക്ഷത്തേക്കു ക്ഷണിക്കുക. അതിനുള്ള യത്നങ്ങൾ ഉടൻ ആരംഭിക്കണം. എന്തെന്നാൽ ആദ്യം ക്ഷണിക്കുന്നിടത്തേക്കാകും രാജാക്കന്മാർ ചേരുക. ധൃഷ്ടകേതു, ചേകിതാനൻ, ശല്യർ മുതലായ ശക്തരായ രാജാക്കന്മാരെ ആദ്യംതന്നെ വിളിക്കണം. ഇതോടൊപ്പം ദൂതിനായി രാജപുരോഹിതനെ അയയ്ക്കുകയും ചെയ്യാം.’

ദ്രുപദവാക്യങ്ങൾ ശ്രീകൃഷ്ണനും സ്വീകരിച്ചതോടെ രാജകൊട്ടാരങ്ങളിലേക്ക് ക്ഷണപത്രങ്ങൾ അയച്ചുതുടങ്ങി. ഇതറിഞ്ഞ ദുര്യോധനനും പടകൂട്ടിത്തുടങ്ങി. യുദ്ധോൽസുകരായ രാജാക്കന്മാർ തങ്ങളുടെ പടയോടെ ഇരുഭാഗത്തേക്കും നീങ്ങിത്തുടങ്ങിയപ്പോൾ ഭൂമിയാകെ ഇളകി.

പണ്ഡിതനും നീതിജ്ഞനും വാഗ്മിയുമായ ഒരു മഹാബ്രാഹ്മണനാണ് ശിഷ്യരുമൊത്ത് പാണ്ഡവരുടെ ദൂതുമായി ഹസ്തിനപുരിയിലേക്കുപോയത്.

സുഹൃദ്‌രാജാക്കന്മാരെയെല്ലാം ക്ഷണിച്ചുകൊണ്ട് ദൂതന്മാരെ സന്ദേശങ്ങളുമായി അയച്ചുവെങ്കിലും ശ്രീകൃഷ്ണനെ ഔപചാരികമായി ക്ഷണിക്കുവാൻ അർജുനൻ തന്നെ ദ്വാരകയിലേക്കുപോയി. ചാരന്മാരിൽ നിന്ന് വിവരങ്ങളറിഞ്ഞുകൊണ്ടിരുന്ന ദുര്യോധനനും ആ ദിവസംതന്നെ തിടുക്കത്തിൽ ദ്വാരകയിലെത്തി. ഇരുവരും എത്തിയ വിവരമറിഞ്ഞ ഭഗവാനാകട്ടെ ഗൂഢമന്ദഹാസത്തോടെ പള്ളിയറയെ പ്രാപിച്ച് ഉറക്കമാരംഭിച്ചു.

ദുര്യോധനൻ മുന്നിലും അർജുനൻ പിന്നിലുമായി ഇരുവരും പള്ളിയറയിൽ പ്രവേശിച്ചു. ശ്രീകൃഷ്ണൻ ഗാഢനിദ്രയിലാണ്. ഉണർത്തുന്നത് ശരിയല്ല. കട്ടിലിന്റെ തലയ്ക്കൽ വെച്ചിരുന്ന സിംഹാസനത്തിൽ ദുര്യോധനൻ ഗൗരവത്തോടെ ഞെളിഞ്ഞിരിപ്പായി. പാർഥനാകട്ടെ കൈകൂപ്പിക്കൊണ്ട് ഭഗവാന്റെ തൃപ്പാദഭാഗത്ത് നിശ്ചലം നിലകൊണ്ടു.

കുറച്ചുനേരം അങ്ങനെപോയി. പതുക്കെ ഉറക്കമുണർന്ന് കോട്ടുവായിട്ടു തൃക്കണ്ണുകൾ തിരുമ്മിത്തുറന്ന് ശ്രീകൃഷ്ണൻ, കാൽക്കൽ തൊഴുതുനിൽക്കുന്ന അർജുനനെക്കണ്ടു തെളിഞ്ഞ മന്ദഹാസം പൊഴിച്ചു.

‘അർജുനാ, ഏറെനേരമായോ നീ വന്നിട്ട്?’

എന്ന് കുശലം ചോദിച്ചു. കട്ടിൽതലയ്ക്കൽ തന്നെക്കാൾ മുതിർന്ന ഒരാൾ ഇരിക്കു

ന്നുണ്ടെന്നും ആ ആളിനോടാണ് ആദ്യം മിണ്ടേണ്ടതെന്നും പാർഥൻ കണ്ണുകളാൽ കാട്ടിക്കൊടുത്തപ്പോൾ കൊടുംകൈകുത്തി പകുതി ചരിഞ്ഞ് ഭഗവാൻ തലയ്ക്കലേക്കു നോക്കി. സർവാഡംബരഭൂഷിതനായ ദുര്യോധനൻ സിംഹാസനത്തിൽ ഞെളിഞ്ഞിരിക്കുന്നതു കാണായി. ഭഗവാൻ പുഞ്ചിരിച്ചുകൊണ്ട് പട്ടുമെത്തയിൽ എഴുന്നേറ്റിരുന്നു.

'കഷ്ടമേ, ഞാൻ ഉറങ്ങിപ്പോയി, കുറെ നേരമായോ നിങ്ങൾ രണ്ടുപേരും വന്നിട്ട്? കലഹമൊക്കെ മാറി നിങ്ങൾ ഒന്നിച്ചു വന്നതിൽ സന്തോഷം.'

ഈ വാക്കുകൾ കേട്ട് ദുര്യോധനൻ പറഞ്ഞു.

'കൃഷ്ണാ, യുദ്ധത്തിന് അങ്ങയുടെ സഹായം അഭ്യർഥിക്കാനാണ് ഞാൻ വന്നത്. ആദ്യം വന്നതും ആദ്യം ആവശ്യപ്പെട്ടതും ഞാനാകയാൽ മുറയനുസരിച്ച് അങ്ങ് ഞങ്ങളുടെപക്ഷം ചേരുകതന്നെ വേണം!'

വാസുദേവൻ പുഞ്ചിരിയോടെ പറഞ്ഞു.

'ദുര്യോധനാ, അങ്ങാണ് ആദ്യം വന്നതെന്നതിൽ എനിക്ക് സംശയമേയില്ല. പക്ഷേ ഞാൻ ആദ്യം കണ്ടത് പാർഥനെയാണല്ലോ. അവനോടാണ് ഞാൻ ആദ്യം സംസാരിച്ചതും. അതിനാൽ രണ്ടുപേർക്കും ഞാൻ ഇഷ്ടം ചെയ്യാം. ഈ യുദ്ധത്തിൽ ഞാൻ ആയുധം എടുക്കുകയില്ല എന്ന് നിശ്ചയിച്ചിരിക്കുന്നു. എനിക്ക് ലക്ഷക്കണക്കിനു ശൂരരായ പോരാളികളടങ്ങുന്ന സൈന്യമുണ്ട്. നാരായണ സൈന്യമെന്ന് വിളിപ്പെടുന്നവർ. ഒരു കക്ഷിക്ക് നിരായുധനായ ഞാൻ മാത്രം. മറുകക്ഷിക്ക് സർവായുധവിദഗ്ധരായ നാരായണ സേന– ഏതു വേണമെന്ന് നിങ്ങൾക്കുതന്നെ തിരഞ്ഞെടുക്കാം. കൂട്ടത്തിൽ ഇളയവനാണ് ആദ്യത്തെ അവസരം. അതിനാൽ അർജുനാ, നീ പറയൂ, ഏതുവേണം നിനക്ക്?'

കൂപ്പുകൈയോടെ നിറമിഴിയോടെ അർജുനൻ പറഞ്ഞു. 'കൃഷ്ണ, അവിടുന്ന് മതീ ഞങ്ങൾക്ക്.'

'നാരായണസേന മതി എനിക്ക്' എന്ന് ദുര്യോധനൻ സന്തോഷത്തോടെ പറഞ്ഞ്, എഴുന്നേറ്റ്, യാത്രചൊല്ലി ഹസ്തിനപുരത്തേക്കു പോയി. ശ്രീകൃഷ്ണൻ ചോദിച്ചു. 'സഖേ, പാർഥാ, വിഡ്ഢിത്തമല്ലേ നീ കാട്ടിയത്? യുദ്ധത്തിൽ ആയുധമെടുക്കാത്ത എന്നെക്കൊണ്ട് നിങ്ങൾക്കെന്ത് ഫലം?'

'അതു മതിയാകും ഭഗവാനേ,' അർജുനൻ ആനന്ദാശ്രുക്കളോടെ പറഞ്ഞു. 'അങ്ങ് കൂടെയില്ലെങ്കിൽ മഹാസേനകൊണ്ട് എന്തുഫലം? അങ്ങു കൂടെയുണ്ടെങ്കിലോ അപ്പോഴും മഹാസേന കൊണ്ട് എന്തുഫലം?' ഇതുകേട്ടു ചിരിക്കുന്ന ശ്രീകൃഷ്ണനോട് പാർഥൻ



വര: ജയേന്ദ്രൻ

പറഞ്ഞു. 'എന്റെ അപേക്ഷ സ്വീകരിച്ചാലും കൃഷ്ണ, അവിടുന്ന് ഈ യുദ്ധത്തിൽ എന്റെ തേര് തെളിക്കണം.' 'അങ്ങനെയാകട്ടെ' എന്ന് പ്രസന്നനായി സമ്മതിച്ച ശ്രീകൃഷ്ണന്റെ കരംപിടിച്ചുകൊണ്ട് ചാരിതാർഥ്യത്തോടെ അർജുനൻ ജ്യേഷ്ഠന്റെയരികിലേക്കു പോയി.

നകുല സഹദേവന്മാരുടെ മാതാവായ മാദ്രീദേവിയുടെ സഹോദരനായ ശല്യരെന്ന മഹാവീരനായ രാജാവ് പാണ്ഡവപക്ഷം ചേരുവാൻ തന്റെ അക്ഷൗഹിണി സൈന്യവുമൊത്ത് തിരിക്കുകയായി. ആ വിവരമറിഞ്ഞ ദുര്യോധനൻ തിടുക്കത്തിൽ ഒരു കൗശലം പ്രയോഗിച്ചു. ശല്യരുടെയും സേനയുടെയും യാത്രയ്ക്കിടയിൽ അങ്ങിങ്ങായി ആഡംബരപൂർണമായ ഇടത്താവളങ്ങളൊരുക്കി സേവകന്മാർ കാത്തുനിന്നു. ശല്യരുടെ വരവ് കാണുമ്പോൾത്തന്നെ അവർ ഓടിയെത്തി സ്വീകരിച്ചുകൊണ്ടുവന്ന് വിചിത്രഭോജ്യപാനീയങ്ങളും ശയനീയങ്ങളും നൽകി സൽക്കരിച്ച് ക്ഷീണമകറ്റും. ഇതെല്ലാം യുധിഷ്ഠിരന്റെ സൽക്കാരമെന്നു കരുതി ശല്യർ സന്തോഷത്തോടെ സ്വീകരിക്കും. ഇങ്ങനെയൊരു വിശ്രമവേളയിൽ സന്തോഷത്തോടെ ശല്യർ സേവകരോട് പറഞ്ഞു. 'ഞാൻ നിങ്ങളുടെ സൽക്കാരത്തിൽ സന്തുഷ്ടനായിരിക്കുന്നു. വേണ്ടതെന്തെന്നു ചോദിച്ചുകൊള്ളു

**വിശ്രമവേളയിൽ സന്തോഷത്തോടെ ശല്യർ സേവകരോട് പറഞ്ഞു. 'ഞാൻ നിങ്ങളുടെ സൽക്കാരത്തിൽ സന്തുഷ്ടനായിരിക്കുന്നു. വേണ്ടതെന്തെന്നു ചോദിച്ചു കൊള്ളുവിൻ. തീർച്ചയായും ഞാൻ നൽകുന്നതാണ്.' അപ്പോൾ മറവിൽ നിന്ന ദുര്യോധനൻ ശല്യരുടെ അരികിൽച്ചെന്നു വന്ദിച്ച് "അങ്ങയുടെ വാക്കുപാലിച്ചാലും. എന്റെ സേനയെ നയിച്ചാലും.' എന്നഭ്യർഥിച്ചു. താൻ കബളിപ്പിക്കപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കിയ ശല്യർ അന്തസ്താപത്തോടെ ധർമപുത്രരെ ചെന്നു കണ്ടു വിവരം പറയുകയും ആശ്വസിപ്പിക്കുകയും തന്റെ ഭാഗിനേയരായ നകുല സഹദേവന്മാരെ തഴുകി അനുഗ്രഹിക്കുകയും ചെയ്തിട്ട് കൗരവപക്ഷത്തേക്കു പോയി.**

വിൻ. തീർച്ചയായും ഞാൻ നൽകുന്നതാണ്.' അപ്പോൾ മറവിൽ നിന്ന ദുര്യോധനൻ ശല്യരുടെ അരികിൽച്ചെന്നു വന്ദിച്ച് 'അങ്ങയുടെ വാക്കുപാലിച്ചാലും. എന്റെ സേനയെ നയിച്ചാലും.' എന്നഭ്യർഥിച്ചു. താൻ കബളിപ്പിക്കപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കിയ ശല്യർ അന്തസ്താപത്തോടെ ധർമപുത്രരെ ചെന്നുകണ്ടു വിവരം പറയുകയും ആശ്വസിപ്പിക്കുകയും തന്റെ ഭാഗിനേയരായ നകുല സഹദേവന്മാരെ തഴുകി അനുഗ്രഹിക്കുകയും ചെയ്തിട്ട് കൗരവപക്ഷത്തേക്കു പോയി.

(തുടരും)

## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറു ലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ സമ്മാനം നൽകുന്നതാണ്. അതോടൊപ്പം തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അയച്ചുതരിക. കത്തയയ്ക്കുമ്പോൾ വാഴ്ത്തലുകൾ മാത്രമാകരുത്. സത്യസന്ധവും വ്യത്യസ്തങ്ങളുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

**എഡിറ്റർ**
**തളിര്**
**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പാളയം,**
**സംസ്കൃത കോളേജ് കാമ്പസ്,**
**തിരുവനന്തപുരം 34**

ഉണ്ടാക്കാം

# കടലാസുപങ്ക കൊണ്ട് ഒരു പരീക്ഷണം!

അരവിന്ദ് ഗുപ്ത

ഡിസൈൻ : K V Potdar


കടലാസുപങ്ക കൊണ്ട് ഒരു ശാസ്ത്രപരീക്ഷണം ചെയ്യാം.



**ആവശ്യമുള്ള സാധനങ്ങൾ**

- റബറിന്റെയോ മറ്റോ ഒരു ബേസ്
- പ്ലാസ്റ്റിക് സ്ട്രോ
- കട്ടിക്കടലാസുകൊണ്ടു നിർമിച്ച കടലാസുപങ്ക
- ചെറിയ കഷണം പേപ്പർ
- നട്ട്
- ടൂത്ത്പിക്ക്

എന്തായിരിക്കും ഇതിനു കാരണം? വായുമർദ്ദവുമായി ഇതിനെന്തെങ്കിലും ബന്ധമുണ്ടോ? ഇത്തരം ഒരു സംവിധാനം ഉണ്ടാക്കി പരീക്ഷണം നടത്തി ഉത്തരം കണ്ടെത്തൂ. അധ്യാപകരുടെ സഹായവും തേടാം കേട്ടോ. നിങ്ങളുടെ നിഗമനങ്ങൾ തളിരിലേക്ക് അയയ്ക്കുകയും ആവാം.




1 സമചതുരാകൃതിയിലുള്ള കട്ടിക്കടലാസിൽ ചിത്രത്തിൽ കാണുന്നതുപോലെ ഇതളുകൾ വരയ്ക്കുക.



2 പങ്ക മുറിച്ചെടുക്കുക.




3 വരയിട്ട ഭാഗം എല്ലാം ഒരു വശത്തേക്കു മടക്കൂ.



4 നടുക്കായി ടൂത്ത്പിക്ക് ഉറപ്പിക്കാം.



5 സ്ട്രോയും നട്ടും റബർകഷണത്തിൽ നടുവിലായി ഉറപ്പിക്കുക.



6 പേപ്പർ കഷണവും ടൂത്ത്പിക്ക് കുത്തിയ കടലാസുപങ്കയും ചിത്രത്തിലേതുപോലെ ഉറപ്പിക്കണം.



6 ഇനി മുകളിൽനിന്നും ഊതിനോക്കൂ! പങ്ക കറങ്ങുന്നതിനൊപ്പം താഴെയുള്ള കടലാസു കഷണം പതിയെ മുകളിലേക്ക് ഉയരുന്നതു കാണാം.

# ഇളംതളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## എന്നാലും ആ സന്ധ്യ

**വിചിത്ര എസ്,**
**ക്ലാസ്: 8 ഇ,**
**ജി എ പി എച്ച് എസ് എസ് എലപ്പുള്ളി**



ദേഷ്യം കൊണ്ട് മുഖമാകെ ചുവന്ന ആകാശത്തെ നോക്കി അയാൾ ഉമ്മറത്തെ ചാരുകസേരയിലിരുന്നു. ഈ സായാഹനത്തിന് വർഷങ്ങൾക്കു മുമ്പുള്ള അതേ സന്ധ്യയുടെ മണം.

ശ്ശേ... ആ സന്ധ്യയോ? അയാൾ ആരോടെന്നില്ലാതെ പറഞ്ഞു. വർഷങ്ങൾക്കുമുമ്പ് മാന്യനായി മുണ്ടും ഷർട്ടും കണ്ണടയുമായി റോഡരികിലൂടെ സായാഹ്നസൂര്യന്റെ സൗന്ദര്യം ആസ്വദിക്കുകയായിരുന്നു. പെട്ടെന്നതാ റോഡരികിൽ കിടക്കുന്നു മുഷിഞ്ഞ ഇരുപതുരൂപ നോട്ട്. ഇരുവശവും നോക്കി ആരുമില്ലെന്നുറപ്പുവരുത്തി അയാൾ പതിയെ പതിയെ നോട്ടിനരികിലെത്തി. മെല്ലെ കുനിഞ്ഞു. അതാ കിടക്കുന്നു കൈകളിൽ ഇരുപതുരൂപാ നോട്ട്. ഒരു നിമിഷം കണ്ണുകൾ ആ നോട്ടുകളെ ഉറ്റുനോക്കി. അപ്പോഴതാ എല്ലാം കണ്ടുകൊണ്ട് ദൂരെനിന്നും അയൽക്കാരി ഗീതേച്ചി. ഒന്നും മിണ്ടിയില്ല. എങ്കിലും ആ മുഖത്ത് കളിയാക്കലിന്റെ ചിരി കാണും.

ഞാൻ ഒരു നിമിഷം നിശ്ചലനായി അവിടത്തന്നെ അങ്ങനെ നിന്നു. കൈകളിൽ മുഷിഞ്ഞ നോട്ടും.

ഗീതേച്ചി പോയതും ആ നോട്ടിനെയങ്ങ് വലിച്ചെറിയാനാ തോന്നിയത്. പക്ഷേ ചെയ്തില്ല. മനസ്സതിനനുവദിച്ചില്ല. എങ്കിലും ഗീതേച്ചിയുടെ ചിരി മനസ്സിൽ നിന്നും മായുന്നില്ല.

ശേ... എന്നാലും ആ സന്ധ്യ...

അയാൾ ചാരുകസേരയിൽ നിന്നെഴുന്നേറ്റു. അല്ല, ഇപ്പോഴിതോർക്കാൻ കാരണം എന്താ...? അപ്പോഴാണ് മകന്റെ പോക്കറ്റിൽ നിന്നും ആരോ അടിച്ചുമാറ്റിയ അൻപതുരൂപ നോട്ടിന്റെ കാര്യം ഓർമ വന്നത്.



വര: ഗോപു പട്ടിത്തറ



# തൂമഴ

**അനന്ദു എസ് എം, ക്ലാസ്: 9 എ,**
**ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ,**
**പുത്തൂർ - 691553**

പകലു മങ്ങീ മഴക്കാറുവന്നു
വെയിലു മങ്ങീ മഴക്കാറുവന്നു
ആകെയിരുണ്ടു കറുത്തിടുന്നൂ
മാരിയിരമ്പിയിതാ വരുന്നൂ.

മഴയത്തിറങ്ങുവാൻ ഞാൻ കൊതിച്ചു
മഴയെന്നെയേറെ കൊതിപ്പിക്കുന്നൂ
അച്ഛനുമമ്മയും കാണാതെ ഞാൻ
മുറ്റത്തിറങ്ങി മഴനനഞ്ഞു.

മഴയത്തു തുള്ളിക്കളിച്ചുനിൽക്കെ
ഒരു മിന്നൽ വീശി, ഭയന്നുപോയ് ഞാൻ
പെട്ടെന്നകത്തേക്കു കേറിയെന്നാൽ
മുറ്റത്തിറങ്ങുവാനെന്തു മോഹം.

ആ മഴയത്തേക്കിറങ്ങുവാനായ്
ഞാനൊന്നു വീണ്ടും ശ്രമിച്ചുവെന്നാൽ
ആ മഴയെങ്ങോട്ടോ പോയ്മറഞ്ഞു
താഴെ നീർത്തുള്ളികൾ മാത്രമായീ!

# ഭാവിയിൽ ഞാനും ഒരമ്മയാവില്ലേ...



**ആതിര മുരളി, ക്ലാസ് +2,**
**ജി എച്ച് എസ് എസ്, കാരാകുറിശ്ശി, പാലക്കാട്.**

ഇന്നും ഞാനുണരുംമുമ്പ് അമ്മ ഉണർന്നിരുന്നു. അതിൽ വലിയ അതിശയോക്തിയൊന്നുമില്ല. പക്ഷേ അമ്മയ്ക്ക് ഇന്നു സാധാരണയെക്കാൾ ജോലി ഉണ്ടായിരുന്നു. സബ്ജില്ലാ കലോത്സവത്തിന് എസ്കോർട്ടിനു പോകണം. അനിയത്തിമാരെയും റെഡിയാക്കി കൊണ്ടുപോകണം. ഞാൻ പല്ലുതേച്ചു വന്നപ്പോഴേക്കും ചോറ്റുപാത്രവും വെള്ളക്കുപ്പിയും റെഡി. യൂണിഫോമും ഇസ്തിരിയിട്ടുവച്ചിരിക്കുന്നു. ആഹാ! മനസ്സിൽ ലഡുപൊട്ടി. യാന്ത്രികമായി എന്റെ കാര്യങ്ങൾ നിർവഹിച്ച് ഞാൻ സ്കൂളിൽപ്പോയി. മടക്കവും യാന്ത്രികം. അമ്മയും അനിയത്തിമാരും വരാൻ വൈകി. അവർ വന്നുകയറിയ നിമിഷം വീട്ടിൽ ചില അതിഥികൾ! അവരെ സത്കരിച്ച് ഞങ്ങൾക്കു ചോറും ഉപ്പേരിയും ഉണ്ടാക്കിത്തന്ന് അമ്മ കിടന്ന സമയം പതിനൊന്നര.

സങ്കടമിതൊന്നുമല്ല. ഭാവിയിൽ ഞാനും ഒരമ്മയാവില്ലേ എന്നതാണ്!



## ശ്രേഷ്ഠഭാഷാസന്ദേശം കുട്ടികളിലെത്തിച്ച്

# അക്ഷരയാത്ര 2016

കേരളപ്പിറവിയുടെ അറുപതാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് ശ്രേഷ്ഠഭാഷയായ മലയാളത്തിന്റെ പ്രാധാന്യം കുട്ടികളെത്തിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുത്ത സ്കൂളുകളിൽ അക്ഷരയാത്ര നടത്തി. മലയാളഭാഷയ്ക്ക് സംഭാവനകൾ നൽകിയ മുതിർന്ന അധ്യാപകരെയും പ്രമുഖ വ്യക്തികളെയും ആദരിക്കുന്ന ഗുരുപൂജ, കുട്ടികൾക്കുള്ള സാഹിത്യമത്സരങ്ങൾ, പുസ്തകപ്രദർശനം തുടങ്ങിയവ അക്ഷരയാത്രയുടെ ഭാഗമായി ഉണ്ടായിരുന്നു. ആതിഥേയസ്കൂളിലെയും സമീപസ്കൂളുകളിലെയും കുട്ടികൾക്ക് പകുതി വിലയ്ക്കു പുസ്തകങ്ങൾ നൽകുന്ന പദ്ധതിയും ഇതിന്റെ ഭാഗമായിരുന്നു.

ഗവ. മോഡൽ എച്ച് എസ് എസ് തൈക്കാട്, കേന്ദ്രീയ വിദ്യാലയ പട്ടം, ന്യൂ എച്ച് എസ് എസ് നെല്ലിമൂട്, ആര്യ സെൻട്രൽ സ്കൂൾ പട്ടം, ഭാരതീയവിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂൾ കൊടുങ്ങാനൂർ, ക്രൈസ്റ്റ്നഗർ ഇംഗ്ലീഷ് ഹയർസെക്കൻഡറി സ്കൂൾ വെള്ളയമ്പലം, ജവഹർ പബ്ലിക് സ്കൂൾ ഇടവ, വിശ്വഭാരതി



സെയിന്റ് ശാന്താൽ സ്കൂളിലെ ഉദ്ഘാടനം സാംസ്കാരികവകുപ്പു മന്ത്രി ശ്രീ എ കെ ബാലൻ നിർവഹിക്കുന്നു.



ക്രൈസ്റ്റ്നഗർ സ്കൂളിലെ അക്ഷരയാത്രയുടെ ഉദ്ഘാടനം ബഹു. വിദ്യാഭ്യാസവകുപ്പു മന്ത്രി ശ്രീ സി രവീന്ദ്രനാഥ് നിർവഹിക്കുന്നു.



ഗവ. മോഡൽ എച്ച് എസ് എസിലെ ഉദ്ഘാടനം എഴുത്തുകാരി ശ്രീമതി റോസ്മേരി നിർവഹിക്കുന്നു.



ഭാരതീയവിദ്യാഭവൻ സ്കൂളിലെ ഉദ്ഘാടനം ശ്രീ പെരുമ്പടവം ശ്രീധരൻ നിർവഹിക്കുന്നു.

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typeset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.



പട്ടം കേന്ദ്രീയവിദ്യാലയത്തിലെ ഉദ്ഘാടനം ഭരണ പരിഷ്കാരക്കമ്മീഷൻ അംഗം ശ്രീ സി പി നായർ ഐ എ എസ് നിർവഹിക്കുന്നു.



ജ്യോതിനിലയം സ്കൂളിലെ ഉദ്ഘാടനം ശ്രീ ജോർജ് ഓണക്കൂർ നിർവഹിക്കുന്നു.



ആര്യ സെൻട്രൽ സ്കൂളിലെ ഉദ്ഘാടനം ഡോ. ഡി ബാബുപോൾ ഐ എ എസ് നിർവഹിക്കുന്നു.



ജവഹർ പബ്ലിക് സ്കൂളിലെ ഉദ്ഘാടനം ശ്രീ വിനോദ് വൈശാഖി നിർവഹിക്കുന്നു.

പബ്ലിക് സ്കൂൾ നെയ്യാറ്റിൻകര, ജ്യോതിനിലയം എച്ച് എസ് എസ് കഴക്കൂട്ടം, സെയിന്റ് ശാന്താൾ ഇംഗ്ലീഷ് മീഡിയം സ്കൂൾ മലമുകൾ എന്നിവിടങ്ങളിലാണ് അക്ഷരയാത്ര നടന്നത്.

സെയിന്റ് ശാന്താൾ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ അക്ഷരയാത്രയുടെ ഉദ്ഘാടനം 2016 ഡിസംബർ 1ന് ബഹു. പട്ടികജാതി പട്ടികവർഗ പിന്നാക്കക്ഷേമ, നിയമ, പാർലമെന്ററികാര്യ, സാംസ്കാരികവകുപ്പു മന്ത്രിയും കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാനുമായ ശ്രീ എ കെ ബാലൻ നിർവഹിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു. സ്കൂൾ പ്രിൻസിപ്പാൾ സിസ്റ്റർ ഫിലി കുര്യൻ, പ്ലാനിങ് ബോർഡ് കലാസാംസ്കാരികകർമസമിതിയംഗം പ്രൊഫ. വി എൻ മുരളി, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എൻ ഹരി, പിടിഎ പ്രസിഡന്റ് അസ്കർ, ലക്ഷ്മി എം വി തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

ക്രൈസ്റ്റ് നഗർ ഹയർ സെക്കൻഡറി സ്കൂളിലെ അക്ഷരയാത്രയുടെ ഉദ്ഘാടനം നവംബർ 16ന് ബഹു. വിദ്യാഭ്യാസവകുപ്പു മന്ത്രി ശ്രീ സി രവീന്ദ്രനാഥ് നിർവഹിച്ചു.

കെ ആൻസലൻ എം എൽ എ, പ്രശസ്ത എഴുത്തുകാരായ പെരുമ്പടവം ശ്രീധരൻ, റോസ്മേരി, വിനോദ് വൈശാഖി, ജോർജ് ഓണക്കൂർ, ഭരണപരിഷ്കാരകമ്മീഷനംഗം സി പി നായർ ഐ എ എസ്, ബാബുപോൾ ഐ എ എസ് തുടങ്ങിയവർ മറ്റു സ്കൂളുകളിലെ അക്ഷരയാത്രകളുടെ ഉദ്ഘാടനം നിർവഹിച്ചു.

സാക്ഷരതാമിഷൻ ഡയറക്ടർ ഡോ. പി എസ് ശ്രീകല, മലയാളം മിഷൻ ഡയറക്ടർ സുജിനി എസ്, പ്രേമചന്ദ്രക്കുറുപ്പ് ഐ എ എസ് തുടങ്ങിയവരും വിവിധ സ്കൂളുകളിലെ ചടങ്ങുകളിൽ പങ്കെടുത്തു.

ഇരുപതു ലക്ഷത്തിലധികം രൂപയുടെ ബാലസാഹിത്യപുസ്തകങ്ങളാണ് അക്ഷരയാത്രയിലൂടെ കുട്ടികളിൽ എത്തിക്കാൻ കഴിഞ്ഞത്. നഴ്സറി മുതൽ ഹയർസെക്കൻഡറി വരെയുള്ള ക്ലാസുകളിലെ വിവിധപ്രായക്കാരായ കുട്ടികൾക്ക് അനുയോജ്യമായ മുന്നൂറോളം പുസ്തകങ്ങളാണ് അക്ഷരയാത്രയിൽ ഉണ്ടായിരുന്നത്. വരും മാസങ്ങളിൽ കേരളത്തിലെ മറ്റു ജില്ലകളിലെ സ്കൂളുകളിലേക്കും അക്ഷരയാത്ര എത്തിച്ചേരും.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017
RNI No. 20076/70 January 2017
Regd KL/TV (N)/399/2015-2017 Published on 29-12-2016 Vol:23, Issue:01, ₹15




# തളിര് വായനാമത്സരം

## 2017 ജനുവരിയിൽ

- ഓരോ സ്കൂളിലും പത്തു വരിക്കാരിൽ ഒരാൾക്കു വീതം സമ്മാനം.
- വിജയികൾക്ക് 300രൂപയുടെ പുസ്തകക്കൂപ്പൺ.
- കേരളത്തിലെ പ്രമുഖപുസ്തകശാലകളിൽ നിന്നും ഈ കൂപ്പൺ ഉപയോഗിച്ച് 300രൂപയുടെ ഇഷ്ടപുസ്തകങ്ങൾ സ്വന്തമാക്കാം.
- 2016 ജനുവരി മുതൽ ഡിസംബർ വരെയുള്ള ലക്കങ്ങളെ ആസ്പദമാക്കിയായിരിക്കും ചോദ്യങ്ങൾ.
- 2016 ഡിസംബർ 31വരെ വരിക്കാരായവർക്ക് മത്സരത്തിൽ പങ്കെടുക്കാം.